487

MALAYALAM READERS

Authorised by the Government of Travancore
and prescribed for use in schools
by the Director of Public Instruction, Travancore

SECOND READER

MACMILLAN & CO., LTD.
MADRAS

വില: ൩ ചക്രം.

15-2-05
487

MALAYALAM
SECOND READER

മലയാള
രണ്ടാം പാഠപുസ്തകം

SPECIALLY COMPILED FOR ELEMENTARY SCHOOLS IN TRAVANCORE
AND APPROVED FOR USE IN CLASS II.
BY THE DIRECTOR OF PUBLIC INSTRUCTION TRAVANCORE.

INSPECTOR OF SCHOOLS
DIST XVII
KOTTAYAM

MACMILLAN & CO., LIMITED:
MADRAS, BOMBAY, CALCUTTA, AND LONDON
1926

All Rights reserved.

Price: 6 Chuckrams. / 3 As. 4 Pies.

വില: ൬ ചക്രം.

PRINTED AT THE
KANARESE MISSION PRESS AND BOOK DEPOT, MANGALORE

അനുക്രമണിക.

പാഠം.		പുറം.
1.	പശു The Cow	5
2.	പട്ടി The Dog	6
3.	വാഴ The Plantain Tree	7
4.	ഒരു ചെടിയുടെ ഭാഗങ്ങൾ The Parts of a Plant	9
5.	പൂച്ച The Cat	10
6.	കുറുനരിയും പൂച്ചയും The Fox and the Cat	12
7.	തെങ്ങ് The Cocoanut Tree	13
8.	താറാവും പൊന്മുട്ടയും The Duck that lay the Golden Eggs	15
9.	പദ്യം (Poetry)	17
10.	കുതിര The Horse	17
11.	അറബിയും അവന്റെ കുതിരയും The Arab and his Horse	19
12.	കോഴി The Hen	20
13.	മുൻകരുതൽ (Poetry)	21
14.	കാക്ക The Crow	22
15.	കച്ചവടക്കാരനും അവന്റെ പട്ടിയും The Merchant and his Dog	24
16.	ആട് The Sheep and Goat	25
17.	ധനവും ധനികനും (Poetry)	27
18.	ദുർവാക്കിന്റെ കാഠിന്യം (Poetry)	27
19.	ആമയും മുയലും The Hare and the Tortoise	28
20.	കാപ്പിച്ചെടി The Coffee Plant	29
21.	തേനീച്ചകൾ Bees	31
22.	കിട്ടുന്നതിൽ പാതി Half the Profit	34
23.	തേയിലച്ചെടി The Tea Plant	36
24.	വിറകുവെട്ടുകാരന്റെ കഥ The Story of the honest Woodcutter	39
25.	സൂര്യൻ The Sun	40
26.	വയൽ The Rice-field	42
27.	മടിയനായ ബാലൻ The Story of an Idle Boy	45
28.	കളിമൺ A Piece of Clay	47
29.	ഒരു തുള്ളി മഷി A Drop of Ink	49

പാഠം.		പുറം.
30.	സജ്ജനങ്ങളും ദുർജ്ജനങ്ങളും (Poetry)	50
31.	ഒരു കുന്ന് A Hill	51
32.	വൃത്തിയായ പുസ്തകം The Clear Book	53
33.	നാളെയാകട്ടെ (Poetry)	55
34.	മേഘവും മഴയും Cloud and Rain, Part I.	55
35.	Do. Do. Part II.	57
36.	ഒരു നദി A River	58
37.	ഉപ്പ് Salt	61
38.	കദളീവനം (Poetry)	63
39.	മരക്കഷണം സംസാരിച്ചത് The Chip that spoke	64
40.	ക്ലാസ്സ്മുറിയുടെ പടം The Plan of a Schoolroom	65
41.	ഒരു പകുതിയും അതിലെ ഉദ്യോഗസ്ഥന്മാരും The Village Officials	68
42.	നാല് ദിക്കുകൾ The Points of the Compass	71
43.	പാഠശാലപ്പറമ്പിന്റെ പ്ലാൻ The Plan of the School Site	74
44.	രാവും പകലും Day and Night, Part I.	76
45.	Do. Do. Part II.	78
46.	പദ്യം (Poetry)	81
47.	ശുചിത How to keep the Skin clean	82
48.	പദ്യം (Poetry)	85
49.	മനുഷ്യശരീരത്തിന്റെ ഭാഗങ്ങൾ The Parts of the Human Body	85
50.	ഗൃഹം House	90
51.	ഒരു യാത്ര An Excursion	93

രണ്ടാംപാഠപുസ്തകം.

പാഠം ൧.

പശു.



ഈ പാഠത്തിന്റെ ആദ്യം കാണുന്ന ചിത്രം ഒരു പശു-വിന്റേതാകുന്നു. പശു നമുക്ക് പാൽ തരുന്നു. നാം പാൽ കുടിക്കുന്നു. പാൽ വെളുത്തിരിക്കും. പാലിന് മധുരമുണ്ട്. പാൽ കുടിച്ചാൽ ദേഹത്തിന് ബലമുണ്ടാകും.

പശുവിന്റെ അടുക്കൽ ഇരിക്കുന്ന ആളെ നോക്കുക. അതാരാണ്? അത് പാൽ കറക്കുന്നവനാണ്. അവന്റെ കൈയിൽ ഒരു ചെറിയ പാത്രം ഉണ്ട്. അതിൽ അവൻ പാൽ കറക്കുന്നു; അത് നിറഞ്ഞാൽ സമീപത്തിരിക്കുന്ന വലിയ പാത്രത്തിൽ ഒഴിക്കും.

പശുവിന്ന് എത്ര കാൽ ഉണ്ടു? അതിന്ന് നാലുകാലുണ്ടു. അതിന്ന് തലയിൽ രണ്ടു കൊമ്പും ഉണ്ടു. പുറകിൽ വാലും ഉണ്ടു. വാൽകൊണ്ടു പശു എന്തു ചെയ്യുന്നു? കണ്ടിട്ടുള്ളവർ പറയുവിൻ.

പശു പുല്ലും വയ്ക്കോലും തിന്നും. അഴിച്ചുവിട്ടാൽ അതു ചിലപ്പോൾ പറമ്പിൽ കടന്ന് വാഴ ഓല മുതലായവയും തിന്നും.

നാം പശുവിനെ നന്നായി രക്ഷിക്കണം. അതിന്ന് തിന്നുന്നതിന്ന് നല്ല ആഹാരവും കുടിക്കുന്നതിന്ന് നല്ല വെള്ളവും കൊടുക്കണം. അതിനെ കൂടക്കൂടെ കുളിപ്പിക്കണം. അതിനെ അടിക്കരുതു. അതിനെ ഇണക്കി വളൎത്തണം.

പാഠം ൨.

പട്ടി.



ഇതാ ഒരു പട്ടി. അതു എന്റെ പിന്നാലെ വരുന്നു. അതിന്ന് എന്നോടു വളരെ സ്നേഹം ഉണ്ടു. അതു എന്റെ വീടു കാക്കുന്നു.

നായുടെ മൂക്ക് നീണ്ടിരിക്കുന്നു. അതു നല്ലവണ്ണം മണം അറിയുന്നു. അതിന്ന് നീണ്ട കാലുകളും കൂൎത്ത നഖങ്ങളും ഉണ്ടു. അതിന്ന് വളരെ വേഗത്തിൽ ഓടാം.

നായ് കുരയ്ക്കുന്നു. അതിനെ അടിക്കുകയോ എറിയുകയോ ചെയ്താൽ അതു് കടിക്കും. രാത്രി മുഴുവനും അതു് വീടു് കാക്കും. ആരും വീട്ടിന്നു് സമീപം വരുവാൻ അതു് സമ്മതിക്കയില്ല. വല്ലവരും വരുന്നതു് കണ്ടാൽ ഉറക്കെ കുരച്ചു വീട്ടുകാരെ അറിയിക്കും. ചിലപ്പോൾ കടന്നുവരുന്നവരെ കടിക്കുകയും ചെയ്യും.

നായ് പശുവിനേപ്പോലെ പുല്ലും കുതിരയേപ്പോലെ മുതിരയും അല്ല തിന്നുന്നതു്. അതു് മാംസവും ചോറും തിന്നും. തീററി കൊടുക്കുന്നവരെ അതു് നന്നായി സ്നേഹിക്കുന്നു.

പാഠം ൩.

വാഴ.

നിങ്ങൾ എല്ലാവരും പഴം തിന്നിട്ടുണ്ടല്ലോ. അതു് വാഴയിൽ ഉണ്ടാകുന്നതാണു്. വാഴ നമ്മുടെ നാട്ടിൽ ധാരാളം ഉണ്ടു്. മററുനാട്ടുകളിലും ഉണ്ടാകും.

വാഴയ്ക്കു് കണ്ടാൽ നല്ല ഭംഗി ഉണ്ടു്. അതിന്നു് കൊമ്പുകൾ (കവരങ്ങൾ) ഇല്ല. സാധാരണമായി അതിന്നു് പത്തു് പന്ത്രണ്ടടി പൊക്കം കാണും. ഏകദേശം ഏഴടി നീളവും രണ്ടടിയോളം വീതിയും ഉള്ള ഇലകൾ വാഴയുടെ തലയിൽ നിന്നു നാലുപാടും ചാഞ്ഞു കിടക്കും. വാഴ ഒരു കൊല്ലം കൊണ്ടു് കുലയ്ക്കും. കൂമ്പിന്റെ നിറം ചുകന്നാണു്. അതോടുകൂടി ചാരത്തിന്റെ നിറവും ഉണ്ടു്. ചില ഇനം വാഴയുടെ കുലയിൽ ഇരുനൂറിലധികം കായ് കാണും.

വാഴയുടെ മാണത്തിൽ (ചുവടു-മുരടു) നിന്നു കന്നുകൾ പൊടിക്കുന്നു. കുല മൂത്താൽ കന്നുകൾ പിരിച്ചു നടാം. കുലച്ചാൽ നാലുമാസംകൊണ്ടു് കായ് മൂക്കും.

തൊട്ടുനോക്കിയാൽ വാഴയ്ക്കു് തണുപ്പുണ്ടു്. വാഴപ്പോള കൂട്ടിത്തൈച്ച വാഴയിലപോലെ തന്നെ ഉണ്ണുന്നതിന്നു് ഉപയോഗിക്കുന്നു. പോള ഉണക്കി കീറിയാൽ നാരു് എടുക്കാം. വാഴനാരുകൊണ്ടു് പല ഉപയോഗവും നിങ്ങൾ കണ്ടിരിക്കും. പെൺകുട്ടികൾ നാരു് ചെറുതായി കീറി പൂതൊടുത്തുകെട്ടി മാലയുണ്ടാക്കുന്നു.

ഈയിട വാഴനാരു് പട്ടുനൂൽ ചേർത്തു് മുണ്ടു് നെയ്യാനും ഉപയോഗിക്കാറുണ്ടു്. ഉണങ്ങിയ വാഴയിലയിൽ പീടികക്കാർ (കടക്കാർ) സാമാനങ്ങൾ കെട്ടിക്കൊടുക്കും. ഈ നാട്ടിൽ വാഴക്കാ കറിസാമാനങ്ങളിൽ പ്രധാനമാണു്.

വാഴയിൽ പലതരം ഉണ്ടു്. ഏത്തൻ (നേന്ത്രൻ), കദളി, പൂവൻ, കണ്ണൻ, ചിങ്ങൻ, മൊന്തൻ, പേയൻ, പടററി എന്നിവ പ്രധാനം.

പാഠം ൩.

ഒരു ചെടിയുടെ ഭാഗങ്ങൾ.

ചെടികളും മരങ്ങളും വളൎന്നുവരുന്നത് നാമെല്ലാവരും കണ്ടിട്ടുണ്ടല്ലോ. എന്നാൽ അവയുടെ ഭാഗങ്ങൾ എന്തെല്ലാമെന്ന് സൂക്ഷിച്ചുനോക്കീട്ടുള്ളവർ എത്രയുണ്ട്?

കുറെ മൺ കൊണ്ടുവന്ന് നനച്ച് വെയിൽ തട്ടുന്ന ദിക്കിൽ ഇടുക. അതിൽ ഒരു അമരവിത്ത് നട്ടാൽ അത് നാലഞ്ചു ദിവസം കഴിയുമ്പോൾ മുളയ്ക്കും. വിത്തിൻെറ മദ്ധ്യത്തിലുള്ള ഒരു ചെറിയ ദ്വാരത്തിൽ കൂടി രണ്ട് ഘനം കുറഞ്ഞ നേൎത്ത നൂൽപോലെയുള്ള വസ്തു വെളിയിലേക്ക് പുറപ്പെടുന്നത് കാണാം. ഒന്ന് നിലത്തേയ്ക്കു കുഴിഞ്ഞിറങ്ങുകയും ചെടിയുടെ വേരായിത്തീരുകയും ചെയ്യും. മററത് മേല്പോട്ടു പോയി ചെടിയുടെ തണ്ടായിത്തീരും.



എല്ലാ ചെടിക്കും വേരും തണ്ടും ഉണ്ട്. ചില ചെടിക്ക് വേര് നാരുപോലെ ഇരിക്കും. മററു ചിലതിന് തണ്ട് ഘനം കുറഞ്ഞതും ഉറപ്പില്ലാത്തതും ആയിരിക്കും.

മരങ്ങൾക്ക് വേരിന് വണ്ണവും ഘനവും ഉറപ്പും ഉണ്ടായിരിക്കും. അതുപോലെ തന്നെ തണ്ടിനും.

വേരിൽനിന്ന് ഇലകൾ പുറപ്പെടുന്നില്ല. തണ്ടിൽനിന്ന് ശാഖകളും അവയിൽനിന്ന് ഉപശാഖകളും ഉണ്ടാകുന്നു. ഇവ രണ്ടിലും ഇലകൾ തളിക്കുന്നു. ശാഖാഗ്രങ്ങളിൽ പുഷ്പങ്ങളും ഫലങ്ങളും ഉണ്ടാകുന്നു. ഇലകൾ പച്ച നിറമായിരിക്കുന്നു.

പാഠം ൫.

പൂച്ച.

വാദ്ധ്യാർ—ഇന്നു കൊച്ചുരാമൻ എന്താണ് വരാത്തത്?

ഒരു കുട്ടി—ഇന്നലെ അവനെ ഒരു പൂച്ച മാന്തി, അതുകൊണ്ടാണ്.

വാദ്ധ്യാർ—അവൻ എന്നാൽ പൂച്ചയെ ഉപദ്രവിച്ചിരി-

ക്കണം. അല്ലാതെ അതു് മാറുകയില്ല. എന്നാൽ ഇന്നത്തെ പാഠം പൂച്ചയെപ്പററി ആകട്ടെ.

പൂച്ച മനുഷ്യരോട് ഇണങ്ങി വീടുകളിൽ സഞ്ചരിക്കുന്ന ജന്തുവാണ്. കാഴ്ചയ്ക്കു് സാധുവാണെങ്കിലും ഉപദ്രവിച്ചാൽ എതിക്കും.

പൂച്ചയ്ക്കു് ഓരോ കാലിലും ഐയഞ്ചു് മൂർച്ചയുള്ള നഖം ഉണ്ടു്. അതിന്ന് ആ നഖങ്ങളെ കാലിന്റെ അടിയിൽ വലിച്ചു് ഒളിക്കാൻ കഴിയും. പൂച്ചയെ ഉപദ്രവിച്ചാൽ അതു് നഖം നീട്ടി മാന്തും. പട്ടിയ്ക്കു് ഇതു്പോലെ ചെയ്യാൻ കഴികയില്ല.

പൂച്ച എലികളേയും ചെറിയ പക്ഷികളേയും പിടിച്ചു തിന്നും. പൂച്ച നടക്കുമ്പോൾ ശബ്ദം ഉണ്ടാകയില്ല. നഖങ്ങളെ അകത്തു് വലിക്കാൻ കഴിയുന്നതു്കൊണ്ടാകുന്നു ഇങ്ങനെ നിശ്ശബ്ദമായി നടക്കാൻ സാധിക്കുന്നതു്. പട്ടിക്ക് ഇതുപോലെ ഒച്ച കേൾപ്പിക്കാതെ നടക്കാൻ കഴികയില്ല. എലിയെ പിടിക്കാൻ പോകുമ്പോൾ പൂച്ച പതുങ്ങി നടക്കുന്നു.

രാത്രി ഭക്ഷണസാധനം കട്ടുതിന്നാൻ വരുന്ന എലിയെ പൂച്ച പിടിച്ചുതിന്നുന്നു. രാത്രിയിൽ പൂച്ചയ്ക്കു് നല്ലപോലെ കണ്ണ്കാണാം. ഇരുട്ടത്തു് പൂച്ചയുടെ കണ്ണ് നല്ലവണ്ണം തിളങ്ങും. പകൽസമയം അതു് അങ്ങനെ ഇല്ല.

പൂച്ചക്കുട്ടികളെ കാണ്മാൻ കൗതുകമുണ്ടു്. അവ തുള്ളിച്ചാടിക്കളിക്കുന്നു. തള്ളപ്പൂച്ച കുട്ടികളെ കഴുത്തിൽ കടിച്ചെടുത്തു് ഒരു ദിക്കിൽനിന്നും മററൊരു ദിക്കിലേയ്ക്കു് കൊണ്ടുപോകുന്നു. അതു് അവയെ നക്കി വൃത്തിയാക്കും. അതുകളെ കരഞ്ഞുവിളിക്കയും ചെയ്യും.

പൂച്ച പാൽ മോഷ്ടിച്ചു കുടിക്കും. മത്സ്യം, മാംസം, ചോറു മുതലായതു് അതിന്ന് പ്രിയമാണ്.

പാഠം ൩.

കുറുനരിയും പൂച്ചയും.



ഒരു ദിവസം കാട്ടിൽ ഒരു പൂച്ച ഒരു കുറുനരിയെ കണ്ടു.

പൂച്ച — "അല്ലേ! കുറുനരി! നിനക്ക് സുഖം തന്നെ ആണല്ലോ? ഞാൻ സാധുവും ബുദ്ധിഹീനനും ആണ്. നീ വളരെ സമർത്ഥനാണെന്നു് കേട്ടിട്ടുണ്ടു്. ദയചെയ്തു് വല്ല കൗശലവും നീ എനിക്ക് പറഞ്ഞുതരാമോ?"

നരി — "ഞാൻ വളരെ മിടുക്കൻ എന്നു് പറഞ്ഞതു് പരമാർത്ഥം തന്നെ. നിനക്ക് പറഞ്ഞുതരികയും ആവാം. നിനക്ക് എന്തെല്ലാം അറിയാം എന്നു് ആദ്യം കേൾക്കട്ടെ."

പൂച്ച — "എനിക്ക് ഒരു കൗശലം മാത്രമേ വശമുള്ളൂ. എന്നെ ആരും പിടിക്കാൻ ഞാൻ സമ്മതിക്കയില്ല, ഞാൻ മരത്തിൽ കേറി ഒളിച്ചുകളയും."

നരി — "എനിക്ക് അനേകം സൂത്രങ്ങളും രക്ഷപ്പെടാ-

ന്നുള്ള മാൎഗ്ഗങ്ങളും അറിയാം. നീ എന്റെ കൂടെ വന്നാൽ ചിലതെല്ലാം കാണിച്ചുതരാം."

പൂച്ചയും കുറുനരിയും ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു നായാട്ടുകാരൻ നായ്ക്കളുമായി ആ വഴിയെ വന്നു. പൂച്ച ഉടനെ ഒരു മരത്തിന്മേൽ ചാടിക്കയറി ഒരു ഉയൎന്ന കൊമ്പിൽ ആൎക്കും കാണാൻ പാടില്ലാത്തവിധത്തിൽ പതുങ്ങിയിരുന്നു. സൂത്രക്കാരനായ കുറുനരിക്ക് ഉടനെ സൂത്രം ഒന്നും തോന്നിയില്ല. ഓടാൻ ഭാവിച്ചു. നായ്ക്കൾ പിന്നാലെ ഓടി എത്തി പിടിച്ച് കൊല്ലുകയും ചെയ്തു.

പല സംഗതികളും അല്പമായി അറിയുന്നതിൽ നന്ന്, ഒന്നെങ്കിലും പൂൎത്തിയായി അറിയുന്നതാണ്.

പാഠം ൧.

തെങ്ങ്.

തെങ്ങ് മനുഷ്യൎക്ക് ഏററവും ഉപയോഗമുള്ള വൃക്ഷങ്ങളിൽ ഒന്നാകുന്നു. അത് ഒററത്തടിയായി വളരുന്നു. അതിന് പത്ത്പതിനഞ്ചാൾ പൊക്കം വരും. അതിന്റെ മണ്ടയിൽ മടലുകൾ ഉണ്ട്. ഓരോ മടലിനും പന്ത്രണ്ട് അടിയോളം നീളം കാണും. മടലിൽനിന്ന് ഓലകൾ പുറപ്പെടുന്നു. അത് കാഴ്ചയ്ക്ക് തൂവൽ പോലെയിരിക്കും. മടലുകളുടെ ഇടയിൽ കുലകൾ തൂങ്ങിക്കിടക്കുന്നു. ഒരു കുലയിൽ ഒന്നുമുതൽ ഇരുപത്തഞ്ചോളം തേങ്ങ ഉണ്ടായിരിക്കും.

കടൽവാരങ്ങളിലും കായൽക്കരകളിലുമാണ് തെങ്ങ് നല്ലപോലെ വളരുന്നത്. മലകളിലും വളരെ ഉറച്ച തറകളിലും പാറയുള്ള സ്ഥലങ്ങളിലും നല്ലപോലെ ഉണ്ടാകു-

ന്നില്ല. നമ്മുടെ രാജ്യത്തിൽ അനവധി തെങ്ങുണ്ടു്. തേങ്ങായ്ക്കു് ഒരു മനുഷ്യൻെറ തലയോളം വലിപ്പം ഉണ്ടായിരിക്കും. അതിൻെറ പുറത്തു് ഏകദേശം രണ്ടു് വിരൽ ഘനമുള്ള തൊണ്ടും അതിനുള്ളിൽ ഉറപ്പുള്ള ചിരട്ടയും ഉണ്ടു്. ചിരട്ടയുടെ ഉള്ളിൽ വെളുത്ത സത്തായ ഭാഗവും അതിനുള്ളിൽ സ്വാദുള്ള വെള്ളവും ഉണ്ടു്.

നന്നേ വളൎന്ന തെങ്ങിൽനിന്നു് ആണ്ടിൽ നൂറു് തേങ്ങായോളം കിട്ടും. തെങ്ങിൻെറ എല്ലാഭാഗംകൊണ്ടും നമുക്കു് ഉപയോഗമുണ്ടു്. മടൽ മെടഞ്ഞു മനുഷ്യർ വീടു് മേയുന്നു. തടി കഴുക്കോൽ ഉത്തരം മുതലായ സാമാനങ്ങൾക്കു് കൊള്ളാം. തേങ്ങാ ഉണക്കിയാൽ കൊപ്ര*യായി. കൊപ്ര

* കൊപ്പര എന്നും എഴുതാറുണ്ടു.



ആട്ടി എണ്ണ എടുക്കാം. കൊപ്ര ആട്ടുന്നതു് ചക്കുകളിൽ ആകുന്നു ഇക്കാലത്തു് യന്ത്രച്ചക്കുകളും നടപ്പുണ്ടു്.

തേങ്ങാപ്പിണ്ണാക്കു് കന്നുകാലികൾക്കു് തിന്നാൻ കൊടുക്കാം. ചിരട്ടകൊണ്ടു് തവികൾ (കയിലുകൾ) ഉണ്ടാക്കാനും തീ കത്തിക്കാനും ഉപയോഗിക്കാം. ചകിരികൊണ്ടു് കയർ പിരിക്കയും, പായ് ചവിട്ടുമെത്ത മുതലായതു് ഉണ്ടാക്കുകയും ചെയ്യുന്നു. തേങ്ങായും വെളിച്ചെണ്ണയും ഭക്ഷണത്തിനു് ഉപയോഗിക്കാറുണ്ടു്.

പാഠം ൭

താറാവും പൊന്മുട്ടയും.

ഒരുത്തനു് ഒരു താറാവുണ്ടായിരുന്നു. അതു് ദിവസം തോറും ഓരോ പൊന്മുട്ട ഇടും. അവൻ അതു് വിററു്



നിത്യവൃത്തി സുഖമായി കഴിച്ചുവന്നു. ഒരിക്കൽ അവൻ ഇപ്രകാരം വിചാരിച്ചു:—"ഈ താറാവു് ദിവസംതോറും ഓരോ മുട്ട മാത്രമേ ഇടുന്നുള്ളു; ഇതു്കൊണ്ടു് ധനവാനാകുന്നതിന്നു് സാധിക്കയില്ല; താറാവിനെ കൊന്നു് അതിൻെറ അകത്തുള്ള സ്വൎണ്ണം മുഴുവനും എടുത്തു് വിററാൽ വേഗം ധനവാനാകാം."

ഇങ്ങനെ വിചാരിച്ചുംകൊണ്ടു് അവൻ താറാവിൻെറ വയർ കീറിനോക്കി. വയററിൽ സ്വൎണ്ണത്തിൻെറ ലേശം പോലും കണ്ടില്ല. താറാവു് ചത്തും പോയി. അവന്നു് മുമ്പേ ദിവസംപ്രതി ഓരോ മുട്ടവീതം കിട്ടിവന്നതും ഇല്ലാതായി. കാലക്ഷേപത്തിന്നുള്ള വഴിയും മുട്ടി, അവൻ വളരെ കഷ്ടപ്പെട്ടു.

അത്യാഗ്രഹിയ്ക്കു് ഉള്ളതും നശിക്കുമെന്നു് അവൻ അതു് കൊണ്ടു് മനസ്സിലാക്കി.

പാഠം ൯.

കണ്ടാലിരക്കുന്ന ജനങ്ങളുണ്ടോ
കല്പാൻ മടിക്കുന്നു തരം വരുമ്പോൾ? || ൧ ||

ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം? || ൨ ||

കാരസ്കരത്തിൻ കുരു പാലിലിട്ടാൽ
കാലാന്തരേ കയ്പ് ശമിപ്പതുണ്ടോ? || ൩ ||

ഉച്ചയ്ക്ക് കുത്തിക്കുവരുന്ന ദിക്കിൽ
വെച്ചേയ്ക്കു നന്നോ ധനധാന്യമെല്ലാം? || ൪ ||

മുമ്പിൽ ഗമിച്ചീടിന ഗോവു തന്റെ
പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം || ൫ ||

ഒരുത്തനുണ്ടാക്കിന ദുഷ്പ്രവാദം
പരത്തുവാനാളുകളുണ്ടസംഖ്യം || ൬ ||

പാഠം ൧൦.

കുതിര.

നിങ്ങൾ കുതിരയെ കണ്ടിട്ടുണ്ടോ? ഇതു് ഒരു് കുതിരയുടെ ചിത്രമാകുന്നു. കുതിരയ്ക്കു് പശുവിനേക്കാൾ പൊക്കമുണ്ടു്. കാലുകൾക്കു് നീളം കൂടും. ഇതിനും നാലു്കാലുണ്ടു്. ഇതിന്റെ് കുളമ്പു് പിളൎന്നിട്ടില്ല; ഒററയാകുന്നു. കുതിരയ്ക്കു് കൊമ്പില്ല.

കുതിരയുടെ കഴുത്തു് നീണ്ടിരിക്കുന്നു. കഴുത്തിലേ രോമങ്ങളും നീണ്ടു കിടക്കുന്നു.

കുതിരയ്ക്കു് ഒരു മനുഷ്യനെ ചുമക്കാനുള്ള ശക്തി ഉണ്ടു്. ആളുകൾ കുതിരപ്പുറത്തു് കേറിപ്പോകുന്നതു് നാം കാണു-



ന്നുണ്ടു്. കുതിരകളെ വണ്ടിയിലും കെട്ടാറുണ്ടു്. ചില രാജ്യ-ങ്ങളിൽ കുതിരയെ നിലം ഉഴുന്നതിനും ഉപയോഗിക്കുന്നു. കുതിരയിൽ പലതരം ഉണ്ടു്. ചിലതു് വളരെ വേഗത്തിൽ ഓടും. മററു ചിലതു് വളരെ ഭാരം വലിക്കും. അതിനു മുറുകിയ നടയേ ഉള്ളു.

കുതിര പുല്ലും മുതിരയും (കാണം) തിന്നുന്നു. കുതിര-ക്കാർ അതിനെ ദിവസംപ്രതി തിരുമ്മുകയും തുടയ്ക്കുകയും ചെയ്യണം.

അതിനെ ഉപദ്രവിക്കരുതു്. വേണ്ടപോലെ പരിപാലി-ച്ചാൽ അതു് യജമാനനെ സ്നേഹിക്കും. കഴിയുന്നതില-ധികം വേലചെയ്യിച്ചാൽ അതു് കടിക്കുകയും തൊഴിക്കു-കയും ചെയ്യും.

പാഠം ൧൧.

അറബിയും അവൻെറ കുതിരയും.

ഒരു അറബിക്ക് ഒരു കുതിര ഉണ്ടായിരുന്നു. അതു് ജനിച്ചതു് മുതൽ അവൻ അതിനെ സ്നേഹത്തോട്ട് വളൎത്തി വന്നു. ഒരിക്കലും അവൻ അതിനെ കെട്ടുകപോലും ചെയ്തിരുന്നില്ല. അവൻ വിളിച്ചാൽ അതു് ഓടി അടുക്കൽ ചെല്ലും.

അറബിയുടെ താമസം ഒരു മരുഭൂമിയിൽ ആയിരുന്നു. ഒരു ദിവസം രാത്രി അവൻ കൂടാരത്തിൽ കിടന്നുറങ്ങുമ്പോൾ കള്ളന്മാർ വന്നു് അവനെ പിടിച്ചുകെട്ടി കൊണ്ടു പോയി. അവൻെറ കുതിരയേയും കൂടെത്തന്നെ കൊണ്ടു പോയി.

അടുത്ത ദിവസം രാത്രി കള്ളന്മാർ ഉറങ്ങുമ്പോൾ കുതിര തൻെറ യജമാനൻെറ അടുക്കൽ ചെന്നു. കള്ളന്മാർ യജമാനൻെറ കൈകാലുകൾ കെട്ടിയിരുന്നതിനാൽ അയാൾക്ക് അനങ്ങുവാൻ നിവൃത്തിയില്ലായിരുന്നു.



അതു് കണ്ടു് കുതിര അവനെ അരപ്പട്ടമേൽ കടിച്ചെടുത്തുംകൊണ്ടു് ഓടി. വളരെ ദൂരം വഴികടന്നു് അവൻെറ

ബന്ധുക്കളും സ്നേഹിതന്മാരും ഉള്ള ഇടത്തെത്തി അവനെ അവരുടെ മുമ്പിൽ വെച്ച് വീണ് ചാകുകയും ചെയ്തു.

ഒരു തടിച്ച മനുഷ്യനെ ചുമലിൽ എടുക്കാൻ കഴിയു-മെങ്കിലും കുതിരയ്ക്ക് ഒരുവനെ കടിച്ചു തൂക്കി കൊണ്ടു പോകു-ന്നത് അത്ര സാധ്യമല്ല.

സ്നേഹിച്ചു വളർത്തിയാൽ കുതിര യജമാനനു് വേണ്ടി തന്റെ ജീവനെ കൂടെ ഉപേക്ഷിക്കും.

പാഠം ൧൨.

കോഴി.



നിങ്ങൾ എല്ലാവരും കോഴിയെ കണ്ടിരിക്കുമല്ലോ. ഈ പാഠത്തിൽ ചേർത്തിരിക്കുന്ന ചിത്രത്തിൽ എത്ര കോഴി യുണ്ടു്? അതിൽ രണ്ടു് വലിയ കോഴിയെ കാണുന്നു. അവ രണ്ടും ഒന്നുപോലെ ഇരിക്കുന്നില്ല. ഒന്ന് തലപൊക്കി നില്ക്കുന്നു. അതു് പൂവൻകോഴിയാകുന്നു. അതിന് വളരെ

ഭംഗി ഉണ്ടു്. തലയിൽ ഒരു ചുവന്ന പൂവുണ്ടു്. വാലിൽ നീണ്ടു് വളഞ്ഞു് വെളുത്തും കറുത്തും ചുവന്നും മഞ്ഞളിച്ചും ഇരിക്കുന്ന തൂവലുകൾ ഉണ്ടു്.

കുനിഞ്ഞു് കൊത്തിക്കൊണ്ടു് നില്ക്കുന്നതു് പിടക്കോഴി ആണ്. പിടക്കോഴിക്കു് പൂവൻകോഴിയോളം ഭംഗിയും വലിപ്പവും ഇല്ല. കൂർത്തുവളഞ്ഞ നഖങ്ങളുള്ള വിരലുകൾ രണ്ടിനും ഉണ്ടു്.

പിടക്കോഴി മുട്ടയിടുന്നു. മുട്ടകൾ അടവെച്ചാൽ മാത്രമേ വിരിയൂ. അതിന്‌വേണ്ടി പിടക്കോഴി അവയുടെ മീതെ ഇരിക്കും. അപ്പോൾ മുട്ടകൾക്കു് ചൂടു് തട്ടും. കുറേ ദിവസം കഴിയുമ്പോൾ മുട്ട വിരിഞ്ഞു് കോഴിക്കുഞ്ഞുങ്ങൾ പുറത്തു് വരുന്നു.

കുഞ്ഞുങ്ങൾ വലുതാകുന്നതു്വരെ പിടക്കോഴി അവയ്ക്കു് തീററി കൊത്തിക്കൊടുക്കും. കുഞ്ഞുങ്ങൾ തള്ളയോടു്കൂടി ത്തന്നെ നടക്കും. പൂച്ചയോ പരുന്തോ വരുന്നതു് കണ്ടാൽ പിടക്കോഴി കുഞ്ഞുങ്ങളെ കൊക്കിവിളിക്കും. ഈ വിളി കേട്ടാൽ അവ ഓടിച്ചെന്നു് തള്ളയുടെ ചിറകിൻകീഴിൽ ഒളിച്ചുനില്ക്കും.

പൂവൻകോഴി അതിരാവിലെ ഉണൎന്നു് ഉറക്കെ കൂകുന്നു. നേരം വെളുക്കാറാകുമ്പോൾ കോഴി കൂകുന്നതു് നിങ്ങൾ എല്ലാവരും കേട്ടിട്ടുണ്ടല്ലോ. അതു് കേട്ടു് ആളുകൾ ഉണരുന്നു.

പാഠം ൧൩.

മുൻകരുതൽ.

വാസരത്തിങ്കൽ പ്രവൃത്തിക്കിലേ രാത്രൗ പിന്നെ
വാസം ചെയ്തീടാവതു് സുഖമായെന്നു നൂനം:

എട്ടുമാസവും പ്രവൎത്തിക്കിലേ പുനരപി
വൃഷ്ടിമാസങ്ങൾ നാലും സുഖമായ്വസിക്കാവൂ.
യൌവനത്തിങ്കൽ പ്രവൎത്തിച്ചൎത്ഥമുണ്ടാക്കിലേ
ചൊവ്വോടേ വാൎദ്ധക്യത്തിൽ സുഖമായ്വസിക്കാവൂ.
ജീവപൎയ്യന്തം പ്രവൎത്തിക്കിലേ മരിച്ചാലും
ദേവലോകാദികളിൽ സ്വൈരമായ്വസിക്കാവൂ.

പാഠം ൧൩.

കാക്ക.

കാക്ക എല്ലാ ഇടത്തും കാണുന്ന ഒരു പക്ഷിയാകുന്നു. സാധാരണമായി ആൾപാൎപ്പുള്ള സ്ഥലങ്ങൾക്കരികെ ആണു് അതിന്റെ ഇരിപ്പു്. കാക്കയുടെ നിറം കറുത്താണെന്നു് നിങ്ങൾക്കു് അറിയാമല്ലോ. കൊക്കും (ചുണ്ടും)

കറുത്തുതന്നെ. കാക്ക കരയുന്നതു് കേൾക്കുമ്പോൾ നിങ്ങൾക്ക് എന്തു് തോന്നുന്നു?

അതു് എന്തും തിന്നും. പുഴക്കളേയും കൃമികളേയും തേടി പിടിക്കും. ചെറിയ എലി, തവള, പല്ലി മുതലായവയെ കണ്ടാൽ കൊത്തിത്തിന്നും.

കാക്ക വീട്ടിൻ പുറത്തു് കാത്തിരിക്കും. തരം നോക്കി, ഉണക്കാനിടുന്ന സാധനങ്ങളെ കൊത്തിക്കൊണ്ടു് പോകും. വീട്ടിനുള്ളിൽ കടന്നു് ഭക്ഷണസാധനങ്ങൾ കൊള്ളചെയ്യും. നാം കളയുന്ന എച്ചിൽ വററു് മുതലായവയെല്ലാം അതു് കൊത്തിത്തിന്നുകൊള്ളും.

കാക്ക പലപ്പോഴും കന്നുകാലിയുടെ പുറത്തു് കയറിയിരിക്കുന്നതു് കാണാം. അവയുടെ പുറത്തു് പററിയിരിക്കുന്ന ഉണ്ണി മുതലായ കൃമികളെ കൊത്തിത്തിന്മാനാകുന്നു അങ്ങിനെ ചെയ്യുന്നതു്.

കാക്കകൾ കൂട്ടംകൂടി നടക്കുന്നു. അപൂർവ്വമേ ഒററയായിട്ടു് കാണുകയുള്ളൂ. തീററി വല്ലതും കണ്ടാൽ കൂട്ടുകാരെ കരഞ്ഞുവിളിക്കും. ഒരു കാക്കയെ ഉപദ്രവിച്ചാൽ മററുള്ള കാക്കകൾ അതിനെ സഹായിക്കും. കാക്കയ്ക്കു് സ്വജാതിസ്നേഹം കേമമാണു്. സന്ധ്യയാകുമ്പോൾ കാക്കകൾ കൂട്ടമായി കരഞ്ഞു്കൊണ്ടു് ചേക്കേറാൻ പോകും. അതിരാവിലെ ഉണന്നു് ഓരോന്നായി കരയാൻ തുടങ്ങും. വെളിച്ചം വീണാൽ ഇരതേടി പുറപ്പെടും.

കാക്ക നമുക്ക് പല ഉപദ്രവവും ചെയ്യുന്നുണ്ടെങ്കിലും അതിനെക്കൊണ്ടു് ചില ഉപകാരവും ഉണ്ടു്. നാം പുറത്തു് കളയുന്ന സാധനങ്ങളെല്ലാം അവിടെ കിടന്നു് ദുഷിക്കാൻ ഇടം കൊടുക്കാതെ അതു് തിന്നുകൊള്ളുന്നു.

പാഠം ൧൫.

കച്ചവടക്കാരനും അവൻെറ പട്ടിയും.

ഒരു കച്ചവടക്കാരൻ ഒരു പട്ടിയെ വളൎത്തിവന്നു. അതിന്ന് യജമാനസ്നേഹം വളരെ കേമമായിരുന്നു.

കച്ചവടക്കാരന്ന് ഒരിക്കൽ കുറെ അകലെയുള്ള ഒരു ഗ്രാമത്തിലേയ്ക്കു് പോകേണ്ടതുണ്ടായി. അയാൾ ആത്മരക്ഷയ്ക്കായി ഒരു തോക്കും ചിലവിന്ന് വേണ്ട പണവും എടുത്തു്കൊണ്ടു് പുറപ്പെട്ടു. കുതിരപ്പുറത്തായിരുന്നു അയാളുടെ യാത്ര. പട്ടിയും പിന്നാലെ പുറപ്പെട്ടു.

കുറച്ചു് ദൂരം ചെന്നപ്പോൾ ക്ഷീണം തോന്നുകയാൽ വഴിയരികെ ഉണ്ടായിരുന്ന ഒരു നദീതീരത്തു് അയാൾ ഇറങ്ങി. പണസഞ്ചി കരയ്ക്കു് വച്ചേച്ചു് നദിയിലിറങ്ങി വെള്ളം കുടിച്ചു വിശ്രമിച്ചു. സഞ്ചിയുടെ കാൎയ്യം ഓൎക്കാതെ യാത്രതുടൎന്നു.

പട്ടി അതു് കണ്ടു് കുരച്ചുംകൊണ്ടു് പിന്നാലെ കൂടി. കച്ചവടക്കാരൻ പട്ടി കുരച്ചതിനെ വകവെച്ചില്ല. പട്ടി മുറുകെ കുരയ്ക്കാൻ തുടങ്ങി. ഇത്രയുംകൊണ്ടും യജമാനൻ കാൎയ്യം ഗ്രഹിക്കുന്നില്ലെന്നു കണ്ടപ്പോൾ പട്ടി കുതിരയെ കടന്നു കടിക്കുമെന്നായി. ഉപദ്രവം സഹിക്കാതായപ്പോൾ കച്ചവടക്കാരൻ പട്ടിക്കു പേ പിടിച്ചിരിക്കണമെന്നുറച്ചു് അതിനെ വെടിവെച്ചു.

വെടിയേററ വേദന വകവെയ്ക്കാതെ പട്ടി തൻെറ യജമാനൻ പണസഞ്ചി വെച്ചു മറന്നിടത്തേയ്ക്കു് തിരിച്ചു. ഒരു വിധം അവിടെ എത്തി സഞ്ചിയുടെ മേൽ വീണു കിടന്നു.

കുറെ ദൂരം പോയപ്പോൾ കച്ചവടക്കാരന്ന് പണം ആവശ്യപ്പെട്ടു. നോക്കുമ്പോൾ സഞ്ചി കാണ്മാനില്ല. അപ്പോൾ

ഓൎമ്മവന്നു് താൻ വിശ്രമിച്ച നദീതീരത്തിലേയ്ക്കു് മടങ്ങിച്ചെന്നു. അവിടെ എത്തിയപ്പോാൾ താൻ വെടിവെച്ച പട്ടി സഞ്ചിയുടെ മേൽ കിടക്കുന്നതാണു് കണ്ടതു്. പട്ടി ഏകദേശം മരിക്കാറായിരിക്കുന്നു. എങ്കിലും യജമാനനെ കണ്ട ഉടൻ അതു വാലാട്ടി; ചാവുകയും ചെയ്തു.

കച്ചവടക്കാരൻ തന്റെ അവിവേകത്തെക്കുറിച്ചു് പശ്ചാത്തപിച്ചു.

പാഠം ൧൩.

ആട്ട.

ആട്ട് പൊക്കം കുറഞ്ഞ ഒരു നാല്ക്കാലിമൃഗം ആകുന്നു. ആട്ട് പല ജാതിയിൽ ഉണ്ടു്. നമ്മുടെ നാട്ടിൽ കാണുന്നതു് അധികവും പുള്ളാടും കോലാടും ആണു്. ചില ദിക്കുകളിൽ ചെമ്മരിയാടും ഉണ്ടു്.

ആടിന്റെ വാൽ കുറുകിയിരിക്കും. കോലാട്ടിന്റെ

രോമത്തിന്ന് നീളമില്ല. ചെമ്മരിയാടിന്റെ രോമം നീളമുള്ളതും കട്ടിയുള്ളതുമാകുന്നു. അതിന്റെ രോമം കത്തിരിച്ച് എടുക്കാം ഈ രോമംകൊണ്ടു് കമ്പിളി നെയ്യുണ്ടാക്കുന്നു.

ആടിന്റെ കൊമ്പുകൾ ചെറുതാകുന്നു. കോലാടിന്റെ പാൽ മധുരമുള്ളതാകുന്നു ഒരു പശുവിന്നുള്ളിടത്തോളം പാൽ ഒരാടിനില്ല ആട്ടിൻ പാൽ മധുരമുള്ളതും ദേഹത്തിന്ന് ബലം കൊടുക്കുന്നതുമാകുന്നു.

ആടുകളെ കൂട്ടമായി വളത്തിവരുന്നു. കൂട്ടത്തിന്ന് 'കിട' എന്നു പേർ പറയുന്നു. ഇടയൻ ആട്ടിൻകിടയെ പുല്ലും ഇലകളും ഉള്ള ദിക്കുകളിൽ മേയ്ക്കുന്നു. രാത്രി ആലകളിൽ അടച്ച് സൂക്ഷിക്കുന്നു. കിടയിലുള്ള ആടുകളെ സൂക്ഷിക്കുന്നതിലേയ്ക്കു് പട്ടികളെക്കൂടി ശീലിപ്പിക്കാറുണ്ടു്

ആട്ടിൻപുഴുക്ക (ചാണകം) നല്ല ഉരമാകുന്നു. ചിലർ ആട്ടുമാംസം തിന്നും. അതിന്റെ തോൽകൊണ്ടു് ചെരിപ്പുകൾ, സഞ്ചികൾ മുതലായ സാമാനങ്ങൾ ഉണ്ടാക്കാറുണ്ടു്.

പാഠം ൰൧.

ധനവും ധനികനും.

ധനമെന്നുള്ളതു് മോഹിക്കുമ്പോൾ,
വിനയമൊരുത്തനുമില്ലിഹ നൂനം.
തനയൻ ജനകനെ വഞ്ചനചെയ്യും;
ജനകൻ തനയനെ വധവും ചെയ്യും;
അനുജൻ ജ്യേഷ്ഠനെ വെട്ടിക്കൊല്ലും:
മനുജന്മാരുടെ മാൎഗ്ഗമിതെല്ലാം.
കനകംമൂലം കാമിനിമൂലം
കലഹം പലവിധമുലകിൽ സുലഭം.

ധനിക്കു് ശത്രുക്കളസംഖ്യമുണ്ടാം;
മനക്കരുന്നിൽ ഭയമേററമുണ്ടാം;
തനിക്കലംഭാവവുമില്ല; പിന്നെ-
ക്കനക്കവേ കൈതവമേററമുണ്ടാം.

പാഠം ൰൨.

ദുൎവ്വാക്കിൻെറ കാഠിന്യം.

അമ്പുകൊണ്ടുള്ള വ്രണം കാലത്താൽ നികന്നീടും;
കൊമ്പുകൾ കണ്ടിച്ചാലും പാദപം കിളുത്തീടും;
കാട്ടുതീ വെന്താൽ വനം പിന്നെയും തഴത്തീടും;
കേട്ടുകൂടാത്ത വാക്കാമായുധം പ്രയോഗിച്ചാൽ
കൎണ്ണങ്ങൾക്കകം പുക്കു് പുണ്ണായാലതു് പിന്നെ
പൂൎണ്ണമായ് ശമിക്കയില്ലൊട്ടു നാൾ ചെന്നാൽ പോലും.

പാഠം ൧൫.

ആമയും മുയലും.

ഒരിക്കൽ ഒരു മുയൽ മററു് പല ജന്തുക്കളുടെ മുമ്പിൽ വെച്ചു് തന്നോളം വേഗം ഓടുന്ന ജന്തു വേറെ ഒന്നും ഇല്ലെന്നു് വൻപു് പറഞ്ഞു

ഈ വീരവാദത്തിന്നു് ഒരു മറുപടിയും ഉണ്ടായില്ല. അതു് കണ്ടു് ഒരു ആമ ഇഴഞ്ഞിഴഞ്ഞു് മുമ്പോട്ടു് കടന്നു് മുയലോടു കൂടി പന്തയം വെച്ചു് ഓടാൻ ഞാൻ തെയ്യാറുണ്ടു് എന്നു് പറഞ്ഞു

ഇതു് കേട്ടു് മുയൽ ഹസിച്ചു; "കൊള്ളാം, ഇഴയാൻ കൂടി കഴിയാത്ത ആമയാണോ എന്നോടു് പന്തയത്തിന്നു് ഓടാൻ തുനിയുന്നതു്, വിശേഷം തന്നെ."

"ആക്ഷേപം ഒക്കെ ഇരിക്കട്ടെ, പുറപ്പെടാം" എന്നായി ആമ.

ഒരു നാഴിക വഴി ഓടണമെന്നും, മൂന്നാമൻ ആയിട്ടു് കുറുക്കൻ നില്ക്കണമെന്നും ആയിരുന്നു നിശ്ചയം. അവർ എട്ടു് മണിക്കു് പുറപ്പെട്ടു. രണ്ടു് പേരും ഓട്ടം തുടങ്ങി. മുയൽ മുക്കാൽ നാഴിക ദൂരം അതിവേഗത്തിൽ ഓടി തിരിഞ്ഞു് നോക്കിയപ്പോൾ ആമയെ കാണ്മാനേ ഇല്ല. ആമ ഇഴഞ്ഞു് വരുന്നതിന്നു് വളരെ നേരം പിടിക്കും എന്നു് കരുതി മുയൽ

വഴിയരികെ ഒരു തണലത്തു് കിടന്നുറക്കമായി. ആമയാകട്ടെ, നെട്ടകെ ഇഴഞ്ഞു് ആറേഴ്നാഴിക നേരംകൊണ്ടു് മുയൽ ഉറങ്ങികിടന്നിരുന്ന ഇടവും കടന്നു് പന്തയസ്ഥലത്തു് ചെന്നുചേൎന്നു.

മുയലും ഉറക്കമുണൎന്നു് ഉടനെ പാഞ്ഞെത്തി. ആമ സ്ഥലത്തെത്തി കാത്തു് നില്ക്കുന്നതു് കണ്ടു് തല താഴ്ത്തി.

പാഠം ൧൦.

കാപ്പി.

ഇക്കാലത്തു് കാപ്പി സാമാന്യം എല്ലാ ജാതിക്കാരും ഉപയോഗിച്ചുവരുന്ന ഒരു പാനീയപദാൎത്ഥമാകുന്നു. അതിന്നു് നല്ല സ്വാദുണ്ടു്. അതിൻെറ വാസന ഏററാൽ തന്നെ കുടിക്കാൻ തോന്നും. കുടിച്ചാൽ ക്ഷീണം തീരുകയും ഉണൎച്ചയുണ്ടാകുകയും ചെയ്യും. ഉറക്കമിളക്കേണ്ടവർ ചിലപ്പോൾ കാപ്പി കാച്ചികുടിക്കുന്നതു് നിങ്ങൾ കണ്ടിരിക്കാം.

ജോലിചെയ്ത് മുഷിവ് തോന്നുമ്പോൾ കാപ്പി കാച്ചികുടിച്ചാൽ നല്ല ഉന്മേഷമുണ്ടാകും.

ഇത്രത്തോളം ഗുണമുള്ള ഈ പാനീയം ഒരു ചെടിയുടെ കുരു വറുത്ത് പൊടിച്ച് ഉണ്ടാക്കുന്നതാകുന്നു. കാപ്പിച്ചെടി സാധാരണമായി മലഞ്ചരിവുകളിൽ നട്ടുവളൎത്തിവരുന്നു. അത് ഇരുപതടിയോളം പൊക്കത്തിൽ വളരും എന്നാൽ അത്രത്തോളം വളരാൻ സമ്മതിക്കാറില്ല. മൂന്നോ നാലോ അടി പൊക്കമായാൽ ഉടനെ കൊമ്പുകൾ മുറിച്ചുകളയുന്നു. അതുകൊണ്ടു ചെടിയുടെ നാലുഭാഗത്തുനിന്നും കൊമ്പുകൾ പൊട്ടിപ്പുടരുന്നു. ഓരോന്നിലും കായും ധാരാളമുണ്ടാകും. കാപ്പിച്ചെടിയിൽ കായ് പിടിക്കുന്നതു കുലയായിട്ടാണ്.

മീനം മേടം ഈ മാസങ്ങളിൽ പുതുമഴ പെയ്തുകഴിഞ്ഞാൽ കാപ്പിച്ചെടി പൂക്കും. അതിൻെറ പുഷ്പം മുല്ലപ്പൂപോലെ വെളുത്തിരിക്കും. അതിന് ഒരു തരം ത്രുക്ഷമായ വാസനയും ഉണ്ടു്. പൂത്തു് മൂന്നുദിവസം കഴിഞ്ഞാൽ

പൂവുതിന്ന്പോകുന്നു. അപ്പോൾ കായ് പിടിച്ചിരിക്കുന്നതു് കാണാം. വൃശ്ചികം ധനു മാസമാകുമ്പോൾ കായ് പഴുത്തു് പറിക്കാറാകും. പഴുത്ത കായ്കളുടെ നിറം കടുംചുവപ്പാണ്. അതിന്ന് നല്ല മധുരവും ഉണ്ടു്. കായ് പറിച്ചാൽ യന്ത്രത്തിലിട്ടു് തൊലികളഞ്ഞു് കുരു വെയിലത്തിട്ടു് ഉണക്കണം. പിന്നെ തരം തിരിക്കണം. ഉരുണ്ട ഒററമണികളെ വേറെ വെയ്ക്കുന്നു. അതുകളാണ് ഒന്നാം തരം. അതിന്ന് വിലയും കൂടും. എന്നാൽ സാധാരണമായി ഒരു കായിൽ രണ്ടു് അരികൾ ഉണ്ടായിരിക്കും. പിളന്ന അരികൾ രണ്ടാംതരം ആകുന്നു.

ഈ രാജ്യത്തുള്ള മലകളിൽ കാപ്പി കൃഷിചെയ്യാറുണ്ടു്. ചെടികളെ ആറാറടി അകലെ വരിവരിയായി നടണം.

കാപ്പിക്കുരു വറുത്താൽ നല്ല വാസനയുണ്ടാകുമ്പോൾ എടുത്തു് പൊടിച്ചു് സൂക്ഷിക്കണം. ആവശ്യമുള്ളപ്പോൾ വേണ്ട പൊടി ഒരു പാത്രത്തിലിട്ടു് തിളച്ച വെള്ളം ഒഴിച്ചു്, അഞ്ചു് മിനിട്ടു് നേരമോ കുറച്ചു് കൂടുതലോ അടച്ചു് വെയ്ക്കണം. അരിച്ചെടുത്തു് പാലും പഞ്ചസാരയും ചേൎത്തു് കുടിക്കാം. ചിലർ പാലു് ചേൎക്കാതെയും കുടിക്കാറുണ്ടു്.

പാഠം ൨൧.

തേനീച്ചകൾ.

നിങ്ങളിൽ ചിലരെങ്കിലും തേനീച്ചകളെ കണ്ടിരിക്കുമല്ലോ. ഈ വിശേഷപ്പെട്ട പ്രാണികളെക്കുറിച്ചു് പലതും അറിഞ്ഞിരിക്കേണ്ടതുള്ളതിൽ ഏതാനും സംഗതികൾ ഈ പാഠത്തിൽ പറയാം.

തേനീച്ചകൾ മൂന്ന് വകയുണ്ടു്. ഒന്നാമതു് ആണീച്ച. ഇതു് തേൻ ശേഖരിക്കുകയോ, കൂട് പണികയോ ചെയ്യാത്ത-

തിന്നാൽ ഇതിനെ മടിയൻ എന്നു് വിളിക്കുന്നു. മുട്ടയിടുകയും കൂട്ട് ഭരിക്കുകയും ചെയ്യുന്ന പെണ്ണീച്ചയ്ക്കു് രാജ്ഞി

എന്നു് പേരിടാം. തേൻ സംഗ്രഹിയ്ക്ക മുതലായ പണികൾ എടുക്കുന്ന മൂന്നാംതരക്കാരെ പണിക്കാർ എന്നു് പറഞ്ഞുവരുന്നു.

പുഷ്പങ്ങൾ തോറും മുരണ്ടുകൊണ്ടു് പറന്നു് നടക്കുന്ന പണിക്കാരനു് കറുത്ത ഉടലും അതിന്മേൽ മഞ്ഞ നിറത്തിലുള്ള വരകളും ഉണ്ടു്. ഇതാകുന്നു തേനും മെഴുകും മുഴുവൻ ശേഖരിക്കുന്നതു്.

രാജ്ഞിക്കും മടിയനും പണിക്കാരനെക്കാൾ ദേഹത്തിനു് വലിപ്പം കൂടും.

രാജ്ഞിക്കും പണിക്കാൎക്കും വിഷമുള്ള കൊമ്പുണ്ടു്. എന്നാൽ അവർ അതിനെ ആത്മരക്ഷയ്ക്കായി മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. മടിയനു് ഈ വിധമുള്ള കൊമ്പില്ല.

രാജ്ഞി ഇടുന്ന മുട്ടകളിൽനിന്നാകുന്നു തേനീച്ചയ്ക്കു് സന്താനം ഉണ്ടാകുന്നതു്. അതുകൊണ്ടു് മററുള്ള ഈച്ചകൾ രാജ്ഞിയെ വേണ്ടുംവണ്ണം രക്ഷിക്കുന്നു. രാജ്ഞിയുടെ കല്പനകളെ അവർ അനുസരിക്കയും ചെയ്യുന്നു.

പണിക്കാർ തേനും മെഴുകും ശേഖരിക്കുന്നു. തേൻ സൂക്ഷിക്കാനുള്ള അറകളും അവർ തന്നെയാണു് പണിചെയ്യുന്നതു്. അറകൾ ആറു് വശമുള്ളതിനാൽ ഷൾക്കോണാ-

കൃതിയിൽ ഇരിക്കും. ചെറിയ ഈച്ചകളെ പോററിവളൎത്തു ന്നതും അവർ തന്നെ.



അന്യജന്തുക്കൾ തേൻകൂട്ടിൽ കയറിവന്നാൽ ഈച്ചകൾ ഉടനെ അവയെ ആട്ടിപ്പുറത്ത് കളയാൻ നോക്കും. അത് സാധിച്ചില്ലെങ്കിൽ ആ ജന്തുക്കളുടെ മേൽ ഒരുവക പശ തേച്ച് അവയെ അനങ്ങാൻ പാടില്ലാതാക്കിക്കൊല്ലും.

പണിക്കാൎക്ക് പണിനടത്താനുള്ള ആയുധം കാലുകളും വായും ആകുന്നു. അവരുടെ നാക്കിന്ന് നീളം കൂടും. അവർ അതിനെ പുഷ്പങ്ങളുടെ അടിവരെ ചെലുത്തി തേൻ വലിച്ചെടുക്കുന്നു.

അവൎക്ക തങ്ങളുടെ ഉടലിൽ മെഴുക് സൂക്ഷിക്കുന്നതിന്ന് അറകളും, പൂമ്പൊടി (പരാഗം) കൊണ്ടുപോരുന്നതിന്ന് പിൻകാലുകളിൽ ചെറിയ കൂടകളും, തേൻ സംഗ്രഹിക്കുന്ന- തിന്ന് ഒരു സഞ്ചിയും, ആത്മരക്ഷയ്ക്കു് വിഷക്കൊമ്പും ഉണ്ടു്.

തേനീച്ചകൾ ശുഷ്കാന്തിയോട്ട് പണിയെടുക്കയും, കൂട്ടാ- യ്മയോട്ട് പ്രവൎത്തിക്കയും, ചൊടിയോട്ട് കാൎയ്യങ്ങൾ നടത്തു- കയും ചെയ്യുന്ന ചെറുപ്രാണികളാകുന്നു.

ഈ രാജ്യത്തിൽ വലുതും ചെറുതും എന്നു് രണ്ടു് മാതിരി തേനീച്ചയുണ്ടു്. ചെറിയ ഈച്ചയുടെ കൂട്ടിൽ തേൻ അധികം കാണുകയില്ല. കൂട്ട് ചെറുതായിരിക്കും. ഈവക കൂട്ടിൽനിന്നും എടുക്കുന്ന തേനിന്ന് 'ചെറുതേൻ' എന്നു് പേർ പറഞ്ഞുവരുന്നു. വലിയ ഈച്ചയുടെ കൂട്ട് വലുതായിരിക്കും. അതിൽ തേനും ധാരാളം ഉണ്ടായിരിക്കും. ഇതു് വൻതേൻ അല്ലെങ്കിൽ പെരുന്തേൻ.

പാഠം ൨൨.

കിട്ടുന്നതിൽ പാതി.

പ്രഭുക്കന്മാൎക്ക് സ്വാതന്ത്ര്യാധികാരമുണ്ടായിരുന്ന കാലത്തു് ഒരു പ്രഭു തന്റെ മകൾക്ക് കല്യാണം നിശ്ചയിച്ചു. അടിയന്തിരം ഘോഷമായി നടത്തുന്നതിന്ന് വേണ്ട ഒരുക്കങ്ങൾ ചെയ്തു. എന്നാൽ വേനലിന്റെ കാഠിന്യംകൊണ്ടു് അത്യാവശ്യം വേണ്ടതായ ഒരു സാധനം സമീപസ്ഥലങ്ങളിൽ എങ്ങും കിട്ടിയില്ല. ആവശ്യമുള്ളിടത്തോളം പുഷ്പം കൊണ്ടുചെല്ലുന്നവൎക്ക് തക്കതായി വില കൊടുക്കുന്നതാണെന്നു് പ്രഭു പരസ്യമായി പ്രസ്താവിച്ചു. കല്യാണദിവസം വരെ ആരും പുഷ്പം കൊണ്ടുചെന്നില്ല. പ്രഭുവിനും ബന്ധുക്കൾക്കും വളരെ കുണ്ഠിതമായി.

അടുത്ത ദിവസം രാവിലെ ഒരു ചുമട് പുഷ്പവും കൊണ്ടു് ഒരാൾ വന്നുചേൎന്നു. വാതിൽ കാത്തുനിന്നിരുന്ന ഭൃത്യൻ അയാളെ അകത്തു് കടത്തിവിടാതെ തടഞ്ഞു് നിറുത്തി. ചുമട്ടുകാരൻ വളരെ കിഴിഞ്ഞുപറഞ്ഞിട്ടും അയാൾ അവനെ അകത്തു് കടത്തിവിട്ടില്ല. പുഷ്പത്തിന്ന് തനിക്ക് കിട്ടുന്ന വിലയിൽ പാതി ഭൃത്യന്ന് കൊടുക്കാമെന്നു് അവൻ സത്യംചെയ്തു് പറഞ്ഞു. പുഷ്പം കിട്ടാതെ പ്രഭു

വ്യസനിച്ചിരിക്കയാൽ വില ധാരാളം കൊടുക്കുമെന്നും അതിൽ പകുതി തനിക്കു കിട്ടുമെന്നും നിശ്ചയിച്ച് ഭൃത്യൻ സന്തോഷിച്ചു.

പൂക്കാരൻ അകത്ത് ചെന്നു് പ്രഭുവിൻെറ മുമ്പിൽ പൂ മടിറക്കി വന്ദിച്ച് ഒതുങ്ങിനിന്നു.

സമയത്തിന് പുഷ്പം കിട്ടിയതിനാൽ പ്രഭു വളരെ സന്തോഷിച്ച് ചോദിക്കുന്ന വില തക്കംകൂടാതെ കൊടുക്കാമെന്നും പറഞ്ഞു. മുഹൂർത്തം കഴിഞ്ഞു് പ്രഭുവും ബന്ധുമിത്രങ്ങളും ഭൃത്യവർഗ്ഗങ്ങളും ഊണ്കഴിഞ്ഞു് പന്തലിൽ വന്നുകൂടി. പൂക്കാരനെ വിളിച്ച് പൂവിൻെറ വില ചോദിച്ചു. വലിയ വേനലാകയാൽ വളരെ ദൂരത്ത് ചെന്നാണ് പുഷ്പം ശേഖരിച്ചതെന്നും, അതിനാൽ തക്കതായ വിലതന്നെ കിട്ടണമെന്നും അവൻ വിനയത്തോടെ പറഞ്ഞു. പ്രഭു സമ്മതിച്ചു. പൂക്കാരനാകട്ടെ മുക്കാലിയിൽ കെട്ടി മുപ്പതു് അടിയാണ് പ്രതിഫലം ചോദിച്ചതു്. പ്രഭുവും കേട്ടുനിന്നവരും അന്ധാളിച്ചു.

പൂക്കാരൻ നിർബ്ബന്ധിക്കയാൽ അവൻ പറഞ്ഞപോലെ തന്നെ നടത്താൻ പ്രഭു വരുതികൊടുത്തു. പ്രഭുവിൻെറ ആൾക്കാർ അവനെ മുക്കാലിയിൽ കെട്ടി അടി തുടങ്ങി. എന്നാൽ അവൻ ചെയ്ത ഉപകാരം ഓർത്തു പേരിന് അടിച്ചതേ ഉള്ളൂ. അടി പകുതി കഴിഞ്ഞപ്പോൾ നിറുത്തണേ എന്നു് അവൻ വിളിച്ച്പറഞ്ഞു. അടി നിറുത്തി. ശേഷമുള്ളതു് തൻെറ പങ്കുകാരനായ ദ്വാരപാലകന് ചെല്ലാനുള്ളതാണെന്നും ഉടൻ തന്നെ കൊടുക്കണമെന്നും പറഞ്ഞു.

ഇതു് കേട്ട് എല്ലാവരും വിസ്മയിച്ചു. പ്രഭു ഭൃത്യനെ വരുത്താൻ കല്പനകൊടുത്തു. അവൻ വന്ന ഉടനെ തൻെറ ഭൃത്യൻ ഇതിൽ പങ്കുകാരൻ ആയതെങ്ങനെ എന്നു് പ്രഭു പൂക്കാരനോട് ചോദിച്ചു. പൂക്കാരൻ വിവരമെല്ലാം ബോധിപ്പിച്ചു.

പ്രഭു കോപിച്ച് തൻെറ ഭൃത്യന് കിട്ടുവാനുള്ള പങ്ക് ദാക്ഷിണ്യം കൂടാതെ കൊടുപ്പാൻ ഉത്തരവു് കൊടുത്തു. അതു് കഴിഞ്ഞു് അവനെ ജോലിയിൽനിന്ന് പിരിച്ചയക്കു-കയും ചെയ്തു.

പുകക്കാരന് വിലയ്ക്കു് പുറമെ സമ്മാനങ്ങളും കൊടുത്തു-യച്ചു.

പാഠം ൧൩.

തേയില.

തേയില ലോകത്തിൽ ഒട്ടു് എല്ലാദിക്കിലും ഉപയോഗി-ച്ചുവരുന്ന ഒരു പാനീയപദാൎത്ഥമാകുന്നു. മുൻകാലങ്ങളിൽ

തേയില ചീനദേശത്തിൽ മാത്രമേ നട്ടു് വളൎത്തിവന്നിരു-ന്നുള്ളു. ഇപ്പോൾ ഇൻഡ്യയിൽ അനേകഭാഗങ്ങളിലും ഈ ചെടി നട്ടു് വളൎത്തുന്നുണ്ടു്. നമ്മുടെ രാജ്യത്തുള്ള മല-കളിൽ തേയിലത്തോട്ടങ്ങൾ അപൂൎവമല്ല.

തേയിലച്ചെടി സാധാരണമായി എട്ടൊമ്പതടി ഉയരം വരെ വളരും. എന്നാൽ തോട്ടങ്ങളിൽ ചെടികളെ അത്ര ഉയരം വളൎത്തുന്നില്ല. ചെടി മൂന്നടി പൊക്കം ആയാൽ പിന്നെ വളൎന്നുകേറുന്ന കൊമ്പുകൾ മുറിച്ചുകളയുന്നു.

അതിനാൽ തോട്ടങ്ങളിൽ മൂന്നടിക്ക് കൂടുതൽ ഉള്ള തേയിലച്ചെടികൾ കാണുകയില്ല.

തേയിലച്ചെടിയുടെ കൊമ്പുകൾ മൂന്ന് പ്രാവശ്യം മുറിക്കാറുണ്ട്. ഇലകളും മൂന്ന് പ്രാവശ്യം കൊത്തിയെടുക്കാറുണ്ട്. കൊമ്പുകൾ മുറിച്ചാൽ പിന്നെ അധികതാമസം കൂടാതെ ചെടി നിറച്ച തലകൾ മുളക്കും. ഈ തലകളിൽ ഇലകൾ വിരിയുന്നതിന് മുമ്പ് ഇല നുള്ളിയെടുക്കണം. പിന്നെ അറുത്തെടുക്കുന്നത് തളിരിലകളാകുന്നു. മൂന്നാമത് അറുത്തെടുക്കുന്ന ഇലകൾ മുററിയിരിക്കും.

തേയിലച്ചെടിയിൽ മുല്ലപ്പൂപോലെ വെളുത്ത ചെറിയ പുഷ്പങ്ങൾ ഉണ്ടാകും. എന്നാൽ അവയ്ക്ക് മണമില്ല. മലഞ്ചരിവുകളിൽ ആണ് തേയില നന്നായി ഉണ്ടാകുന്നത്. ചെടി നന്നാലടി അകലെ വരിവരിയായിട്ടാണ് നടുക പതിവ്.

മൂന്ന് പ്രാവശ്യം ഇല പറിക്കുന്നുവെന്നും, ആദ്യമായി വിരിയാത്ത ഇല ആകുന്നു പറിച്ചെടുക്കുന്നതെന്നും മുമ്പ് പറഞ്ഞുവല്ലോ. ഇങ്ങനെ ആദ്യം പറിച്ചെടുക്കുന്ന ഇലയാകുന്നു ഒന്നാംതരം തേയില. കുരുന്നായിട്ടുള്ളത് രണ്ടാം തരവും മുററിയത് മൂന്നാം തരവും ആകുന്നു.

പറിച്ചെടുത്താൽ ഇലകൾ ചൂട്പിടിപ്പിച്ച ഒരു ഇരുമ്പ് തട്ടിന്മേൽ ഇട്ടുണക്കണം. അതിന്ശേഷം കെട്ടുകളായി കെട്ടണം. ഒന്നാം തരം തേയിലയ്ക്ക് റാത്തലിന് ഒന്നുമുതൽ രണ്ട്വരെ രൂപ വിലയുണ്ട്. രണ്ടും മൂന്നും തരങ്ങൾക്ക് വില അതിൽ കുറഞ്ഞിരിക്കും.

തേയില ഉണക്കുമ്പോൾ പൊടിഞ്ഞ് വീഴുന്ന പൊടിക്ക് പൊടിത്തേയില എന്ന് പേർ പറയും. ഈ വകയ്ക്ക് അധികം വിലയില്ല.

തേയില മറ്റുരാജ്യങ്ങളിലേയ്ക്ക് അയക്കുന്നത് ഓരോ റാത്തലായി തൂക്കി ഇയ്യത്തകിടുകൊണ്ടുണ്ടാക്കിയ പെട്ടിയിൽ നിറച്ചിട്ടാണ്.

കുടിപ്പാൻ ചായ ഉണ്ടാക്കേണമെങ്കിൽ കുറെ തേയില എടുത്ത് ഒരു പാത്രത്തിൽ ഇട്ട് അതിന്മീതെ തിളയ്ക്കുന്ന വെള്ളം ഒഴിച്ച് അടച്ചുവെയ്ക്കണം. രണ്ടോ, മൂന്നോ, കൂടിയാൽ അഞ്ചോ മിന്നിട്ട് സമയം കഴിഞ്ഞാൽ തുറന്ന് വെള്ളം മാത്രം പകന്നുകൊള്ളണം. തേയില വെള്ളത്തിലിട്ട് തിളപ്പിക്കുകയോ അഞ്ച് മിന്നിട്ടിലധികം തിളച്ച വെള്ളത്തിൽ ഇട്ടിരിക്കയോ ചെയ്താൽ ആ കഷായം കുടിക്കാൻ കൊള്ളുകയില്ലാ. ആവശ്യംപോലെ അഞ്ച്മിന്നിട്ടിന് മുമ്പും ഊററി എടുക്കാം. അങ്ങിനെ എടുക്കുന്ന വെള്ളത്തിന് സ്വൎണ്ണനിറവും നല്ല മണവും ഉണ്ടായിരിക്കും. വെള്ളം എടുത്താൽ അടിയിൽ കിടക്കുന്ന ഇല കളയണം. അതു പിന്നെ ഒന്നിനും കൊള്ളരുത്. ഇങ്ങനെ എടുത്ത് വെച്ചിരിക്കുന്ന ചായയിൽ ആവശ്യംപോലെ പാലും പഞ്ചസാരയും ചേൎത്ത് കുടിക്കാൻ ഉപയോഗിക്കുന്നു.

ചായ ദേഹത്തിൻെറ ക്ഷീണം തീക്കും. അതിന് ലഹരിയില്ല.

പാഠം ൨൩.

വിറക്‌വെട്ടുകാരൻെറ കഥ.

ഒരു ഗ്രാമത്തിൽ വിറക് വിററു് ഉപജീവനം ചെയ്തു വന്ന ഒരു വേലക്കാരൻ ഉണ്ടായിരുന്നു. അവൻ ദിവസം പ്രതി രാവിലെ കോടാലിയും എടുത്തു് സമീപം ഉണ്ടായിരുന്ന ഒരു കാട്ടിൽ വിറക്‌വെട്ടാൻ പോകും. ഒരു ദിവസം ഒരു കാട്ടുനദിയുടെ തീരത്തു് ഉണങ്ങിനിന്നിരുന്ന മരം മുറിച്ചു കൊണ്ടിരിക്കുമ്പോൾ കോടാലി അവൻെറ കൈയിൽനിന്നും തെററി വെള്ളത്തിൽ വീണു. ആററിൽ വെള്ളം പെരുകിയിരുന്നു. അവന്നു് നീന്തു് വശമില്ലായിരുന്നു. അതിനാൽ കോടാലി എടുക്കുന്നതു് അസാധ്യമായിത്തീൎന്നു.

തൻെറ ഉപജീവനത്തിനുള്ള ആയുധം പോയതിനാൽ അവൻ വ്യസനിച്ചു. ഉടനെ കാഴ്ചയ്ക്കു് വിശിഷ്ടനായ ഒരാൾ അടുത്തുചെന്നു് അവനോടു് വ്യസനിക്കുന്നതിൻെറ കാരണം ചോദിച്ചു ഉപജീവനമാൎഗ്ഗമായുള്ള കോടാലി വെള്ളത്തിൽ പോയതിനാൽ ആണെന്നു പറഞ്ഞു.

അതു കേട്ടു് ആ വിശിഷ്ടപുരുഷൻ നദിയിൽ മുങ്ങി ഒരു സ്വൎണ്ണക്കോടാലി എടുത്തു് കൊണ്ടുവന്നു് കാണിച്ചു. വിറകുവെട്ടുകാരൻ അതു് തൻേറതല്ലെന്നു് പറഞ്ഞു. പിന്നെയും അദ്ദേഹം ഒരു വെള്ളിക്കോടാലി മുങ്ങി എടുത്തു് കാണിച്ചു. അതും അവൻ തൻേറതല്ലെന്നു് ഉപേക്ഷിച്ചു. മൂന്നാം പ്രാവശ്യം ഇരുമ്പു്കോടാലി തന്നെ കാണിച്ചു. ഇതു് തന്നെ എൻേറതു് എന്നു് അവൻ വിളിച്ചുപറഞ്ഞു. വിശിഷ്ടപുരുഷൻെറ വേഷത്തിൽ വന്നിരുന്ന ആ വനദേവത അവൻെറ സത്യനിഷ്ഠ കണ്ടു് സന്തോഷിച്ചു് കോടാലി മൂന്നും കൊടുത്തു് അവനെ അനുഗ്രഹിച്ചയച്ചു.

ക്രമേണ ഈ വൎത്തമാനം ഗ്രാമത്തിൽ പരന്നതിൻെറ

ശേഷം ഗ്രാമക്കാരിൽ അത്യാഗ്രഹിയായ ഒരുവൻ തനിക്കും അങ്ങനെ കിട്ടണമെന്നുള്ള വിചാരത്തോടുകൂടെ കോടാലിയും എടുത്ത് കാട്ടിലേക്ക് പോയി. വിറക് വെട്ടുന്ന നാട്യത്തിൽ കോടാലി വെള്ളത്തിൽ കളഞ്ഞിട്ട് കരയിൽ ഇരുന്ന് കരഞ്ഞു. അവനോടും വനദേവത വന്ന് കരയുന്നതിൻെറ കാരണം ചോദിച്ചു. കോടാലി കളഞ്ഞുപോയിട്ടാണെന്ന് തന്നെ അവൻ ഉത്തരവും പറഞ്ഞു.

വനദേവത മുമ്പിലത്തെപ്പോലെ തന്നെ മുങ്ങി. എന്നാൽ കൊണ്ടുവന്ന് കാണിച്ചത് ഒരു ഇരുമ്പ് കോടാലിയാണ്. അവൻ അത് തൻേറതല്ലെന്ന് നിഷേധിച്ചു. ദേവത വീണ്ടും മുങ്ങി ഒരു വെള്ളിക്കോടാലി കാണിച്ചു, അവൻ അതും തള്ളിക്കളഞ്ഞു. ദേവത മൂന്നാമതും മുങ്ങി ഒരു സ്വർണ്ണക്കോടാലി കൊണ്ടുവന്ന് കാണിച്ചപ്പോൾ ഇത് തന്നെ എൻെറ കൈയിൽനിന്ന് പോയ കോടാലി എന്ന് പറഞ്ഞ് കൈ നീട്ടി. ഇവൻെറ ദുരാഗ്രഹം കണ്ട് വനദേവത കോപിച്ച് കോടാലി മൂന്നും ആററിൽ വലിച്ചെറിഞ്ഞിട്ട് മറയുകയും ചെയ്തു. അവൻ നാണിച്ച് തിരികെ പോയി.

പാഠം ൨൫.

സൂര്യൻ.

സൂര്യൻ എന്ത് വസ്തുവാണെന്നും എവിടെ നില്ക്കുന്നു എന്നും എന്ത് ചെയ്യുന്നു എന്നും നിങ്ങൾ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? നമുക്ക് ചൂടും വെളിച്ചവും തരുന്ന ഈ സൂര്യൻ ഇല്ലാതിരുന്നാൽ നമ്മുടെ സ്ഥിതി എന്തായിരിക്കും?

ഉച്ചയ്ക്ക് സൂര്യൻ പ്രകാശിക്കുന്ന സമയം തേജസ്സിൻെറ

ഉഗ്രതകൊണ്ടു് നമുക്ക് സൂൎയ്യനെ നോക്കാൻ കഴിയുന്നില്ല. എന്നാൽ ഉദിക്കുമ്പോഴും അസ്തമിക്കുമ്പോഴും നമുക്ക് സൂൎയ്യനെ നോക്കാൻ കഴിയും.

സൂൎയ്യനോ ഭൂമിയോ വലുതു് എന്നൊരാൾ ചോദിച്ചാൽ ഭൂമി തന്നെ വലുതു് എന്ന് നിങ്ങൾ പറയുമായിരിക്കാം.

എന്നാൽ ശാസ്ത്രജ്ഞന്മാർ സൂൎയ്യൻ നമ്മുടെ ഭൂമിയേക്കാൾ തുലോം വലുതാണെന്ന് നിശ്ചയിച്ചിരിക്കുന്നു. പിന്നെ എന്താണ് സൂൎയ്യൻ ഇത്ര ചെറുതായി കാണുന്നതു്? അതു് ഭൂമിയിൽനിന്ന് വളരെ ദൂരത്തിൽ ഇരിക്കുന്നതിനാലാണ്. എന്തുപോലെ എന്നാൽ:— ദൂരെ നില്ക്കുന്ന വൃക്ഷങ്ങളും മററും ചെറുതായി കാണുന്നു; ഒരു ഗോപുരത്തിന്റെയോ കുന്നിന്റെയോ മുകളിൽനിന്ന് നോക്കുമ്പോൾ താഴെ പോകുന്നവർ വളരെ ചെറുതായി തോന്നും. അടുക്കൽ ചെന്നു നോക്കിയാൽ അതുകളുടെ യഥാൎത്ഥമായ വലുപ്പം അറിയാം.

ദിവസേന കാലത്തു് സൂൎയ്യൻ കിഴക്കുദിച്ചു് പ്രകാശിക്കുന്നതും സന്ധ്യയ്ക്കു് നേരെ മറുവശത്തു് അസ്തമിക്കുന്നതും നിങ്ങൾ കണ്ടിരിക്കാം. ഇതു്കൊണ്ടു് സൂൎയ്യന് സഞ്ചാരമുണ്ടെന്ന് നിങ്ങൾക്ക് തോന്നും. എന്നാൽ അങ്ങനെ അല്ല; നമ്മുടെ ഭൂമിയുടെ സഞ്ചാരംകൊണ്ടാണ് ഈ മാററം ഉണ്ടാവുന്നതു്. ഭൂമി ഒരു പമ്പരംപോലെ തിരിഞ്ഞുകൊണ്ടിരിക്കുന്നു.

സൂൎയ്യൻ ഇല്ലാതെ ഇരുന്നാൽ വൃക്ഷങ്ങളോ സസ്യാദികളോ ജീവജാലങ്ങളോ യാതൊന്നും തന്നെ ഉണ്ടായിരിക്കയില്ല. നമുക്ക് ഭൂമിയിൽ വസിപ്പാനും കഴിവില്ലാതെ വരും.

അസ്തമയസമയം സൂൎയ്യനെ നോക്കുക: ചുവപ്പു്, മഞ്ഞ, നീലം മുതലായ നിറങ്ങളുള്ള മേഘങ്ങളുടെ ഇടയിൽ കാണുന്ന സൂൎയ്യബിംബം എത്ര മനോഹരമായിരിക്കുന്നു.

സൂൎയ്യൻെറ ഈ മാഹാത്മ്യംകൊണ്ടു് സൂൎയ്യനെ ഒരു ഈശ്വരനായി വിചാരിച്ചു പോരുന്നവരും ഉണ്ടു്.

പാഠം ൨൩.

വയൽ.

ഈ രാജ്യത്തു് നാം എല്ലാവരും സാധാരണമായി ഉണ്ണുന്നതു് നെല്ലരിയാണല്ലോ. ആ നെല്ലു് എവിടെ ഉണ്ടാകുന്നു എന്നും എങ്ങിനെ ഉണ്ടാകുന്നുവെന്നും അറിവാൻ നിങ്ങൾക്കു് കൗതുകമില്ലയോ?

നെല്ലു് ഒരു ധാന്യമാകുന്നു. അതിൻെറ മണികൾ വളരെ ചെറുതായിരിക്കും. ചിലതു് നീണ്ടും മററു ചിലതു് കുറെ ഉരുണ്ടും ഇരിക്കും. നെല്ലിൽ പല തരങ്ങൾ ഉണ്ടു്. വെളുത്ത അരി കിട്ടുന്ന നെല്ലു്, ചുവന്ന അരി കിട്ടുന്ന നെല്ലു് എന്നു് രണ്ടു് തരം പ്രധാനങ്ങളാകുന്നു

നെല്ലു് വിളയുന്ന ഭൂമിക്കു് വയൽ, നിലം, കണ്ടം, പാടം എന്നിങ്ങനെ പല പേരുകൾ പറയാറുണ്ടു്. നെല്ലിൻെറ വിളവു് ഭൂമിയുടെ സാരത്തേയും, പുറമെ ചേൎക്കുന്ന ഉരത്തിൻെറ ഗുണത്തേയും, കെട്ടി നില്ക്കുന്ന വെള്ളത്തിൻെറ ഏററക്കുറച്ചലിനേയും അനുസരിച്ചിരിക്കും.

നിലങ്ങളിൽ ഒന്നും രണ്ടും, ചിലെടത്തു് മൂന്നും തവണ കൃഷി ഇറക്കാറുണ്ടു്. മീനമാസത്തിലുള്ള കഠിനമായ വെയിൽകൊണ്ടു് ഭൂമിക്കു് നല്ല കായ്ച്ചു് തട്ടിക്കഴിഞ്ഞാൽ മേടമാസത്തിൽ ഉണ്ടാകുന്ന ഇടമഴയോടുകൂടി വയൽ ഉഴുതു് ഉരമിട്ടു് വിതക്കുവാൻ തെയ്യാറാകും. വയലിൽ സാധാരണമായി വിളയുന്ന നെല്ലിനെ മുളകെട്ടി പൊടിയിൽ വിതക്കുന്നു. തുലാമാസത്തിൽ ഞാററു് പിഴുതു് നടുന്നു.

നെല്ല് കിളിത്തു് വരുമ്പോൾ നോക്കിയാൽ സാധാരണ പുല്ല് മുളക്കുന്നു എന്നേ തോന്നുകയുള്ളൂ. മുളച്ചാൽ കുറേ ദിവസം നല്ലപോലെ കായണം. കായ്ച്ച് കഴിയുന്നതോടു കൂടി ആവശ്യമുള്ള വെള്ളം കയററി നിറുത്തണം. ഇത്രയും ആയാൽ ഓരോ മൂട്ടം മുററയ്ക്കു് വളരും. ഇങ്ങനെ രണ്ടാഴ്ചയോളം കഴിയുമ്പോൾ കള പറിച്ചുകളയണം. കള പറിച്ചില്ലെങ്കിൽ അതു് നെല്ലിന് ചെല്ലേണ്ടുന്ന ഉരം അപഹരിച്ചുകളയും. ചില വയലുകളിൽ രണ്ടും മൂന്നും പ്രാവശ്യം കള പറിക്കേണ്ടിവരും. ഞാറിൻെറ ചുവട്ടിൽ വെള്ളം എപ്പോഴും കെട്ടിനിൽക്കണം. വെള്ളം വററിയാൽ വയൽ ഉണങ്ങിപ്പോകും.

മൂന്ന് മാസം കഴിയുമ്പോൾ നെല്ലിന് കതിർ വരും. ആ സമയം മഴയുണ്ടായിരുന്നാൽ കൃഷിയ്ക്കു് ദോഷമാണ്. കതിരുകളിൽ പുഴുക്കളും ഏഴിയൻ മുതലായ ശലഭങ്ങളും വീഴാതെ സൂക്ഷിക്കണം. പുഴുക്കളോ ഏഴിയനോ വന്നു കൂടിയാൽ കതിരെല്ലാം (പതിർ) ചാവി ആയിപ്പോകും. ഒന്നിലും അരി കാണുകയില്ല. ഇവ കതിരിനകത്തുള്ള പാൽ കുടിച്ചുകളയുന്നതിനാലത്രേ കതിരിൽ അരി ഇല്ലാതെ പോകുന്നതു്

കതിരു് വന്നുകഴിഞ്ഞാലും വയലിൽ വെള്ളത്തിന് കുറവു് വരരുതു്. നെൽമണികൾ മൂത്തു് പഴുക്കുന്നതു് വരെ വെള്ളം ഉണ്ടായിരിക്കണം. നല്ല ഭൂമിയിൽ ഞാർ ഏകദേശം നാലടിവരെ ഉയരത്തിൽ വളരും. നെല്ലിന് വിളവു് രണ്ടു് മാസത്തിലധികം ഉണ്ടു്. ഞാർ നല്ലപോലെ പൊടിച്ചു് വളൎന്നുവരുന്ന നിലവും, വിളഞ്ഞു് പഴുത്തു് നില്ക്കുന്ന നിലവും കാഴ്ചയ്ക്കു് വളരെ ഭംഗിയുള്ളതാകുന്നു. കണ്ണെത്തുന്നിടത്തോളം ഭൂമി ഒന്നുപോലെ പച്ചനിറമായി കിടക്കുന്നതു് കണ്ടാൽ കണ്ണിന് കുളൎമ തോന്നും. മേടമാസത്തിൽ വിത-

ച്ചാൽ കന്നിമാസത്തിൽ കൊയ്യാം. അതുപോലെ തുലാ-മാസത്തിൽ നട്ടാൽ കുംഭത്തിൽ കൊയ്യാം.

നെല്ലു് മൂത്തുവരുമ്പോൾ കുരുവി, അണ്ണാൻ, എലി മുത-ലായവ വയലിൽ കടന്നുകൂടി വിളവു് അപഹരിക്കാൻ തുട-ങ്ങും. ഈ ഉപദ്രവത്തിനും കൃഷിക്കാർ പ്രതിവിധി ചെയ്യണം.

നെല്ലു് നല്ലപോലെ മൂത്താൽ വിളവെടുക്കാം (കൊയ്യാം). നിലം കൊയ്യുമ്പോൾ കൊയ്ത്തുകാർ ഓരോ മൂട്ടം അടിയിൽ നിന്നു് നാലു്വിരൽ പൊക്കത്തിൽ അറുത്തെടുക്കുന്നു. അറുത്ത കതിരുകൾ കററകെട്ടി കളത്തിൽ കൊണ്ടുപോയി വട്ടത്തിൽ അടുക്കുന്നു. കററ അടുക്കിയിരിക്കുന്നതിന്നു് 'ചൂട്ട്' എന്നു് പേർ പറയും. ചൂടിൻെറ ചുററും നടന്നുനോക്കി-യാൽ കററയുടെ മൂടല്ലാതെ ഒന്നും കാണുകയില്ല.

ചൂട്ട് അടുക്കിയതിൻെറ മറുദിവസമോ അതിനടുത്ത ദിവസമോ കൊയ്ത്തുകാർ വന്നു് ചൂട്ട് അടിക്കുന്നു. ചൂട്ട് പിരിച്ചു് കററകൾ ചെറു കെട്ടുകളായി കെട്ടി തലയ്ക്കു് മീതെ ചുററി നിലത്തു് തല്ലുന്നു. രണ്ടു് പ്രാവശ്യം തല്ലുമ്പോൾ അതിലുള്ള നെൽമണികൾ മിക്കതും കൊഴിഞ്ഞു് താഴെ വീഴും. പിന്നെ ആ കററകൾ പ്രത്യേകം അടുക്കിവെ-ച്ചേയ്ക്കും. ഈ അടുക്കുകളിൽനിന്നു് പിന്നീടു്, വണ്ണംകുറഞ്ഞു് നീളംകൂടിയ വടികൊണ്ടടിച്ചു്, ശേഷിച്ചിരിക്കുന്ന മണി-കളും ഉതിർത്തെടുക്കും. കന്നുകാലികളെക്കൊണ്ടു ചവിട്ടിച്ചും ശേഷിച്ച നെല്ലു് ഉതിക്കാറുണ്ടു്.

ഇങ്ങനെ കിട്ടുന്ന നെല്ലു് വീശി പതിരു് കളയണം. പിന്നീടു് നല്ലപോലെ ഉണക്കി നനവു് തട്ടാത്ത ദിക്കിൽ ഇട്ടു് സൂക്ഷിക്കണം. ഉണക്കു് കുറഞ്ഞാൽ നെല്ലു് ചീഞ്ഞയായി-പ്പോകും. ഒരു കൊല്ലമോ കുറഞ്ഞതു് ഏഴെട്ടു് മാസമോ കഴിയാതെ നെല്ലു് അരിയാക്കി ഉണ്ണാൻ നന്നല്ല. പുതു-നെല്ലിൻെറ അരി ഉണ്ടാൽ വേഗം ദഹിക്കയില്ല.

ഈ രാജ്യത്തിൽ നാഞ്ചിനാട്ട്, കുട്ടനാട്ട് മുതലായ സ്ഥലങ്ങളിൽ നെല്ല് സമൃദ്ധിയായി വിളയുന്നു. മററു ദിക്കുകളിലും വിളയുന്നുണ്ടു്. മലവാരങ്ങളിലും ഒരുവക നെൽകൃഷിയുണ്ടു്.

ഈ രാജ്യത്തിൽ വിളയുന്ന നെല്ല് ഈ രാജ്യത്തുള്ളവക്ക് ഭക്ഷണത്തിന്ന് മതിയാകാത്തതിനാൽ മറു രാജ്യങ്ങളിൽനിന്നും നെല്ല് വരുത്തി ഉപയോഗിക്കേണ്ടിവരുന്നു.

നെല്ല് ഉതിർത്തെടുത്താൽ വയ്ക്കോൽ ശേഷിക്കും. ഇതിന്ന് കച്ചി എന്നും പേർ പറയും. ഇതു് പശു, കാള, എരുമ മുതലായ കന്നുകാലികൾക്ക് നല്ല തീററിയാകുന്നു.

നെല്ലിൽ പല ഇനങ്ങളും ഉണ്ടെന്ന് പറഞ്ഞുവല്ലോ. അവയിൽ കിട്ടുന്ന ഇനമെല്ലാം ശേഖരിച്ച് ഓരോന്നിനും തമ്മിലുള്ള വ്യത്യാസങ്ങൾ ഗ്രഹിക്കാൻ ശ്രമിക്കുക.

പാഠം ൨൭.

മടിയനായ ബാലൻ.

ഒരു ഗ്രാമത്തിൽ ഒരു പാവപ്പെട്ട കൃഷിക്കാരന്ന് അക്ബർഖാൻ എന്ന് പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു. കൃഷിക്കാരൻ മകനെ പള്ളിക്കൂടത്തിൽ ആക്കി. കുട്ടി കുറെ ദിവസം പള്ളിക്കൂടത്തിൽ മുടങ്ങാതെ തന്നെ പോയി. എന്നാൽ ക്രമേണ മടി പിടിച്ച് കളിച്ച് നടക്കാൻ തുടങ്ങി.

ഒരു ദിവസം പള്ളിക്കൂടത്തിലേക്കു പുറപ്പെട്ടിട്ട് അവിടെ ചെല്ലാതെ വഴിയിൽ നിന്നു. കൂട്ടുകാർ ഇല്ലാഞ്ഞിട്ട് വഴിയിൽ കണ്ട ഒരു പട്ടിയെ കളിക്കാൻ വിളിച്ചു.— "എനിക്ക് യജമാനൻെറ വീടു കാക്കാൻ പോകണം. കളിക്കാൻ ഇടയില്ല."

പട്ടി ഇങ്ങനെ പറഞ്ഞു് പിരിഞ്ഞതിൻെറ ശേഷം പറന്നുപോകുന്ന തേനീച്ചകളെ കണ്ടു് കളിക്കാൻ വരാമോ

എന്നു് ചോദിച്ചു. തേനീച്ചകൾ:—"ഞങ്ങൾ തേൻ ശേഖരിക്കാൻ പോകയാണു് ഇക്കാലത്തേ തേൻ കിട്ടുകയുള്ളു.

ഇപ്പോൾ കളിച്ചു നടന്നാൽ പിന്നീടു് പട്ടിണി ആയിപ്പോകും. ഞങ്ങൾ ഇപ്പോൾ വരികയില്ല".

അവൻ പിന്നെയും കൂട്ടുകാരെ അന്വേഷിച്ചു നടന്നു-

പ്പോൾ ഒരു ഉറുമ്പിൻകൂട്ടം പോകുന്നത് കണ്ടു. അവരെ കളിക്കാൻ ക്ഷണിച്ചു. ഉറുമ്പുകൾ:— "ഇതു വേനൽക്കാലമാണ്, ഇപ്പോൾ ശേഖരിച്ചില്ലെങ്കിൽ മഴകാലത്ത് ആഹാരം മുട്ടും. ഞങ്ങൾക്ക് ഇപ്പോൾ കളിപ്പാൻ സമയമില്ല".

കളിക്കാൻ വിളിച്ചവർ എല്ലാവരും പരിശ്രമശീലന്മാരായി കണ്ടതിനാൽ താനും അവരെപ്പോലെ ജോലി ചെയ്യണമെന്ന് കുട്ടി മനസ്സിലാക്കി. പിറേറ ദിവസം മുതൽ പാഠശാലയ്ക്കു് ക്രമമായി സമയത്ത് പോകയും പാഠങ്ങൾ ശരിയായി പഠിക്കയും ചെയ്തു.

പാഠം ൨൯.

കളിമൺ.

കൊയ്ത്തു് കഴിഞ്ഞു് ഉണങ്ങിക്കിടക്കുന്ന വയലിൽ ചെന്ന് നോക്കിയാൽ നിലം അവിടവിടെ പിളന്നിരിക്കുന്നതായി കാണാം. അതിൽനിന്നു് ഒരു കട്ട എടുത്ത് കൊണ്ടുവരിക. ഈ മണ്ണിന്ന് കളിമൺ എന്ന് പേർ പറയും.

ഒരു കല്ലു്കൊണ്ടോ വടികൊണ്ടോ തല്ലിയാൽ ആ കട്ട ഉടഞ്ഞുപോകും. ചെറിയ കട്ടകൾ കൈവിരൽകൊണ്ടു് അമത്തിയാലും ഉടഞ്ഞു് പൊടിഞ്ഞുപോകും. ഈവക മൺകട്ടകൾ ആകൃതിയിൽ കൂത്തും മൂത്തും തൊട്ടാൽ കഠിനമായും ഇരിക്കും.

ഒരു തൊട്ടിയിൽ വെള്ളം കൊണ്ടുവന്നു് അതിൽ ഒരു കളിമൺകട്ട എടുത്തിടുക. അതു് വേഗത്തിൽ വെള്ളത്തിൻെറ അടിയിൽ താണുപോകും. അതുകൊണ്ടു് അതിന്നു ഘനമുണ്ടെന്നു് തീൎച്ചയാക്കണം.

വെള്ളത്തിൽ അടിഞ്ഞ കളിമൺകട്ട എടുത്ത് അതു് എങ്ങനെ ഇരിക്കുന്നു എന്നു് നോക്കാം. അതിന്നുണ്ടായിരുന്ന

കട്ടപ്പുമെല്ലാം പോയിരിക്കുന്നു; ഇപ്പോൾ നല്ല മാർദ്ദവമുണ്ടു്; കൈകൊണ്ടു് എളുപ്പത്തിൽ ഞെക്കാവുന്ന സ്ഥിതിയിൽ ഇരിക്കുന്നു; കത്തികൊണ്ടു് അതിൽനിന്നു് ഒരു തുണ്ടു് മുറിച്ചു് (വെട്ടി) എടുക്കാം; മുറികൾ ഘനമുള്ള വടികൊണ്ടു് തല്ലി ഉരുട്ടാം; ഉണ്ട നിലത്തെറിഞ്ഞാൽ പൊട്ടുകയില്ല; വെള്ളത്തിൽ നനയ്ക്കാത്ത കട്ട നിലത്തു് വീണാൽ പൊട്ടുമോ എന്നു് പരീക്ഷിച്ചറിക. നനഞ്ഞ കളിമണ്ണു് മൃദുവാണെങ്കിലും ഉടയാത്തതാണെന്നു് ഇതുകൊണ്ടു് അറിയാം.

നനച്ച കളിമൺ കൈകൊണ്ടു് കുഴച്ചു് ഒരു കിണ്ണത്തിന്റെ ആകൃതിയിലാക്കി നോക്കുക. നിങ്ങളുടെ ശ്രമം ഉടനെ ഫലിക്കും. പിന്നെ അതുകൊണ്ടു് ഒരു തട്ടമോ കിണ്ടിയോ ഏതെങ്കിലും ഉണ്ടാക്കി നോക്കുക. അതെല്ലാം സാധിക്കും. ഇങ്ങനെ പലമാതിരി പാത്രങ്ങളായി ഉണ്ടാക്കാവുന്നതിനാൽ കളിമണ്ണിനു് പശിമ ഉണ്ടെന്നു് പറയുന്നു.

നിങ്ങൾ ഉണ്ടാക്കിയ കിണ്ണത്തിലോ കിണ്ടിയിലോ കുറെ വെള്ളം ഒഴിച്ചു വെയ്ക്കുക. വെള്ളം ചോൎന്നു പോകുന്നുണ്ടോ? ഇല്ല. അതുകൊണ്ടു് നനഞ്ഞ കളിമണ്ണിൽ കൂടി വെള്ളം ചോൎന്നുപോകയില്ലെന്നു് മനസ്സിലാക്കാം.

എന്നാൽ ഉണങ്ങിക്കിടക്കുന്ന കളിമൺകട്ട തൊട്ടാൽ മാർദ്ദവമില്ലാത്തതും കൂൎത്തുമൂൎത്തിരിക്കുന്നതും നിലത്തു് വീണാൽ വേഗം ഉടഞ്ഞുപോകുന്നതും പശിമ ഇല്ലാത്തതും ആണെന്നു് നാം മുമ്പു് പഠിച്ചുവല്ലോ. അങ്ങനെ ഉള്ള കളിമൺകട്ടയിൽ കുറെ വെള്ളം ഒഴിക്കുക. ആ കട്ട വെള്ളം കുടിച്ചുകളഞ്ഞതായി തോന്നും. അതിന്റെ ചെറുസുഷിരങ്ങളിൽ ഇപ്പോൾ വെള്ളം നിറഞ്ഞിരിക്കുന്നു. കുഴച്ചുരുട്ടിയാൽ അതിനു് മാർദ്ദവവും പശിമയും ഉണ്ടാകും; ഉടയുകയുമില്ല.

പാഠം ൨൩.

ഒരു തുള്ളി മഷി.

ഒരു ഗ്രാമം വിട്ടു കുറെ ദൂരമായി ഒരു ഗൃഹസ്ഥൻ താമസിച്ചിരുന്നു. ഗൃഹസ്ഥൻെറ മകൻ കേശവൻ ഗ്രാമത്തിലുള്ള പാഠശാലയിൽ പഠിച്ചുവന്നു. പള്ളിക്കൂടം വിട്ട് വീട്ടിൽ വന്നാൽ സന്ധ്യയാകുന്നതുവരെ അവൻ തനിയേ കളിക്കും. സമീപത്ത് വേറെ വീടുകൾ ഇല്ലാതിരുന്നതിനാൽ കൂട്ടുകാർ ഉണ്ടായിരുന്നില്ല.

ഇങ്ങനെ കുറേക്കാലം കഴിഞ്ഞപ്പോൾ കേശവൻെറ വീട്ടിന് സമീപം ഒരു സ്ഥലത്ത് വേറെ ഒരു വീട്ടുകാർ വന്ന് താമസിച്ചു. ആ വീട്ടിൽ കേശവൻെറ തരത്തിൽ രണ്ടു് കുട്ടികൾ ഉണ്ടായിരുന്നു കളിക്കാനുള്ള സമയങ്ങളിൽ കേശവൻ അവരുമായി കളിക്കും.

ഒരു ദിവസം കേശവൻെറ അമ്മ അവനെ വിളിച്ച് ഇനിമേൽ ആ കുട്ടികളൊന്നിച്ച് കളിക്കാൻ പോകരുതെന്ന് വിരോധിച്ചു.

കേശവൻ:—"അമ്മ അങ്ങനെ പറയരുതേ! അവരോടുകൂടി കളിക്കുമ്പോൾ നേരം പോകുന്നത് ഞാൻ അറിയുന്നില്ല."

അമ്മ:—"ഇന്നലെ എനിക്ക് അവർ കളിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്ത് പോകാൻ സംഗതിയായി. അവർ തമ്മിൽ അസഭ്യവാക്കുകൾ പലതും പറയുക ഉണ്ടായി."

കേശവൻ വിളറിയ മുഖത്തോടുകൂടെ പറഞ്ഞു:— "അമ്മേ! അവർ ചീത്തവാക്കുകൾ പറയാറുണ്ടു്, അതെനിക്കറിയാം, അമ്മ എന്നെ നല്ലപോലെ വകതിരിവു് പഠിപ്പിച്ചിട്ടുള്ളതുകൊണ്ടു് ഞാനും അവരെപ്പോലെ അസ-

ഭ്യവാക്കുകൾ ഉപയോഗിക്കുമെന്ന് ശങ്കിക്കേണ്ട; അവക്ക് അതൊരു കുററമേ ഉള്ളൂ."

അമ്മ:— "കൊള്ളാം, നീ പോയി ഒരു സ്ഫടികക്കിണ്ണത്തിൽ വെള്ളം കൊണ്ടുവാ" എന്നു പറഞ്ഞു.

സ്ഫടികക്കിണ്ണത്തിലുള്ള വെള്ളത്തിനും അസഭ്യവാക്കുകൾക്കും തമ്മിലുള്ള സംബന്ധം എന്തായിരിക്കും എന്ന് ആലോചിച്ചുകൊണ്ട് കേശവൻ വെള്ളം കൊണ്ടുവന്ന് അമ്മയുടെ മുമ്പിൽ വെച്ചു. അമ്മ 'ഒരു തുള്ളി മഷി' എടുത്ത് വെള്ളത്തിൽ ഇററിച്ചു. ഉടനെ മഷി വെള്ളത്തിൽ വ്യാപിച്ച് അതിന്ന് നിറഭേദം വരുത്തി.

കേശവൻ:— "അമ്മേ! വെള്ളത്തിന്ന് നിറം പകർന്നല്ലോ."

അമ്മ:— "കുറേക്കൂടി വെള്ളം കിണ്ണത്തിൽ ഒഴിച്ച് നോക്കു. അതുകൊണ്ട് തെളിയുമായിരിക്കും."

കേശവൻ:— "കിണ്ണം നിറച്ച് വെള്ളം ഒഴിച്ചാലും തെളിയുകയില്ലാ."

അമ്മ:— നിനക്ക് അതറിയാമല്ലോ. ഇതുപോലെ തന്നെ ചീത്ത ആളുകളോടുള്ള സ്വല്പസഹവാസവും സ്വഭാവഭേദം വരുത്തും."

പാഠം ൩൫.

സജ്ജനങ്ങളും ദുർജ്ജനങ്ങളും.

കണ്ണാടി കാണ്മോളവും തന്നുടെ മുഖമേററം
നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ;
മററുള്ള ജനങ്ങൾക്കു കുററങ്ങൾ പറഞ്ഞീടും
മുററും തന്നുടെ കുററമൊന്നറികയുമില്ല.

കുററമില്ലാത്ത ജനം കുററമുള്ളവരേയും
ചെററു നിന്ദിക്കയില്ല തമ്മുടെ ഗുണംകൊണ്ടു്.
മത്തേഭൻ പാംസുസ്നാനംകൊണ്ടല്ലോ സന്തോഷിപ്പൂ
നിത്യവും സ്വച്ഛജലം തന്നിലേ കുളിച്ചാലും:
സജ്ജനനിന്ദകൊണ്ടേ ദുൎജ്ജനം സന്തോഷിപ്പൂ;
സജ്ജനത്തിനു് നിന്ദയില്ല ദുൎജ്ജനത്തേയും.
ക്ഷീരമാംസാദി ഭുജിച്ചീടിലുമമേധ്യത്തെ-
പ്പാരാതെ ഭുജിയ്ക്കേണം സാരമേയങ്ങൾക്കെല്ലാം.
സത്യധൎമ്മാദിവെടിഞ്ഞീടിന പുരുഷനെ
ക്രുദ്ധനാം സൎപ്പത്തേക്കാളേററവും പേടിക്കേണം.

പാഠം ൩൧.

ഒരു കുന്നു്.



നാം റോട്ടിൽകൂടി പോകുമ്പോൾ ചില സ്ഥലങ്ങളിൽ ഇറക്കവും ചില ദിക്കിൽ കയററവും ചിലേടത്തു് നിരപ്പാ

കണ്ടു് പരിചയമുണ്ടല്ലോ. കയററം കയറി വളരെ ദൂരം പോയി പിന്തിരിഞ്ഞു നോക്കിയാൽ നാം പോയ വഴി വളരെ താഴെയായി കിടക്കുന്നതായും നാം നില്ക്കുന്ന സ്ഥലം ചുററുമുള്ള പ്രദേശങ്ങളേക്കാൾ വളരെ ഉയൎന്നതായും അറിയാം. നാം നില്ക്കുന്ന ദിക്കിൽനിന്നു് നോക്കിയാൽ നാലു് വശത്തുമുള്ള വീടുകൾ, പുരയിടങ്ങൾ, ആറുകൾ, കുളങ്ങൾ, ക്ഷേത്രങ്ങൾ മുതലായവ നമുക്കു് വ്യക്തമായി കാണാം. ഈ ഉയൎന്ന പ്രദേശത്തിൻെറ പല ഭാഗങ്ങളിൽ ചെന്നു നോക്കിയാൽ അവിടവിടെ അടുത്ത താഴ്ന്ന സ്ഥലങ്ങളിൽ ഉള്ളതെല്ലാം കാണാം. ഇങ്ങനെ ചുററുമുള്ള പ്രദേശങ്ങളേക്കാൾ ഉയൎന്നിരിക്കുന്ന സ്ഥലത്തിനു് കുന്നു് എന്നു് പേർ പറയുന്നു.

ഒരു കുന്നു് ഉയൎന്നിരിക്കുന്നതോടുകൂടി മുകൾഭാഗം പരന്നു് വിസ്താരമുള്ളതും ആളുകൾക്കു് കുടിപാൎക്കാൻ വേണ്ട സൗകൎയ്യമുള്ളതും ആയിരിക്കാം. കുന്നിൻെറ മുകളിലും ചരിവുകളിലും പല വൃക്ഷങ്ങൾ കാണും. ചരിവുകളിലും മുകളിലും പാറകൾ ആണെന്നും വരാം. മുകൾഭാഗം പരപ്പില്ലാതേയും ഒരു വീട്ടിൻെറ കൂരയുടെ മേൽഭാഗംപോലെ കൂൎത്തും ഇരിക്കാം. ചരിവുകൾ വളരെ തൂക്കായും, തൂക്കില്ലാതെ ക്രമേണ ചരിഞ്ഞും ഇരിക്കാം. ചിലേടത്തു മുകളിൽ ഊററുകൾ കണ്ടേക്കാം. എങ്ങും തന്നെ വെള്ളമില്ലാതെയുള്ള കുന്നുകളും ഉണ്ടു്.

ഇങ്ങനെ ഉയൎന്നും പരന്നും തുടൎച്ചയായും കിടക്കുന്ന പ്രദേശങ്ങളിൽ സാധാരണ ആൾപാൎപ്പും കൃഷിയും ഉണ്ടു്. ഉയരം ക്രമേണ കൂടിക്കൂടി വന്നു് ആളുകൾക്കു് വളരെ പ്രയാസംകൂടാതെ കയറാൻ പാടില്ലാത്ത ഭാഗങ്ങളെ നാം മല എന്നു് പറയുന്നു. കുന്നും മലയും വളരെ ദൂരംവരെ ഒരുപോലെ നിരപ്പായിരിക്കുന്നില്ല. കുറേ ദൂരം നിരപ്പായ സ്ഥലമായിരുന്നാൽ പിന്നെ കുറേ ദൂരം താഴ്ന്ന ഭൂമിയായി കിടക്കും.

നമ്മുടെ രാജ്യത്തിൽ സമുദ്രതീരം സമീപിച്ച് നിരപ്പുള്ള പ്രദേശം ഉണ്ട്. ഉൾനാട്ട് മുഴുവൻ കുന്നും കുഴിയും മലയും താഴ്വരയും ആകുന്നു. ഈ മലകളിലും കുന്നുകളിലുംനിന്ന് അനേകനദികൾ പുറപ്പെട്ട് താഴ്ന്ന സ്ഥലത്ത് കൂടി ഒഴുകി ജനങ്ങൾക്ക് വളരെ ഉപകാരം ചെയ്യുന്നു. അധികമുള്ള വെള്ളമെല്ലാം കായലുകളിലോ സമുദ്രത്തിലോ ചെന്ന് ചേരുന്നു.

പാഠം ൩൨.

വൃത്തിയായ പുസ്തകം.

ഒരു വാദ്ധ്യാർ ക്ലാസിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും പാഠപുസ്തകം പുതുതായി വരുത്തിക്കൊടുത്തു. അതിന്റെ ശേഷം ഇങ്ങനെ പറഞ്ഞു:– "നിങ്ങൾ എന്നും ഈ പുസ്തകം തന്നെ ഉപയോഗിക്കണം. ഒരുമാസം കഴിഞ്ഞാൽ പുസ്തകം വേണ്ടുംവണ്ണം ഉപയോഗിച്ചിട്ടുള്ള കുട്ടിയ്ക്ക് ഞാൻ ഒരു സമ്മാനം കൊടുക്കാൻ നിശ്ചയിച്ചിട്ടുണ്ട്." ഇത്രയും പറഞ്ഞു് മേശയിൽനിന്ന് ഒരു വിശേഷപ്പെട്ട ചിത്രപുസ്തകമെടുത്ത് ഇതാണ് സമ്മാനത്തിനുള്ളത് എന്ന് എല്ലാവരേയും കാണിച്ചു.

കുട്ടികൾ അതു് കണ്ടു് ഓരോരുത്തനും സമ്മാനം തനിക്ക് കിട്ടണം, വീട്ടിൽ കൊണ്ടുചെന്ന് എല്ലാവരേയും കാണിച്ചു് സന്തോഷിപ്പിക്കണം എന്നുള്ള കൗതുകത്തോടു കൂടെ പഠിച്ചുതുടങ്ങി.

ഒരു മാസം കഴിഞ്ഞപ്പോൾ സമ്മാനം ആക്ക് കിട്ടുമെന്ന് കുട്ടികൾ ഒരുമാതിരി തീർച്ചയാക്കി:— "രാമകൃഷ്ണനേപ്പോലെ ആരും നന്നായി വായിക്കുന്നില്ല, ചോദിക്കുന്നതിനൊക്കെ വ്യക്തമായും തെററുകൂടാതെയും അവൻ ഉത്തരം പറയുന്നു, സമ്മാനം തീർച്ചയായും അവന്നു് തന്നെ ലഭിക്കും."

സമ്മാനത്തിനുള്ള ദിവസമായി. അദ്ധ്യാപകൻ ക്ലാസിൽ വന്നു. കുട്ടികൾ എഴുന്നേററു നിന്നു വന്ദിച്ചു. അദ്ധ്യാപകൻ ഓരോരുത്തനെ വിളിച്ചു വായിക്കാൻ പറകയും ചില ചോദ്യങ്ങൾ ചോദിക്കയും പുസ്തകം പരിശോധിക്കയും ചെയ്തു.

ഇത്രയും കഴിഞ്ഞു് അദ്ധ്യാപകൻ സമ്മാനം കൊടുക്കാനായി വെച്ചിരുന്ന പുസ്തകം എടുത്തു് കൊച്ചുരാമനെ അടുക്കൽ വിളിച്ചു് സമ്മാനം അവന്നു കൊടുക്കാൻ പോകുന്നുവെന്നു പറഞ്ഞു. ഇതു് കേട്ടു് കുട്ടികൾ എല്ലാവരും വിസ്മയിച്ചു. കുട്ടികളുടെ ഭാവം കണ്ടിട്ടു് അദ്ധ്യാപകൻ ഇങ്ങനെ പറഞ്ഞു:— "നിങ്ങൾ എന്തു് വിചാരിക്കുന്നുവെന്നു് എനിക്കറിയാം, രാമകൃഷ്ണനെപ്പോലെ ആരും സമൎത്ഥനല്ല, എന്നാൽ കൊച്ചുരാമനും നല്ലപോലെ പഠിക്കുന്നുണ്ടു്, അതുകൂടാതെയും അവൻ എന്നും സമയത്തിന്നു ഹാജരാകയും പുസ്തകം വൃത്തിയായി വെച്ചുകൊള്ളുകയും ചെയ്തിട്ടുണ്ടു്. അവന്റെ പുസ്തകത്തിൽ ഒരിടത്തെങ്കിലും ഒരു വിരലിന്റെ പാടു് കാണുകയോ ഒരു വശമെങ്കിലും മൂലകൾ മടങ്ങിയിരിക്കുകയോ ചെയ്യുന്നില്ല. മററാക്കും ഇത്രയും സാധിച്ചിട്ടില്ലല്ലോ. കൊച്ചുരാമൻ സമ്മാനം കിട്ടുന്നതിന്നു മാത്രം വേണ്ടി ശ്രമപ്പെട്ടതായി വിചാരിക്കാൻ പാടില്ല. സാധനങ്ങളെ ശുചിയായി വെച്ചുകൊള്ളുന്നതിന്നു അവൻ ശീലിച്ചിട്ടുണ്ടു്. അതോടുകൂടി ജോലിയും ശുഷ്കാന്തിയായി ചെയ്യുന്നതിനാൽ ഈ സമ്മാനം ഞാൻ കൊച്ചുരാമന്നു കൊടുക്കുന്നു."

കൊച്ചുരാമന്നു സമ്മാനം കിട്ടിയതുകൊണ്ടു് കുട്ടികൾക്കു സന്തോഷം ഉണ്ടായതേ ഉള്ളൂ.

പാഠം ൩൩.

നാളെയാകട്ടെ.

നാളെയാമെന്നങ്ങൊരു നേരവും നിനയാതെ;
നാഴിക പോകുന്തോറും കാലങ്ങൾ കഴിഞ്ഞുപോം;
കാലങ്ങൾ കഴിയുമ്പോൾ കാലനുമണഞ്ഞീടും;
കാലൻെറ വരവിനു നാളേതെന്നറിയാമോ?
കാലുനാഴികപോലും കാലങ്ങൾ കളയാതെ
കാലകാലനെ ഭജിച്ചീടുക നിരന്തരം.
അജ്ഞരാം ജനങ്ങളോടൊത്തു നീ വസിക്കാതെ
പ്രാജ്ഞരായുള്ളോരുടെ ചേച്ചയുമുണ്ടാകേണം.
മഞ്ജുളതരമായ മന്ദിരങ്ങളുമെല്ലാം
ഒന്നുമേ വരാ മരണാന്തികേ ഒരുവനും.
ധമ്മവുമധമ്മവുമെന്നിവരിരുവരു-
മെന്നിയേ സഹായം മററില്ലൊരുവനും തദാ;
ഉടുത്ത വസ്ത്രം പോലുമെടുപ്പാൻ കഴിവരാ;
തടിച്ച ദേഹംകൂടെ കിടക്കെന്നതേ വരു.

പാഠം ൩൪.

മേഘവും മഴയും.

മഴ എന്തെന്നും എങ്ങനെ ഉണ്ടാകുന്നു എന്നും പഠിക്കാം. ഒരു പാത്രം നിറച്ച് തണുത്ത വെള്ളം എടുത്ത് അതിനെ അടുപ്പിന്മേൽ വെച്ച് തീ കത്തിക്കുക. കുറേനേരം കഴിയുമ്പോൾ വെള്ളം ചൂട്പിടിക്കയും ക്രമേണ ചൂട് കൂടിവരുമ്പോൾ വെള്ളം തിളയ്ക്കുകയും ചെയ്യുന്നു. തിളച്ചുകൊണ്ടിരിക്കുന്ന വെള്ളത്തിന് മുകളിൽ കൈ നല്ലപോലെ തുടച്ചും വെച്ച്, നീട്ടിപ്പിടിച്ചാൽ ക്രമത്തിലധികമായ ചൂട് തട്ടു-

ഉടനെ കൈ വലിച്ചെടുക്കുക. കൈയിൽ നിശ്ചയമായി നനവു് തട്ടിക്കാണും. വെള്ളം ഇററി വീണു എന്നു് തന്നെയും വരാം. ഇങ്ങനെ തിളയ്ക്കുന്ന വെള്ളത്തിൻെറ മീതെ നീട്ടിയാൽ കൈ പൊള്ളിപ്പോയി എന്നു് വരാവുന്നതിനാൽ കൈയ്ക്കു് പകരം ഒരു തണുത്ത പിത്തളത്തട്ടമോ അഴുക്കില്ലാതെ തേച്ചു് തുടച്ച സ്ലേററോ പിടിക്കയാണു് നന്നു്. ഒരു ക്ഷണത്തിൽ സ്ലേററിൻെറ ഒരു വശത്തു് ജലകണങ്ങൾ പററിയിരിക്കുന്നതായി കാണാം. സ്ലേററെടുത്തു് ചരിച്ചു് പിടിച്ചാൽ അതിൽനിന്നു് വെള്ളം ഒലിക്കയും ചെയ്യും.

തേച്ചുതുടച്ച സ്ലേററിൽ ഈ വെള്ളം എവിടെനിന്നു് വന്നു? നമുക്കു് തിളയ്ക്കുന്ന വെള്ളത്തെ ഒന്നുകൂടി നോക്കാം. വെള്ളം തിളയ്ക്കുന്ന പാത്രത്തിൻെറ മുകളിൽ കുറേ പുക ചുഴന്നതായി തോന്നുന്നു. എന്നാൽ അതു് പുകയല്ല. ഈ സംഗതി സ്പഷ്ടമാകണമെങ്കിൽ, വെള്ളം തിളപ്പിക്കുന്നതു് വായിടുങ്ങിയതും മൂക്കുള്ളതുമായ ഒരു പാത്രത്തിൽ വായ് മൂടികെട്ടിയിട്ടാകട്ടെ. വെള്ളം തിളച്ചുതുടങ്ങിയാൽ പാത്രത്തിൻെറ മൂക്കിൽകൂടി ശബ്ദത്തോടുകൂടെ ഒരു വസ്തു വരുന്നതു് കാണാം. അതിൻെറ നേരേ വേറൊരു സ്ലേററു് പിടിച്ചാൽ ആ സ്ലേററിലും ജലകണങ്ങൾ പററിയതായും സ്ലേററു് വലിച്ചെടുത്താൽ അതിൽനിന്നു് വെള്ളം ഒലിക്കുന്നതായും കാണും. ഈ പരീക്ഷകൊണ്ടു് തിളയ്ക്കുന്ന വെള്ളത്തിൽനിന്നു് പൊങ്ങിവരുന്ന വസ്തു പുകയല്ല; വെള്ളത്തിൻെറ ഒരു രൂപഭേദമാണെന്നു് നമുക്കു് മനസ്സിലാകുന്നു. ഇതിനു് ആവി എന്നു് പേർ പറയുന്നു. ആവി വെള്ളം തന്നെ; എന്നാൽ അതു് വെള്ളത്തിൻെറ രൂപത്തിലല്ല ഇരിക്കുന്നതു്. വെള്ളം ദ്രവവസ്തുവാണു്. അതിനെ കണ്ണുകൊണ്ടു് കാണാം. കൈയിൽ എടുക്കാം. ആവി വായുരൂപമായിരിക്കുന്നു. കണ്ണുകൊണ്ടു് കാണുന്നതിനും കൈ-

കൊണ്ടു് എടുക്കുന്നതിനും സാധിക്കുന്നില്ല. വെള്ളം തിള‌ച്ചുതുടങ്ങിയാൽ പിന്നെയും തീ കത്തിച്ചുകൊണ്ടിരുന്നാൽ പാത്രത്തിലുള്ള വെള്ളമെല്ലാം ക്രമേണ ആവിയായിപ്പോകും.

പാഠം ൧൭.

മേഘവും മഴയും. (രണ്ടാം ഭാഗം.)

ഒരു പരന്ന പാത്രം നിറച്ചു് തണുത്ത വെള്ളം എടുത്തു് വെയിലത്തു് വെയ്ക്കുക. സന്ധ്യയാകുമ്പോൾ നോക്കിയാൽ പാത്രത്തിൽ വെള്ളം കുറഞ്ഞിരിക്കും. ഇങ്ങനെ ഒന്നോ രണ്ടോ ദിവസം പാത്രം വെയിലത്തു് വെച്ചിരുന്നാൽ അതിൽ വെള്ളം ഒട്ടും ശേഷിക്കാതെയാകും. വെള്ളമെല്ലാം എവിടെപ്പോയി? വററിപ്പോയി എന്നു് നിങ്ങൾ പറയുമായിരിക്കും. 'വററുക' എന്നാൽ എന്തു്? എന്നു് ഒന്നുകൂടി കടന്നു് ചോദിച്ചാൽ നിങ്ങൾക്കു് ഉത്തരമില്ല. വെള്ളം മുഴുവനും ആവിയായിപ്പോകയാണുണ്ടായതു്.

നാം കുളി കഴിഞ്ഞു് നനഞ്ഞ വസ്ത്രങ്ങളെ വെയിലത്തു് ഇടുന്നു. കുറേ നേരം കഴിഞ്ഞാൽ വസ്ത്രങ്ങൾ ഉണങ്ങിക്കാണുന്നു. വസ്ത്രത്തിലുള്ള വെള്ളമെല്ലാം വെയിൽകൊണ്ടു് ആവിയായിപ്പോയി.

ഇതുപോലെ തന്നെ ഭൂമിയിലുള്ള എല്ലാ ജലാശയങ്ങളിലുംനിന്നു് ആവിയുണ്ടാകുന്നു. അദൃശ്യമായ ഈ ആവി മുകളിലേയ്ക്കു് പോകുന്നു. മുകളിൽ പോകുംതോറും തണുപ്പുള്ള വായുവിൻെറ സ്പർശം ഉണ്ടാകുന്നു. തണുത്ത വായുവിനോടു് സംപർക്കം ഉണ്ടാകുമ്പോൾ ആവി ഉറഞ്ഞു് വെള്ളമായിത്തീരുന്നു. ഇങ്ങനെ ദൃഷ്ടിഗോചരമായി വരുന്ന സമയത്താണു് നാം അതിനെ പുകപോലെ കാണുന്നതു്. ഫനീ-

ളവിക്കുന്ന ആവിയെ കാററടിച്ച് കൂട്ടുകയും ഛിന്നഭിന്നമായി പരത്തുകയും ചെയ്യുന്നു.

ഉറഞ്ഞു് ദൃശ്യമായിത്തീരുകയും ആകാശത്തിൽ കാററു-വാക്കിന് ചേൎന്ന് പറന്നുനടക്കയും ചെയ്യുന്ന ഈ ആവിക്ക് നാം മേഘം എന്ന് പേർ പറയുന്നു.

മേഘങ്ങൾ കൂട്ടം കൂടി കറുത്തിരുണ്ടു് ആകാശത്തിൽ പരന്ന് കിടക്കുന്നത് കാണാറുണ്ടല്ലോ. തണുത്ത കാറേറ-ല്ക്കുംതോറും മേഘങ്ങൾക്ക് ഘനം കൂടിവരും. ഘനം കൂടുംതോറും അതുകൾക്ക് ആകാശത്തിൽ പരന്നുനിൽ-ക്കാൻ ശക്തിയില്ലാതാകും. അപ്പോൾ മേഘങ്ങളിൽനിന്ന് ജലകണങ്ങൾ ഭൂമിയിലേക്ക് വീഴുന്നു. ഇവ ചെറുതും വലു-തുമായിരിക്കും. ഇങ്ങനെ വീഴുന്ന ജലത്തെയാകുന്നു നാം മഴ എന്ന് പറയുന്നത്. മഴ നല്ലപോലെ പെയ്തതിൽ പിന്നെ ആകാശത്തേയ്ക്കു് നോക്കിയാൽ മേഘമെല്ലാം പോയി ആകാശം തെളിഞ്ഞു കാണും. മഴയുടെ ഉപയോഗങ്ങളെ-പ്പററി നമുക്ക് വേറെ ഒരിക്കൽ ആലോചിക്കാം.

പാഠം ൯.

ഒരു നദി.

കേശവനും അവൻെറ രണ്ടനുജന്മാരും കൂടി ആററിൽ കുളിക്കാൻ പോയി. വഴിക്ക് വെച്ച് അവർ തമ്മിൽ ഒരു സംഭാഷണം നടന്നു:—

കേശവൻ:—"ഇന്നാൾ ഒരു ദിവസം നിങ്ങൾ കടലാസ്സു്-കൊണ്ടു് ചെറിയ വള്ളമുണ്ടാക്കി ഓടകളിൽ ഒഴുകുന്ന വെള്ള-ത്തിൽ ഇട്ട് കളിക്കുന്നത് ഞാൻ കണ്ടു. എന്നാൽ നിങ്ങ-ളുടെ കടലാസ്സു് വള്ളം ഒഴുകിപ്പോയത് എങ്ങനെ എന്ന് നിങ്ങൾക്ക് പറയാമോ?"

രാമകൃഷ്ണൻ:—"പറയാം; അതു് ഓടയിൽകൂടി ഒലിച്ചു-കൊണ്ടിരുന്ന വെള്ളത്തിൽ ഒഴുകിപ്പോയി."

കേശവൻ:—"വെള്ളം എന്തുകൊണ്ടു് ഒഴുകുന്നു?"

ശിവരാമൻ:—"വെള്ളത്തിന്നു് എല്ലായ്പോഴും താഴ്ന്ന സ്ഥലത്തേയ്ക്കു് പോകുന്ന സ്വഭാവമുണ്ടു്. അതുകൊണ്ടാ-കുന്നു വെള്ളം ഒഴുകുന്നതു്."

കേശവൻ:—"അന്നു് ഓടയിൽ കണ്ട വെള്ളം എവിടെ നിന്നു് വന്നു?"



രാമകൃഷ്ണൻ:—"അതു മഴവെള്ളമാണു്. അന്നു് കാലത്തു് അതികലശലായി മഴ ഉണ്ടായിരുന്നു."

ഇങ്ങനെ സംസാരിച്ചുകൊണ്ടു് അവർ പുഴയിന്മേലുള്ള പാലത്തിൽ ചെന്നുചേൎന്നു. പാലത്തിന്റെ കൈവരിയുടെ മീതേ കൂടി കേശവൻ എത്തിനോക്കിയപ്പോൾ കൈയിലു-ണ്ടായിരുന്ന വടി വെള്ളത്തിൽ വീണുപോയി.

ശിവരാമൻ:—"ജ്യേഷ്ഠാ! ഞങ്ങളുടെ കടലാസുവള്ളങ്ങൾ ഒലിച്ചുപോയതുപോലെ ജ്യേഷ്ഠന്റെ വടി ഇതാ ഒഴുകിപ്പോകുന്നു. നദിയിലേ വെള്ളത്തിന് ഓട്ടമുണ്ടോ?"

കേശവൻ:— "ഉണ്ടു്, വടി ഒലിച്ചുപോകുന്ന വഴിക്ക് വെള്ളം ഒഴുകുന്നു എന്നറിയാം. കീഴ്പോട്ടേയ്ക്കു ഒഴുകുന്ന സ്വഭാവം ഈ നദിയിലുള്ള വെള്ളത്തിനും ഉണ്ടു്."

ശിവരാമൻ:— "എന്നാൽ ഈ ആററിലുള്ള വെള്ളമെല്ലാം എവിടെനിന്ന് വരുന്നു?"

കേശവൻ:— "ഒരു വള്ളം പിടിച്ചു് അതിൽ കയറി ആററിൽ കൂടി മേല്പോട്ട് (ഒഴുക്ക് കയററി) വളരെ ദൂരം പോയാൽ അതു് നമുക്ക് മനസ്സിലാകും. ആറു് പുറപ്പെടുന്ന സ്ഥലം വളരെ ദൂരത്താകയാൽ അവിടെ ചെന്ന് ചേർന്നുകൊള്ളാൻ വളരെ ബുദ്ധിമുട്ടുണ്ടു്. എന്നു മാത്രമല്ല, ആറു് പുറപ്പെടുന്ന ദിക്ക് കാണണമെങ്കിൽ വള്ളത്തിൽനിന്നിറങ്ങി കുറെ കുന്നും മലയും കയറണം. മലയിൽ കയറിനോക്കിയാൽ ഒരു ദിക്കിൽ ഭൂമിയിൽനിന്ന് കുമിളിയിട്ടുംകൊണ്ടു് വെള്ളം പൊങ്ങിവരുന്നതു് കാണാം."

രാമകൃഷ്ണൻ:— "അതല്ലേ ഉറവു് എന്നും, ഊററു് എന്നും പറയുന്നതു്? മഴ പെയ്യുമ്പോൾ വെള്ളം ഭൂമിയിൽ താഴ്ന്ന് ഒരു ദിക്കിൽ കൂടി ഉറവായി വെളിയിൽ പുറപ്പെടുന്നു."

കേശവൻ:— "അതെ, മഴവെള്ളം താഴ്ന്നു്, ഊററുകൾ ഉണ്ടാകുന്നു. ഊററിൽനിന്ന് നദി (ആറു്) ഉണ്ടാകുന്നു നദി ഉണ്ടാകുന്ന സ്ഥലത്തിന് ഉത്ഭവം എന്നും ഉത്ഭവസ്ഥലം എന്നും പറയാം. നദി ഉണ്ടാകുന്ന ദിക്കിൽ പോയി നോക്കിയാൽ അതു് ചാടിക്കടക്കത്തക്ക വിധത്തിൽ ചെറുതായിരിക്കും."

ശിവരാമൻ:— "എന്നാൽ നദികൾ വളരെ വലുതാകുന്നതും അതിൽ ഒട്ടേറെ വെള്ളമുണ്ടാകുന്നതും എങ്ങനെ?"

കേശവൻ:—"ഒരു ഉറവിൻെറ സമീപത്തു് വേറേ ഉറവുകളും ഉള്ളതു് നീ കണ്ടിരിക്കാം; അവയിലുള്ള വെള്ളവും ഈ നദിയിൽ വന്നുചേരുന്നു. ഇവയെ ആണ് ഉപനദികൾ എന്നും പോഷകനദികൾ എന്നും പറയുന്നതു്".

രാമകൃഷ്ണൻ:— "നദി ഒടുവിൽ എവിടെ പോകുന്നു?"

കേശവൻ:— "പല ചെറിയ നദികളാൽ പോഷിപ്പിക്കപ്പെട്ടു് വലിയ നദിയായി കീഴെട്ടു് ഒഴുകി ഒടുവിൽ സമുദ്രത്തിൽ ചെന്നു് ചേരുന്നു. ഒഴുക്കിൻെറ വലത്തുവശത്തുള്ള കരയ്ക്കു് വലതുകര എന്നും ഇടത്തുവശത്തുള്ളതിന്നു് ഇടതുകര എന്നും പറയുന്നു."

പാഠം ൩൧.

ഉപ്പ്.

"ഉപ്പില്ലാത്ത പണ്ടം കുപ്പയിലെ" എന്നു് തമിഴരുടെ ഇടയിൽ ഒരു പഴഞ്ചൊല്ലുണ്ടു്. ഉപ്പില്ലാത്ത സാധനം ഒന്നിനും കൊള്ളരുതു് എന്നാണു് ഇതിൻെറ അൎത്ഥം. ഈ പഴഞ്ചൊല്ലിൽ പറഞ്ഞിരിക്കുന്ന ഉപ്പു് എന്തെന്നും, എങ്ങനെ ഉണ്ടാകുന്നു എന്നും, അതിൻെറ ഉപയോഗം എന്തെല്ലാമെന്നും പഠിക്കാം.

മധുരം ചേരാത്ത എല്ലാ ആഹാരങ്ങൾക്കും രുചി ഉണ്ടാക്കുന്ന ഒരു വസ്തുവാകുന്നു ഉപ്പ്. വെളുത്ത ഉപ്പും കറുത്ത ഉപ്പും വാങ്ങാൻ കിട്ടും. ഇതു് കൂടാതെ രസം കുറഞ്ഞ വേറെ ഒരു വക ഉപ്പും ഉണ്ടു്.

നാം ഉപയോഗിച്ചുവരുന്ന ഉപ്പു് വെള്ളത്തിൽ ഇട്ടാൽ അലിഞ്ഞുപോകുന്നു. ആ വെള്ളം വായിൽ ഒഴിച്ചുനോക്കിയാൽ അതിൽ ഉപ്പുരസം കാണും. ഉപ്പു് കലക്കിയ വെള്ളം തീയിൽവെച്ചു് വററിച്ചാൽ അടിയിൽ ഉപ്പു് ഉറഞ്ഞുകിടക്കും.

ഉപ്പ് നമുക്ക് എങ്ങിനെ കിട്ടുന്നു? അത് അളങ്ങളിൽ തനിയേ വിളഞ്ഞുണ്ടാകുന്നു. ഉപ്പ് വിളയുന്ന നിലങ്ങൾക്ക് അളം എന്ന് പേർ പറയും. നമ്മുടെ രാജ്യത്തിൽ വാരിയൂർ, രാജാക്കമംഗലം, താമരക്കുളം എന്ന സ്ഥലങ്ങളിൽ ഉപ്പളങ്ങൾ ഉണ്ട്.

അളങ്ങളിൽ ഉപ്പ് വിളയുന്നതെങ്ങനെ എന്ന് നോക്കാം. സമുദ്രതീരത്തിന് അടുത്ത് ഉറപ്പുള്ള ഭൂമിയെ ഏകദേശം ഇരുപതടി നീളവും വീതിയും ഉള്ള പാത്തികളായ് തിരിച്ച് ഈ തടങ്ങളിൽ കളിമൺ നിരത്തി ചവിട്ടി ഉറപ്പിച്ച് സമുദ്രത്തിലുള്ള ഉപ്പുവെള്ളം കയററി കെട്ടി നിറുത്തിയാൽ കുറേ ദിവസം കഴിയുമ്പോൾ വെള്ളം വററി പാത്തികളിൽ ഉപ്പ് ഉറയും. ഈ ഉപ്പ് വാരി ശേഖരിച്ച് പല സ്ഥലങ്ങളിലേയ്ക്കും അയക്കുന്നു. നാം കടയിൽനിന്ന് വാങ്ങുന്ന ഉപ്പും ഇത് തന്നെ.

ഈ ഉപ്പിൽ അഴുക്ക് ധാരാളം ഉണ്ടായിരിക്കും. അത് ശുദ്ധി ചെയ്യുന്നതിന് വെള്ളത്തിൽ കലക്കി വെള്ളം തെളിയിക്കുക. തെളിഞ്ഞ വെള്ളം ഊററി എടുക്കുക. ശേഷിച്ചതിൽ കുറേക്കൂടി വെള്ളം ഒഴിച്ച് കലക്കി തെളിയിച്ച് അതും മുമ്പ് ഊററി എടുത്തതിൽ ചേർക്കുക. ഇങ്ങനെ ഉപ്പെല്ലാം എടുത്താൽ പിന്നെ ആ വെള്ളം ഒരു പരന്നപാത്രത്തിൽ ഒഴിച്ച് അടുപ്പത്ത് വെയ്ക്കുക. വെള്ളം വററിയാൽ നല്ല വെളുത്ത ഉപ്പ് അടിയിൽ ഉറഞ്ഞു കിടക്കും.

മുമ്പ് കടയിൽ വാങ്ങിയ ഉപ്പും ഈ ഉപ്പും കൂടി ഒന്നിച്ച് വച്ചുനോക്കിയാൽ പലേ വ്യത്യാസങ്ങളും കാണും. കടയിൽനിന്ന് വാങ്ങുന്ന ഉപ്പ് മുനകൾ ഉള്ളതായും മാർദ്ദവമില്ലാത്തതായും ഇരിക്കും. ഓരോതരിക്കും ഓരോ വിധം രൂപവും കാണും. എന്നാൽ അഴുക്ക് കളഞ്ഞു കാച്ചിയ ഉപ്പ് നല്ല വെളുത്ത മണൽപോലെ ഇരിക്കുന്നു.

ഭക്ഷണസാധനങ്ങൾക്ക് രുചി ഉണ്ടാക്കുന്നത് ഉപ്പാണെന്ന് മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. ഇതുകൂടാതെയും ഉപ്പ്‌കൊണ്ട് ഉപയോഗങ്ങൾ ഉണ്ട്. വളരെക്കാലം വെച്ച് സൂക്ഷിക്കേണ്ടതായ ആഹാരസാധനങ്ങളെ ഉപ്പ് ചേർത്ത് സൂക്ഷിച്ചാൽ അതുകൾ ചീത്തയാകാതെ നിലനില്ക്കും. നമ്മുടെ ഗൃഹങ്ങളിൽ മാങ്ങാ നാരങ്ങാ മുതലായത് ഉപ്പിലിട്ട് സൂക്ഷിക്കുന്നത് നമുക്ക് അറിവുണ്ടല്ലോ.

പരദേശങ്ങളിലേയ്ക്ക് അയക്കേണ്ടിവരുന്ന മത്സ്യമാംസാദികളേയും ഉപ്പിലിട്ട് സൂക്ഷിക്കുന്നു. കന്നുകാലികൾക്കും ഉപ്പ് ആഹാരത്തിൽ ചേർത്ത് കൊടുക്കാം. തെങ്ങിന് ഉരമായി ഉപ്പ് ചാരത്തോട് കലർന്നും പ്രത്യേകമായും ഇടാറുണ്ട്.

ഈ രാജ്യത്തിൽ ഉണ്ടാകുന്ന ഉപ്പ് ഈ രാജ്യത്തിലേ ചിലവിന് തികയാത്തതിനാൽ മറ്റു രാജ്യങ്ങളിൽനിന്ന് ഉപ്പ് വരുത്തി കച്ചവടം ചെയ്യുന്നു.

പാഠം ൩൩.

കദളിവനം.

പച്ചക്കദളിക്കുലകൾക്കിടയ്ക്കിടേ
മെച്ചത്തിൽ നന്നായ് പഴുത്തപഴങ്ങളും.
ഉച്ചത്തിലങ്ങനെ കണ്ടാൽ പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ച് കോർത്തുള്ള
മാലകൾകൊണ്ടു വിതാനിച്ചതിക്കെന്ന്
മാലോകരൊക്കയും ശങ്കിക്കുമാറുള്ള
ലീലാവിലാസേന നില്ക്കുന്ന വാഴകൾ
നാലുഭാഗങ്ങളിൽ തിങ്ങിവിങ്ങിത്തദാ
ബാലാനിലൻ വന്നു തട്ടുന്ന നേരത്ത്

കോലാഹലം നൃത്തമാട്ടും ദലങ്ങളും
ആലോകനം ചെയ്തു വിസ്മയിച്ചീടിനാൻ.

വൃകോദരൻ,
കല്യാണസൗഗന്ധികം.

പാഠം ൩൯.

മരക്കഷണം സംസാരിച്ചതു്.

ഭൂമിയിൽ പല ദേശങ്ങളിലും അപരിഷ്കൃതജനങ്ങൾ താമസിക്കുന്നുണ്ടു്. വളരെ പരിഷ്കൃതജാതിക്കാർ താമസിച്ചുവരുന്ന രാജ്യങ്ങളിൽപോലും മലമ്പ്രദേശങ്ങളിലും മററും അപരിഷ്കൃതന്മാരെ കാണും. ഇങ്ങനെയുള്ള ഒരു ദേശത്തു് ഒരു ഉദ്യോഗസ്ഥൻ കുറെ കാട്ടു് പുതുവൽ പതിപ്പിച്ചിട്ടിരുന്നു. അദ്ദേഹം ഉദ്യോഗം ഒഴിഞ്ഞതിൽ പിന്നെ താൻ പതിപ്പിച്ചിട്ടിരുന്ന കാട്ടു് തെളിച്ചു് കൃഷി ചെയ്യണമെന്നു് നിശ്ചയിച്ചു് അവിടെ താമസം തുടങ്ങി. അതിന്നു് സമീപമായി മലയരയന്മാരുടെ കുടികളും ഉണ്ടായിരുന്നു. ഇവരായിരുന്നു ഇദ്ദേഹത്തിൻെറ ഭൂമിയിൽ ജോലിചെയ്തുവന്നതു്. അയാൾ ഒരു ദിവസം ഒരു അരയനൊന്നിച്ചു് കാട്ടിൽകൂടി സഞ്ചരിക്കുമ്പോൾ ഈന്തമരം കുലച്ചു് പഴുത്തു് നില്ക്കുന്നതു് കണ്ടു. അതിൽ കുറെ മങ്കളാവിൽ കൊണ്ടുപോയാൽ കൊള്ളാമെന്നു് അയാൾക്കു തോന്നി. അറുത്തെടുപ്പാൻ കത്തി കൈവശമില്ലായിരുന്നു. വീട്ടിൽ ചെന്നു് കത്തി മേടിച്ചു്കൊണ്ടു് വരുവാൻ അരയനോടു് പറഞ്ഞയക്കുന്നതിനേക്കാൾ എഴുതി അയക്കുന്നതു് കൊള്ളാമെന്നു് വിചാരിച്ചു് അടുക്കെ കിടന്നിരുന്ന ഒരു തുണ്ടു പലകയിൽ കരികൊണ്ടു് വിവരം കുറിച്ചു് അരയൻവശം കൊടുത്തയച്ചു. അവൻ അതു് കൈയിൽ വാങ്ങിച്ചുകൊണ്ടു് ചോദിച്ചു:— "ഏമാന്നേ!

ഇത് കൊടുത്ത് എന്ത് പറയണം?" "ഒന്നും പറയേണ്ടാ, തരുന്നത് വാങ്ങിക്കൊണ്ടു് വന്നാൽ മതി."

അരയൻ പലകത്തുണ്ടുംകൊണ്ടു് ഓടിച്ചെന്ന് യജമാനന്റെ ഭാര്യയുടെ കൈയിൽ കൊടുത്തു. ഉടനെ അവർ അകത്ത് ചെന്ന് ഒരു കത്തി എടുത്ത് കൊണ്ടുവന്ന് അവനെ ഏല്പിച്ചു.

"ഈ കത്തിയാണ് ഏമാൻ ആവശ്യപ്പെട്ടതെന്ന് അമ്മ എങ്ങനെ അറിഞ്ഞു."

"ഈ പലകത്തുണ്ടു് എന്നോട് പറഞ്ഞു." അവൻ അത് കേട്ട് വിസ്മയിച്ചു് തുണ്ടു് വാങ്ങി തുളച്ചു് കഴുത്തിൽ കെട്ടിത്തൂക്കി. ചോദിക്കുന്നവരോടെല്ലാം അത് 'സംസാരിക്കുന്നേമരക്കഷണം' ആണെന്ന് അവൻ പറയും. ഇങ്ങനെ കുറെ കഴിഞ്ഞപ്പോൾ ഇത് സംസാരിക്കുന്നത് എങ്ങനെ എന്ന് അവൻ തന്റെ യജമാനനോട് ചോദിച്ചു് വിവരം അറിഞ്ഞു.

അന്ന്മുതൽ അവൻ എഴുത്ത് പഠിക്കാനാരംഭിച്ചു. ശേഷം പേരും അതു കണ്ടു് പഠിത്തം തുടങ്ങി. ഏറെത്താമസിയാതെ അരയന്മാരെല്ലാം എഴുത്തറിയുന്നവരായി തീരുന്നതിനുമിടയായി.

പാഠം ൧൦.

ക്ലാസ്സുമുറിയുടെ പടം.

'നിങ്ങൾ ദിവസംപ്രതി ഇരുന്ന് പഠിക്കാറുള്ള മുറിയുടെ നീളം വീതി അളന്ന് അതിന്റെ ഒരു പടം വരയ്ക്കാം' എന്ന് അദ്ധ്യാപകൻ കുട്ടികളോട് പറഞ്ഞു. അവർക്ക് വളരെ സന്തോഷം തോന്നി. ഒരു കുട്ടി വേഗം എഴുന്നേററു് താൻ നീളം വീതി അളന്ന് പറയാമെന്ന് പറഞ്ഞു. അദ്ധ്യാപകൻ അത് സമ്മതിച്ചു.

ഗണേശൻ ഉടനെ അവൻെറ കാലടികൊണ്ടു് മുറിയുടെ നീളം അളന്നു് ൩൨ (മുപ്പത്തിരണ്ടു്) എന്നു് പറഞ്ഞു. വീതി അളന്നു് ൨൮ (ഇരുപത്തെട്ടു്) എന്നും പറഞ്ഞു. ഇതു് ശരിതന്നെയോ അല്ലയോ എന്നറിയുന്നതിന്നു് അദ്ധ്യാപകൻ വിശ്വനാഥനെ വിളിച്ചു് നീളം വീതി അളക്കാൻ പറഞ്ഞു. വിശ്വനാഥൻ നീളം അളന്നു് മുപ്പതടി എന്നും, വീതി ൨൬ എന്നും പറഞ്ഞു. ഇവർ രണ്ടു്പേരും അളന്നു് പറഞ്ഞതിൽ വ്യത്യാസം ഉണ്ടായിരുന്നതിനാൽ അദ്ധ്യാപകൻ മൂന്നാമതൊരു കുട്ടിയെ വിളിച്ചു് ചുവടുകൊണ്ടു് അളക്കാൻ പറഞ്ഞു. അവൻ അളന്നപ്പോൾ മുമ്പു് രണ്ടു്പേരും പറഞ്ഞതു്പോലെ അല്ലാതെ നീളം ൩൬ അടിയും വീതി ൩൧ അടിയും ആണെന്നു് പറഞ്ഞു. ഇവർ മൂന്നു്പേരും കാൽകൊണ്ടളന്നു് മൂന്നു്വിധം പറഞ്ഞതിനാൽ അദ്ധ്യാപകൻ താൻതന്നെ അളന്നു് തിട്ടപ്പെടുത്താമെന്നു് പറഞ്ഞുകൊണ്ടു് നീളം അളന്നപ്പോൾ ൨൧ അടിയും വീതി ൧൮ അടിയും ഉണ്ടായിരുന്നു.

ഈ വ്യത്യാസം കാണുന്നതിൻെറ കാരണം എന്തെന്നു് അദ്ധ്യാപകൻ കുട്ടികളോടു് ചോദിച്ചു. കുറേ കഴിഞ്ഞപ്പോൾ ഒരു ചെറിയകുട്ടി എഴുന്നേററു് എല്ലാവരുടേയും പാദം ഒന്നുപോലെ നീളമുള്ളതല്ലെന്നും അതു്കൊണ്ടു് വ്യത്യാസം വന്നതാണെന്നും പറഞ്ഞു.

അതെങ്ങനെ തെളിയിക്കാം എന്നു് ചോദിച്ചതിന്നു് അവർ ഓരോരുത്തരുടെ വലതു്പാദവും ഒരു കടലാസിൽ വച്ചു് പെൻസിൽകൊണ്ടു് ചുററും വരച്ചെടുത്തു് അതു് വെട്ടി ഒന്നിൻെറ പുറത്തു് ഒന്നായിവെച്ചാൽ ഒന്നിനൊന്നു് വ്യത്യാസമുള്ളതറിയാം എന്നു് പറഞ്ഞു. അദ്ധ്യാപകൻ അങ്ങനെ ചെയ്തുകാണിച്ചു. അപ്പോൾ അതു് സ്പഷ്ടമായി. കാലടികൊണ്ടു് അളന്നാൽ ഒരിക്കലും ശരിയായ അളവു്

കിട്ടുകയില്ലെന്ന് അവർ മനസ്സിലാക്കി. അത്പോലെ തന്നെ കൈമുഴംകൊണ്ടളന്നാലും ശരിയായിരിക്കയില്ലെന്ന് വേറെ ഒരു കുട്ടി പറഞ്ഞു.

പിന്നെ എന്തു വേണ്ടു? എന്ന് അദ്ധ്യാപകൻ ചോദിച്ചപ്പോൾ ഒരു കുട്ടി ഒരു ചെറിയ വടി കൊണ്ടുവന്ന് അതുകൊണ്ടളന്നാൽ ശരിയായിരിക്കുമെന്ന് പറഞ്ഞു. അത് വാങ്ങി ജാൺ അളന്നു. നീളം ൨൦ അടി എന്നും വീതി ൧൮ അടി എന്നും പറഞ്ഞു ഈ വടികൊണ്ടുതന്നെ വേറെ രണ്ടു് മൂന്ന് കുട്ടികൾ അളന്ന് നോക്കിയതിൽ നീളത്തിനും വീതിക്കും വ്യത്യാസം ഉണ്ടായില്ല അത്കൊണ്ട് അളവുകൾക്ക് ഒരു പ്രമാണം അനുസരിച്ച് ഒരു തോത് വേണം എന്ന് അവർ മനസ്സിലാക്കി ഇങ്ങനെ തോത്കോൽകൊണ്ടളന്ന് മുറിയുടെ നീളവും വീതിയും കുറിച്ചെടുത്തു.



ക്ലാസ്സുമുറിയുടെ പടം. (പരിലേഖം.)

ഇത് ഇനി ഒരു പടമായി വരയ്ക്കുന്നതെങ്ങനെ എന്ന് അവർ ആലോചിച്ചുതുടങ്ങി. നീളം വീതി മുഴുവൻ കാണിച്ച് ഒരു കടലാസിൽ വരയ്ക്കാൻ സാധിക്കയില്ലെന്ന്

അവർ മനസ്സിലാക്കി. എന്നാൽ ചെറുതായി വരയ്ക്കാം. അതെങ്ങനെ വേണമെന്നായിരുന്നു പിന്നത്തെ ആലോചന. തോത്ത്കോലിന്റെ ഏതെങ്കിലും ഒരു ഭാഗത്തെ മുഴുവനായി വിചാരിച്ചാൽ മതിയാകുമെന്ന് സുന്ദരേശ്വരൻ പറഞ്ഞു. അതെല്ലാപേരും സമ്മതിച്ചു. ഒരുവൻ തോത്ത്കോൽ ൧൬ ഭാഗമായി ഭാഗിച്ച് വേറെ ഉള്ളവരെ കാണിച്ചു. അവൻ തോത്ത്കോൽ ഒരു കടലാസിന്മേൽ വെച്ച് രണ്ടറ്റവും അടയാളപ്പെടുത്തി. കടലാസ് അവിടെവെച്ച് മുറിച്ച് പിന്നെ അത് രണ്ടായി മടക്കി. ഇങ്ങനെ നാല് പ്രാവശ്യം ചെയ്തപ്പോൾ കടലാസിന്റെ ഓരോ ചെറിയ ഭാഗവും അതിന്റെ പതിനാറിൽ ഒരു ഭാഗമാണെന്ന് അവക്ക് ബോധപ്പെട്ടു.

ഈ അംശങ്ങളിൽ ഒന്ന് തോത്ത്കോലിൽ ഒരു കോലിന് പകരം ഉപയോഗിക്കാൻ തീർച്ചയാക്കി. മുറിയുടെ നീളം ൨൦ കോൽ ആയതുകൊണ്ട് ൨൦ അംശം നീളമായും ൧൮ കോൽ വീതിയായതുകൊണ്ട് ൧൮ അംശം വീതിയായും കടലാസിൽ വരച്ചു.

ഇങ്ങനെ നീളവും വീതിയും എല്ലാം വരച്ചുംവെച്ച് അവരവർ ഇരിക്കുന്ന സ്ഥാനവും ഉപാദ്ധ്യായന്റെ സ്ഥാനവും ആ കടലാസിൽ കാണിച്ചു. ഈ പടത്തിൽ തെക്ക് വടക്ക് കിഴക്ക് പടിഞ്ഞാറും കാണിക്കേണ്ട ആവശ്യമുണ്ടെന്നും അത് വേറേ ഒരു ദിവസം ആവാം എന്നും പറഞ്ഞ് അന്ന് മതിയാക്കി.

പാഠം ൩൧.

ഒരു പകുതിയും അതിലേ ഉദ്യോഗസ്ഥന്മാരും.

ഒരു ദിവസം അദ്ധ്യാപകൻ ക്ലാസിലിരുന്ന് പഠിപ്പിച്ചുംകൊണ്ടിരിക്കുമ്പോൾ ക്ലാസിന്നകത്ത് ഒരാൾ കയറിവന്നു-

അരയിൽ ഒരു മുഷിഞ്ഞ മുണ്ടും ദേഹത്തിൽ അഴുക്കുപുരണ്ട ഒരു ഉടുപ്പും തലയിൽ ചുവന്ന തുണികൊണ്ടു് കെട്ടിയ തലപ്പാവും ഉണ്ടു്. വലതുചെവിയുടെ മുകളിൽ തിരുകിയ തൂവലും ഇടതുതോളിൽകൂടി തൂങ്ങുന്ന ഒരു തോൽസഞ്ചിയും ഇടതുകൈയിൽ അടുക്കിപ്പിടിച്ചിരിക്കുന്ന എഴുത്തുകളും കണ്ടാൽ അയാൾ ഒരു അഞ്ചൽശിപായി ആണെന്നു് അറിയാം. അവൻ ക്ലാസിൽ വന്നു് കൈയിലുള്ള എഴുത്തുകൾ മറിച്ചുനോക്കി ഒരു എഴുത്തിൻെറ മേൽവിലാസം വായിച്ചു. ഉടനെ അദ്ധ്യാപകൻ കുമാരസ്വാമിയെ വിളിച്ചു് എഴുത്തു് വാങ്ങിക്കൊള്ളുവാൻ പറഞ്ഞു. കുമാരസ്വാമി എഴുത്തു് വാങ്ങി മടങ്ങിപ്പോയി.

ഈ എഴുത്തുകൾ കൊണ്ടുവന്നവനു് അതുകൾ എങ്ങനെ കിട്ടി എന്നും, അവൻ എന്തിനു് അതുകൾ കൊണ്ടു് നടക്കുന്നു എന്നും അറിയാൻ മററു കുട്ടികൾക്കു് ആഗ്രഹം തോന്നി. അവർ അദ്ധ്യാപകനോടു് ചോദിച്ചു. അവൻ പകുതിയിലുള്ള അഞ്ചലാഫീസിൽ ചേൎന്ന ശിപായി ആണെന്നും, അവൻെറ ജോലി ആ ആപ്പീസിൽ വരുന്ന എഴുത്തുകളെ ഉടമസ്ഥന്മാൎക്കു് കൊണ്ടുചെന്നു് കൊടുക്കുന്നതാകുന്നു എന്നും, വാധ്യാർ പറഞ്ഞു. അന്യദിക്കുകളിൽനിന്നു് ഈ ദിക്കുകളിലേയ്ക്കു് ആളുകൾ അയക്കുന്ന എഴുത്തുകൾ ഇവിടെ വന്നാൽ ഈ ആപ്പീസിലുള്ളവർ അവയെ നോക്കി വരവുതീയതി മുദ്രകുത്തി ശരിയായ അഞ്ചൽക്കൂലി തീൎത്തു് സ്റ്റാമ്പ് പതിച്ചിട്ടില്ലെങ്കിൽ ആ വക എഴുത്തുകൾക്കു് കൂടുതൽകൂലി വാങ്ങണമെന്നു് അടയാളപ്പെടുത്തി എഴുത്തുകളും, പണം വന്നിട്ടുള്ളവൎക്കു് കൊടുപ്പാൻ പണവും, അഞ്ചൽ ശിപായിയുടെ പക്കൽ ഏല്പിക്കുന്നു. അവൻ എഴുത്തുകളെല്ലാം വീടുവീടായി നടന്നു് കൊണ്ടുചെന്നു് കൊടുക്കുന്നു. അവനു് അറിവില്ലാത്തവൎക്കു് പണം കൊടുക്കേണ്ടിവന്നാൽ

അതിന് രണ്ടു് സാക്ഷികളുടെ ഒപ്പുംകൂടി വാങ്ങുന്നു. അവൻെറ കൈയിൽ കുടികൾക്ക് കൊടുക്കേണ്ടുന്ന എഴുത്ത് കൂടാതെ പകുതിയിൽ പാർവ്വത്യകാർക്കും പോലീസുകാർക്കും കൊടുപ്പാനുള്ള സർക്കാർഎഴുത്തുകളുമുണ്ടു്. ദിവസംതോറും വരുന്ന പണവും എഴുത്തുകളും അന്നന്ന് തന്നെ കൊടുത്ത്തീർക്കണം. മേൽവിലാസക്കാരനെ കണ്ടില്ലെങ്കിൽ പിറേറദിവസം കൊണ്ടുചെന്ന് കൊടുക്കണം. ഒരു ദിവസം കൊണ്ടുകൊടുത്ത് തീർക്കാത്ത എഴുത്തുകളും പണവും വൈകുന്നേരം ആപ്പീസിൽ തിരിയെ ഏൽപ്പിക്കണം. ഈ ആപ്പീസിൽ ഇവന് മേലായി ഒരു അഞ്ചൽമാസ്റ്റർ ഉണ്ടു്. അയാൾ ദിവസംപ്രതി മറുദിക്കുകളിലേയ്ക്കു് പോകേണ്ടുന്ന എഴുത്തുകളെ കെട്ടി അയക്കുകയും വരുന്ന പണം വാങ്ങുകയും കണക്കുകൾ മേലാപ്പീസിലേയ്ക്കു് അയക്കുകയും ചെയ്യുന്നു.

പകുതിയിലുള്ള ജനങ്ങൾ തമ്മിൽതല്ലാതേയും മുട്ടാളന്മാർ ജനങ്ങളെ ഉപദ്രവിക്കാതേയും സൂക്ഷിക്കുന്നതിന് പകുതിയിൽ ഒരു പോലീസ് ആഫീസും, അതിൽ പോലീസ് ശിപായിമാരും ഉണ്ടു്. അവരെ കണ്ടാലും പ്രത്യേകം അറിയാം. അവൎക്ക് കള്ളന്മാരെ പിടിക്കുന്നതിനും കളവു് തെളിയിക്കുന്നതിനും വേണ്ടുന്ന അധികാരം ഉണ്ടു്. പോലീസുകാർക്ക് വേണ്ട സഹായം ചെയ്താൽ അവർ ജനങ്ങൾക്ക് പലവിധത്തിലും ഉപകാരം ചെയ്യും.

ഇതുകൂടാതെയും പകുതിയിൽ പാർവ്വത്യകാരനും കണക്കെഴുത്തുകാരും ഉണ്ടു്. ഇവരുടെ ജോലി കുടികളിൽനിന്ന് സർക്കാരിന് കിട്ടാനുള്ള കരം പിരിച്ചു് സർക്കാരിനെ ഏല്പിക്കുന്നതാകുന്നു.

ഇവരുടെ അടുക്കൽ പകുതിയിലുള്ള വസ്തുക്കളുടെ പടങ്ങളും, അളവുകളും, അനുഭവക്കാരുടെ പേരും, അവർ കൊടു-

ക്കേണ്ട കരത്തിന്റെ തുകയും ഉണ്ടു്. ഇവർ ആ കണക്കിൻപ്രകാരം ആണ്ടു തോറും ജനങ്ങളുടെ അടുക്കൽനിന്നും കിട്ടേണ്ട കരം പിരിക്കും. വസ്തുക്കളുടെ അളവുകൾക്കു് വ്യത്യാസം വന്നാൽ ഇവർ പടവും അളവും കൊണ്ടു്വന്നു് നോക്കി അളന്നു് അതിർത്തികൾ തിട്ടപ്പെടുത്തിത്തരും. കരം സമയത്തിന്നു് കൊടുക്കാഞ്ഞാൽ നിർബന്ധിച്ചു് പിരിക്കുന്നതിന്നു് ഇവൎക്കു് അധികാരമുണ്ടു്. കൊടുക്കുന്ന കരത്തിന്നു് ഇവർ രസീതു് തരും. രസീതു് തരുന്നതിന്നു മടിക്കുന്നവരുടെ കൈയിൽ കരം കൊടുക്കരുതു്.

പാഠം ൨൨.

ദിക്കുകൾ.

ഒരു ദിവസം കുട്ടികൾ എല്ലാവരും ക്ലാസിൽ വന്നുചേൎന്നപ്പോൾ അദ്ധ്യാപകൻ അവരെ വെളിയിൽ മുററത്തു് കൊണ്ടുപോയി നിറുത്തി അവരോടു് അദ്ദേഹത്തെ നോക്കി ഒരു വരിയായി നില്ക്കുന്നതിന്നു് പറഞ്ഞു. കുട്ടികൾ അങ്ങനെ ചെയ്തു. പുവടു് ചേൎത്തു് കൈ താഴ്ത്തിയിട്ടു് നില്ക്കാൻ പറഞ്ഞു. കുട്ടികൾ ഓരോരുത്തരും രണ്ടു് കൈയും നീട്ടി അടുത്തു് നില്ക്കുന്നവരെ തൊടാതെ നില്ക്കാൻ പറഞ്ഞു. കുട്ടികൾ അങ്ങനെ നിന്നു. പിന്നീടു് അദ്ധ്യാപകൻ അവരോടു് വലതുകൈയും ഇടതുകൈയും കാണിക്കാൻ പറഞ്ഞു. അതു്പോലെ വലതുകാലും ഇടതുകാലും കാണിക്കാൻ പറഞ്ഞു. കുട്ടികൾ അങ്ങനെ ചെയ്തു. അവൎക്കു് ഇടതും വലതും നല്ല നിശ്ചയം വന്നോ എന്നു് പരിശോധിക്കാനായി ഇടതുവശവും വലതുവശവും തിരിഞ്ഞു നില്ക്കാൻ പറഞ്ഞു. പലരും ശരിയായി നിന്നില്ല. പിന്നെയും പല പ്രാവശ്യവും തിരിഞ്ഞു നില്ക്കാൻ പറഞ്ഞു. ചിലപ്പോൾ

വലതുകാലും വലതുകൈയും ഒരേസമയത്ത് പൊകാൻ പറയും; ഉടനെ ഇടതുകാൽ പൊകാൻ പറയും; ഇങ്ങനെ ഇടവും വലവും നല്ലപോലെ അറിയാവുന്ന നില ആക്കി.

പിന്നെ കുട്ടികളോട് സൂൎയ്യനെ നോക്കി നില്ലാൻ പറഞ്ഞു. അവര അങ്ങനെ നില്ലുമ്പോൾ സൂൎയ്യൻെറ വെയിൽ അവരുടെ മുഖത്ത് കൊള്ളുന്നുണ്ടെന്നും, അവരുടെ ദേഹത്തിൻെറ നിഴൽ പിൻവശത്തു വീഴുന്നു എന്നും കുട്ടികൾ പറഞ്ഞു. വലതുവശം തിരിഞ്ഞുനിന്നപ്പോൾ വെയിൽ നേരെ മുഖത്ത് കൊള്ളുന്നില്ലെന്നും, ആ വശത്താണ് നിഴൽ കിടക്കുന്നതെന്നും അവർ പറഞ്ഞു. അതുപോലെ അവർ ഇടതുവശം തിരിഞ്ഞുനിന്നപ്പോൾ വെയിൽ നേരെ മുഖത്ത് കൊള്ളുന്നില്ലെന്നും, നിഴൽ അവിടെ കിടക്കുന്നുവെന്നും പറഞ്ഞു

ഇത്രയും കഴിഞ്ഞു കുട്ടികളെ ക്ലാസിൽ കൂട്ടികൊണ്ട്പോയി വേറെ പാഠം പഠിപ്പിച്ചു.

ഉച്ചയായപ്പോൾ പിന്നെയും അവരെ മുററത്ത് കൂട്ടികൊണ്ട്ചെന്ന് നിറുത്തി. കുട്ടികൾ മുൻപോലെ നിന്നു. ഇപ്പോൾ വെയിൽ നേരെ തലയിൽ കൊള്ളുന്നു എന്നും, നിഴൽ പിൻവശത്ത് വീഴുന്നില്ലെന്നും, അവരവരുടെ അടിയിൽ വീഴുന്നു എന്നും അവർ പറഞ്ഞു. വലത്തോട്ടും ഇടത്തോട്ടും തിരിഞ്ഞുനിന്നിട്ടും വെയിൽ തലയിൽ തന്നെ എന്നും നിഴൽ പാദത്തിൽ തന്നെ എന്നും അവർ തീൎച്ചയാക്കിപ്പറഞ്ഞു.

ഇത്പോലെ തന്നെ പള്ളിക്കൂടം വിടുന്ന സമയത്തും അവരോട് സൂൎയ്യനെ നോക്കിനില്ലാൻ പറഞ്ഞു. വലത്തോട്ടും ഇടത്തോട്ടും തിരിഞ്ഞു നിൽക്കയും ഉണ്ടായി. വെയിൽ മുഖത്ത് കൊള്ളുന്നു എന്നും നിഴൽ പിൻവശത്ത് വീഴുന്നു എന്നും അവർ പറഞ്ഞു. വലതുവശം തിരിഞ്ഞു

നിന്നപ്പോൾ നിഴൽ വലത്തുവശം കിടക്കുന്നതായും ഇടത്തു-വശം തിരിഞ്ഞുനിന്നപ്പോൾ നിഴൽ ഇടത്തുവശം കിടക്കുന്ന-തായും അവർ കണ്ടു. ഇത്രയും കഴിച്ച് വാദ്ധ്യാർ കുട്ടി-കളെ വീട്ടിലേയ്ക്കു പറഞ്ഞയച്ചു.

പിറേറദിവസം കുട്ടികൾ വന്നപ്പോൾ അവരോട്, തലേ-ദിവസം നിന്നതുപോലെ സൂര്യനെ നോക്കി നില്ലാൻ അദ്ധ്യാപകൻ ആജ്ഞാപിച്ചു. ഇങ്ങനെ ഉച്ചയ്ക്കു മുമ്പ് സൂര്യനെ നോക്കിനിന്നാൽ നിൽക്കുന്ന ആളിൻെറ മുൻ-വശം കിഴക്കും, വലത്തുവശം തെക്കും, ഇടത്തുവശം വടക്കും, പിൻവശം പടിഞ്ഞാറും ആണെന്ന് അവരെ ഗ്രഹി-



പ്പിച്ചു. അതുപോലെ പള്ളിക്കൂടം വിടുന്ന സമയവും തലേദിവസത്തെ സംഗതികൾ ആവത്തിച്ചു. അപ്പോൾ അവക്ക് ഉച്ചയ്ക്കുമേൽ സൂര്യനെ നോക്കിനിന്നാൽ നില്ക്കു-ന്നവൻെറ മുൻവശം പടിഞ്ഞാറും, പിൻവശം കിഴക്കും,

വലതുവശം വടക്കും, ഇടതുവശം തെക്കും, ആയിരിക്കുമെന്ന് ബോധപ്പെട്ടു.

പിന്നെയും പല ഉദാഹരണങ്ങൾകൊണ്ടും അദ്ധ്യാപകൻ ഈ സംഗതി കുട്ടികളുടെ മനസ്സിൽ ദൃഢപ്പെടുത്തി. രാത്രിയിൽ സൂര്യൻ അദൃശ്യനായിരിക്കുന്നു; അപ്പോൾ വടക്കേ ധ്രുവനക്ഷത്രത്തിൻെറ നിലകൊണ്ടു് വടക്കറിയണം; സൂര്യനേയും നക്ഷത്രങ്ങളേയും കാണ്മാൻ പാടില്ലാതെ ആകാശം മേഘംകൊണ്ടു് മൂടിയിരിക്കുന്ന ദിവസങ്ങളിൽ വടക്ക്നോക്കിയന്ത്രംകൊണ്ടും ദിക്കുകൾ അറിയാം.

പാഠം ൩൩.

പാഠശാലപ്പറമ്പിൻെറ പ്ലാൻ (പടം).

നാലു് ദിക്കുകളും അറിയേണ്ട വിധം ഇന്നപ്രകാരമെന്ന് മുമ്പ് പഠിച്ചുവല്ലോ. അത് പോലെ വേറെ ഒരു പാഠത്തിൽ ക്ലാസ്സ്മുറിയുടെ ഒരു പടം വരയ്ക്കേണ്ട വിധവും പഠിച്ചു. ആ വിധം ഇപ്പോൾ ഒരു പടം വരയ്ക്കാം. ക്ലാസ്സ്-മുറി വരച്ചിരിക്കുന്ന പടം എടുത്ത് അതിൽ വടക്ക്വശം അടയാളപ്പെടുത്തുക. വടക്ക്വശത്തുള്ള സാമാനങ്ങളെ കാണിച്ചു് മുമ്പ് അടയാളപ്പെടുത്തിയിട്ടുണ്ടല്ലോ. ആ വശം വടക്ക് എന്ന് അടയാളപ്പെടുത്തുക. പിന്നെ മററു് വശങ്ങളേയും അത് പോലെ അടയാളപ്പെടുത്തുക.

കുട്ടികളെക്കൊണ്ടു് ഇത് പോലെ തന്നെ പാഠശാല മുഴുവനും മുമ്പിലത്തെ തോട്ട് കോലുകൊണ്ടളപ്പിച്ചു് നീളം വീതി മുതലായവ കടലാസിൽ വരപ്പിച്ചു.

പാഠശാലയുടെ ആകൃതി ഒരുവിധം വരച്ചപ്പോൾ അതിൽ വടക്ക് കിഴക്ക് മുതലായതും കാണിക്കാൻ പറഞ്ഞു.

ഇതു കുട്ടികൾ നല്ലപോലെ ചെയ്യുമെന്നായപ്പോൾ മുമ്പിലത്തേ തോതു്കോലു്കൊണ്ടു് പള്ളിക്കൂടം ഇരിക്കുന്ന പുരയിടത്തിൻെറ നീളവും വീതിയും അളപ്പിച്ചു. കുട്ടികളിൽ ഓരോരുത്തരും ഓരോ കടലാസിൽ പുരയിടത്തിൻെറ നീളം വീതി വരച്ചു. അതിൽ പാഠശാല നിൽക്കുന്ന ഭാഗം പ്രത്യേകം അടയാളപ്പെടുത്തി. മററുള്ള ഭാഗങ്ങളിൽ അവക്ക് കളിക്കാനുള്ള സ്ഥലം പ്രത്യേകം കാണിച്ചു. ഇങ്ങനെ പുരയിടത്തിനുള്ളിൽ കാണുന്നതെല്ലാം അവർ കടലാസിൽ അടയാളപ്പെടുത്തിക്കൊണ്ടു വന്നു.



പാഠശാലപ്പുറമ്പിൻെറ പ്ലാൻ (പടം, പരിലേഖം).

അതിൽ ഒന്നെടുത്തു്, തോതു്കോലിൻെറ ഒരംശം ഈ പടത്തിൽ എത്ര ദൂരത്തിന്ന് പകരം നില്ക്കുന്നു എന്ന് അദ്ധ്യാപകൻ ചോദിച്ചതിന്ന് ഓരോ അംശവും പത്തു് തോതു്കോലിന്ന് പകരമാണെന്നു് കുട്ടികൾ പറഞ്ഞു. ഇങ്ങനെ പടം വരച്ചതിൽ വലുതായ സ്ഥലങ്ങളെ ചെറിയ

അളവിൽ വരച്ച് കാണിക്കാമെന്ന് അവർ അറിഞ്ഞു് സന്തോഷിച്ചു. അതുപോലെ ചെറിയ സ്ഥലങ്ങളേയും വസ്തുക്കളേയും വലുതായിട്ടും വരക്കാമെന്ന് അവർ മനസ്സിലാക്കി.

പാഠം ൩൩.

രാവും പകലും.

മുമ്പു് ഒരു പാഠത്തിൽ സൂര്യൻ ഉദിക്കുന്ന ദിക്ക് കിഴക്കാണെന്ന് നാം പഠിച്ചു. വേറെ ഒരു പാഠത്തിൽനിന്ന് സൂര്യൻ ഭൂമിയെക്കാൾ വളരെ വലുതാണെന്നും, ഭൂമി തിരിയുന്നു എന്നും നാം അറിഞ്ഞിരിക്കുന്നു.

ഭൂമി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ ഇവയെല്ലാം ഓരോ ഗോളങ്ങൾ ആകുന്നു. ചില ഗോളങ്ങൾ ഭൂമിയെക്കാൾ വലുതും, ചിലത് ഭൂമിയെക്കാൾ ചെറുതും ആകുന്നു. സൂര്യൻ ഇവ എല്ലാററിനേക്കാളും വലിയ ഗോളമാണ്. സൂര്യനെ പ്രദക്ഷിണം ചെയ്തു് മററു് ഗോളങ്ങൾ സഞ്ചരിക്കുന്നു. ഓരോന്നിനും പ്രത്യേകമായ സഞ്ചാരമാർഗ്ഗം ഉണ്ടു്. സൂര്യനെ ചുററിവരുന്നതിന് മററു ഗോളങ്ങൾക്ക് കുറേ സമയം ആവശ്യമുണ്ടു്.

നിങ്ങൾ പഠിക്കുന്ന പള്ളിക്കൂടത്തിനെ ചുററി നിങ്ങൾ എല്ലാവരും ഓടിയാൽ എല്ലാവരും ഒരേസമയത്തു് പുറപ്പെട്ട ദിക്കിലേക്ക് വന്നുചേരുകയില്ലെന്ന് നിങ്ങൾക്ക് അറിയാമല്ലോ. എല്ലാപേരും ഒന്ന് പോലെ വേഗം ഓടിയാൽ ഒരേസമയത്തു് വന്നുചേരാം. എന്നാൽ എല്ലാപേക്കും ഒന്ന്പോലെ ഓടാൻ സാധിക്കയില്ല. അതുകൊണ്ടു് ഓരോരുത്തൻ ഓരോസമയം വന്നുചേരുന്നു.

മേല്പറഞ്ഞതുപോലെ തന്നെ സൂൎയ്യനെ ചുററിവരുന്ന ഗോളങ്ങളുടേയും ഗതി. അവയിൽ ചിലതു് വളരെ വേഗത്തിലും ചിലതു് വളരെ സാവധാനത്തിലും ഓടുന്നു.

എന്നാൽ കുട്ടികൾ ഓടുന്നതുപോലെയല്ല ഗോളങ്ങൾ സൂൎയ്യനെ ചുററിവരുന്നതു്. സ്വല്പം വ്യത്യാസം ഉണ്ടു്. ഒരു കുട്ടി ഓടുമ്പോൾ അവൻെറ മുഖം മുൻഭാഗത്തേക്ക് നോക്കിയിരിക്കുന്നതല്ലാതെ പിൻഭാഗത്തേക്ക് ഒരിക്കലും തിരിയുന്നില്ല. അതുപോലെയല്ല ഭൂമിയുടെ ചലനം.

ഇതിന് ഒരു ഉദാഹരണം പറയാം. റോട്ടിൽ കൂടി ഉരുണ്ടുംകൊണ്ടു് ഭിക്ഷയെടുക്കുന്ന ചില കൂട്ടരെ നിങ്ങൾ കണ്ടിരിക്കാം. അതുപോലെ ചിലർ ദേവാലയങ്ങളുടെ ചുററും ദേവനാമങ്ങൾ ചൊല്ലിക്കൊണ്ടു് ഉരുണ്ടുവരുന്നതും നിങ്ങളിൽ ചിലർ കണ്ടിരിയ്ക്കാൻ ഇടയുണ്ടു്.

ദേവാലയങ്ങളുടെ ചുററും ഉരുണ്ടു്വരുന്നവൻെറ ചലനത്തെ (ഗതി) പോലെയാകുന്നു ഭൂമിയുടെ ചലനം. ദേവാലയത്തെ സൂൎയ്യനായും, ഉരുളുന്നവനെ ഭൂമിയായും വിചാരിക്കാം. ഉരുണ്ടു്പോകുന്നവനെ സൂക്ഷിച്ചാൽ അവന് രണ്ടു്വിധമായ ചലനമുള്ളതായി ബോധപ്പെടും. ഒന്നാമതു് അവൻ അവൻെറ ദേഹത്തെ തിരിക്കുന്നതുതന്നെ. ആദ്യം അവൻ പടിഞ്ഞാറു് തലവെച്ചു് കിഴക്ക് കാൽനീട്ടി തെക്ക്മുഖമായി ചരിഞ്ഞു്കിടക്കുന്നതായി വിചാരിക്കാം. അവൻ ആ സ്ഥലത്തു്തന്നെ കമിഴ്ന്നു് കിടക്കുകയും പിന്നെ വടക്ക് മുഖമായി കിടക്കുകയും പിന്നെ മലൎന്നു് കിടക്കുകയും പിന്നെയും തെക്ക്മുഖമായി കിടക്കുകയും ചെയ്യുന്നതായാൽ അവൻ ആ സ്ഥലം വിട്ടിളകാതെ ഒരു പ്രാവശ്യം തിരിഞ്ഞുവന്നതായി പറയാം. ഇതു് അവൻ അവനെത്തന്നെ ചുററിവരുന്ന ചലനം.

ഈ മനുഷ്യൻ മുമ്പു് കിടന്നതുപോലെ കിടന്നു് വലതു്-

വശമായി ഉരുണ്ടു് പോയാൽ ഓരോപ്രാവശ്യവും തിരിയും- പോൾ അവൻ സ്ഥലം മാറിമാറി വരികയും കുറെ കഴിയും-



പോൾ ദേവാലയത്തിൻെറ കിഴക്ക് ഭാഗത്തിരുന്നവൻ തെക്ക- ഭാഗത്തും, ക്രമേണ പടിഞ്ഞാറു് വശത്തും പിന്നെ വടക്ക്- വശത്തും ഒടുവിൽ താൻ ആദ്യം കിടന്ന കിഴക്ക് ഭാഗത്തും വന്നുചേരും. ഈ മാതിരി ചലനമാകുന്നു രണ്ടാമത്തെ ചലനം.

പാഠം ൨൭.

രാവും പകലും.

(രണ്ടാം ഭാഗം.)

വേറെ ഒരു ഉദാഹരണം കൂടിപ്പറയാം. ഒരു പന്തു് എടുത്തു് അതിൻെറ ഒരു വശത്തു് ഒരു ചുവന്ന നൂൽ കെട്ടി ഒരടയാളം ഉണ്ടാക്കുക. ഈ അടയാളം മേൽഭാഗത്താക്കി വച്ചുകൊണ്ടു് പന്തു് ഉരുട്ടിയാൽ അതു് കുറെ ദൂരം പോകും- പോൾ അടയാളം പലതവണ കീഴിലും വശങ്ങളിലും മുക-

ളിലും മാറിമാറി വരുന്നതു് കാണാം. ഓരോപ്രാവശ്യവും അടയാളം മുകളിൽ വരുമ്പോൾ പന്തു് ഒരുവട്ടം തിരിഞ്ഞു എന്നു് നിശ്ചയിക്കാം. അപ്പോൾ നൂറു് പ്രാവശ്യം അടയാളം മുകളിൽ കണ്ടാൽ പന്തു് നൂറു് പ്രാവശ്യം തിരിഞ്ഞു എന്നത്ഥമായി. അതിനാൽ ദേവാലയത്തെ ചുററി ഉരുളുന്ന ആളിൻെറ മുഖം നൂറു് പ്രാവശ്യം മുകളിൽ കണ്ടാൽ നൂറു് പ്രാവശ്യം അവൻ ഉരുണ്ടതായി വിചാരിക്കാം. ഈ മനുഷ്യൻ ഇങ്ങനെ നൂറു് പ്രാവശ്യം ഉരുളുമ്പോൾ ദേവാലയത്തിൻെറ കിഴക്കുവശത്തു് നിന്നു് തെക്കുവശത്തും അവിടെനിന്നു് പടിഞ്ഞാറു്വശത്തും മുറയ്ക്കു് വടക്കുവശത്തും ഒടുവിൽ പുറപ്പെട്ട ദിക്കായ കിഴക്കുവശത്തും വന്നു് ചേരുന്നു.

ഭൂമിയുടെ ചലനത്തിനു് ഉരുളുന്ന മനുഷ്യൻെറയും പന്തിൻെറയും ചലനംപോലെ രണ്ടു് വിധം ചലനമുണ്ടു്. ഒന്നാമതു്, അതു് തന്നെത്താനെ ചുററുന്നു. രണ്ടാമതു്, തന്നെത്താനെ ചുററുമ്പോൾ സ്ഥലം വിട്ടു് മാറിമാറിപ്പോകയാൽ ആ പോക്കോടുകൂടി സൂര്യനെ പ്രദക്ഷിണം ചെയ്യുന്നു.

ഭൂമി തന്നെത്താനെ ചുററുമ്പോൾ ആകുന്നു നമുക്കു് പകൽ എന്നും രാത്രി എന്നും ഉള്ള ഭേദം അറിയാറാകുന്നതു്. ഇതിനു് ഇനിയും ഒരു ഉദാഹരണം പറയാം:— ദേവാലയത്തെ മുമ്പു് സൂര്യനോടു് ഉപമിച്ചുവല്ലോ; ആ ദേവാലയത്തിനു് ചുററും ഒരുത്തൻ, കിടന്നുരുളുന്നതിനു് പകരം നിന്നുംകൊണ്ടു് ചുററിവരുന്നതായിവിചാരിക്കാം. അങ്ങനെ ചെയ്യുന്നവൻെറ മുഖവും നെഞ്ചും മുൻഭാഗവും ഒരു സമയം ദേവാലയത്തിന്നെതിരിലും, പിന്നെ ഒരു സമയം, അവൻെറ പിൻഭാഗം ദേവാലയത്തിന്നെതിരിലും കാണുന്നു. അവൻെറ മുൻഭാഗം ദേവാലയത്തിൻെറ എതിരായി നില്ക്കുമ്പോൾ അവിടെയുള്ള വിളക്കുകളുടെ വെളിച്ചം അവൻെറ മുഖത്തു് തട്ടി മുഖം പ്രകാശിക്കുന്നു. പിൻവശത്തു്

വെളിച്ചം തട്ടാത്തതിനാൽ പ്രകാശമില്ല. അതുപോലെ അവൻ തിരിയുമ്പോൾ പിൻവശം പ്രകാശിക്കുന്നു. മുഖത്തു് (മുൻഭാഗത്തു്) പ്രകാശമില്ല.



സൂര്യനെ ചുററി ഭൂമി സഞ്ചരിക്കുന്നതു്.

ഇങ്ങനെ തന്നെ ഭൂമി തിരിയുമ്പോൾ ഭൂമിയുടെ ഒരു വശം സൂര്യന്നു് എതിരായിരിക്കുന്നു. ആ വശത്തു് സൂര്യരശ്മികൾ തട്ടുകയും ആ വശം പ്രകാശിക്കയും ചെയ്യുന്നു. മറുവശം പ്രകാശമില്ലാതെ ഇരിക്കുന്നു. ക്രമേണ തിരിയുമ്പോൾ മറുവശം പ്രകാശമുള്ളതായും മുമ്പു് പ്രകാശത്തിലിരുന്ന വശം ഇരുട്ടിലും ആകുന്നു.

ഭൂമി തന്നെത്താനെ ചുററാതെ ഇരുന്നാൽ സൂര്യന്റെ എതിരെ ഇരിക്കുന്ന വശത്തു മാത്രം എല്ലായ്പോഴും പ്രകാശവും മറുവശത്തു് എല്ലായ്പോഴും ഇരുട്ടും ആകുമായിരുന്നു. ഭൂമിയിൽ നാം ഇരിക്കുന്ന ഭാഗം പ്രകാശത്തിൽ വരുമ്പോൾ സൂര്യൻ ഉദിക്കുന്നതായും, ഇരുട്ടിലാകുമ്പോൾ സൂര്യൻ അസ്തമിക്കുന്നതായും നാം പറയുന്നു. പ്രകാശ-

മുള്ള സമയത്തിന് പകൽ എന്നും, ഇരുട്ടുള്ള സമയത്തിന് രാത്രി എന്നും പേർ കൊടുത്തിരിക്കുന്നു. ഒരു പകലും ഒരു രാത്രിയും കൂടുന്നത് ഒരു ദിവസമാകുന്നു. ഇങ്ങനെ ൩൬൫ ദിവസം കൂടുമ്പോൾ ഭൂമി സൂൎയ്യനെ ഒരു പ്രദക്ഷിണം വെയ്ക്കുന്നു. ഈ ൩൬൫ ദിവസം കൂടിയ സമയത്തെ ഒരു സംവത്സരമെന്നും, ഒരു വൎഷമെന്നും, ഒരാണ്ടെന്നും നാം പറയുന്നു.

പാഠം ൩൩.

കാലത്തിലൎദ്ധം നിശയായ് കഴിഞ്ഞുപോം;
ബാലനായ്ത്തന്നേ കുറഞ്ഞോരിടകൾ പോം;

ലീലാവിനോദത്തിലൊട്ടുനാൾ പോയിടും;
ചേലിൽ വിദ്യാഭ്യാസകാലമങ്ങൊട്ടുനാൾ;

കാൎയ്യാദികളിൽ കഴിഞ്ഞുപോമൊട്ടുനാൾ;
ഭാൎയ്യാതനയസുഖങ്ങളിലൊട്ടുനാൾ;

സ്നാനാശനാദിയിലൊട്ടു നേരം പോകും;
ശോകരോഗാദിയിലൊട്ടു കഴിഞ്ഞുപോം.

ഇങ്ങനെ പാൎത്തു കണ്ടീടുന്നതുനേര-
മങ്ങല്പമാത്രം സമയം ലഭിക്കുന്നു.

ഇത്തരമായതു് സത്തുക്കളേവരും
ചിത്തത്തിലോൎത്തോൎത്തു് സൽഗതി നേടുവാൻ,

നാനാജനത്തിനും നന്മകൾ ചെയ്കയും,
നാനാപ്രകാരേണ പുണ്യങ്ങൾ ചെയ്കയും,

നല്ലതു് ചൊല്ലിക്കൊടുക്കയും കേൾക്കയും,
നല്ലതു് ചെയ്കയും ചെയ്യിക്കയും തഥാ,

ഇത്തരം കാലം കഴിക്കുന്നു സന്തതം.
ഇത്തരമായത്ു ചിത്തത്തിലോക്കാതെ,
വൻപരിൽ മുമ്പനായ് ഡംഭാദിദുർഗ്ഗുണ-
സമ്പൂർണ്ണനായ് ഞെളിഞ്ഞീടിൽ ഫലമെന്തോ?

പാഠം ൧൩.

ശുചിത.

നമ്മുടെ ദേഹമാസകലം വ്യാപിച്ചിട്ടുള്ള തൊലിയെ ക്കുറിച്ച് ചില സംഗതികൾ മനസ്സിലാക്കാം. മനുഷ്യദേഹത്തിൻെറ ചില ഭാഗങ്ങളിലുള്ള തൊലിക്ക് കട്ടികൂടിയും ചില ഭാഗങ്ങളിലുള്ളതിന്ന് കട്ടി വളരെ കുറഞ്ഞും ഇരിക്കുന്നു. കുതികാലിലുള്ള മേൽതൊലിക്ക് വളരെ കട്ടിയുണ്ടു്. അതിൽ ചോരയോട്ടം കുറഞ്ഞും ഇരിക്കുന്നു. മറിച്ച്, ഉള്ളംകൈയിലുള്ള തൊലിക്ക് വളരെ കട്ടി കുറയും; രക്തമോട്ടം ധാരാളമുണ്ടു്. ഇതുപോലെ ദേഹത്തിൽ വേറെ ഭാഗങ്ങളിലും തൊലിക്ക് കട്ടി കൂടുതൽക്കുറവുണ്ടു്. തൊലിയിൽ മിക്കദിക്കിലും രോമങ്ങൾ കാണുന്നുണ്ടു്. ചില ദിക്കുകളിൽ തൊലി മടിഞ്ഞുകിടക്കുന്നു. മടിഞ്ഞിരിക്കുന്ന ഭാഗങ്ങളെ നിവൎത്തു് നോക്കിയാൽ മടിപ്പുകളിൽ അഴുക്കുണ്ടെന്നു് കാണാം. ഒരു നല്ല ഭൂതക്കണ്ണാടിയിൽകൂടി നോക്കിയാൽ തൊലിയിൽ അനേകം സൂക്ഷ്മമായ സുഷിരങ്ങൾ ഉണ്ടെന്നറിയാം.

കുട്ടികൾ ഓടിക്കളിക്കുംപോഴും, വേഗം നടക്കുംപോഴും, ചൂടുള്ള വെള്ളം ദേഹത്തിൽ ഒഴിക്കുംപോഴും, ഈ സുഷിരങ്ങളിൽകൂടി ജലരൂപമായ ഒരു വസ്തു വെളിയിൽ വരുന്നു വെയിലുള്ള സ്ഥലത്തു് നിന്നു് വേലചെയ്യുന്ന ആളുകളുടെ ദേഹത്തും മുഖത്തും ഈ ജലരൂപമായ വസ്തു ധാരാളമായി

ഒലിക്കുന്നതു് കാണാം. ഈ ജലത്രൂപമായ വസ്തുവാണു് വിയൎപ്പു് എന്നു് പറയുന്നതു്.





സാധാരണമായി ചുമടെടുക്കുന്ന ആളുകൾ വിയൎത്തൊലിച്ചു് വരുന്നതു് നാമെല്ലാവരും കണ്ടിട്ടുണ്ടല്ലോ. അപ്പോൾ കാററിൽ പറക്കുന്ന പൊടിയും ചെറുജന്തുക്കളും ഈ സ്വേദത്തോടു് ചേൎന്നു് ദേഹത്തിൽ അവിടവിടെ എന്നല്ല, ആസകലം വ്യാപിക്കുന്നു. നാം റോട്ടിൽക്കൂടി നടക്കുമ്പോൾ റോട്ടിലുള്ള പൊടിയും ചളിയും കാലിൽ പററുന്നു. ഇതെല്ലാം ദേഹത്തിൽ തന്നെ ഇരിക്കയാണെങ്കിൽ അടുക്കൽ ചെല്ലാൻ പാടില്ലാത്ത ദുൎഗ്ഗന്ധം ഉണ്ടാകും. എന്നാൽ നാം അതിനു് ഇടകൊടുക്കുന്നില്ല. വെള്ളമൊഴിച്ചു് ദേഹം കഴുകുന്നതിനാൽ ദേഹത്തിലുള്ള അഴുക്കു് മിക്കവാറും പോകുന്നു. ഒരു കച്ചമുണ്ടു് നനച്ചു് അമൎത്തിത്തുടച്ചാൽ ദേഹത്തിലുള്ള അഴുക്കു് മുണ്ടിൽ പററുന്നതു് കാണാം. ദേഹത്തിലുള്ള അഴുക്കു് തേച്ചു കഴുകിക്കളയേണ്ടതു് ആവശ്യമാകുന്നു. അങ്ങനെ ചെയ്യുന്നതുകൊണ്ടു് നാം തൊലിയിലുള്ള ദ്വാരങ്ങൾ അടഞ്ഞുപോകാതെ സൂക്ഷിക്കുന്നു. ദ്വാരങ്ങൾ അടഞ്ഞുപോയാൽ ദേഹത്തിനു് വലിയ സുഖക്കേടു് നേരിടും.

സുഷിരങ്ങളിൽക്കൂടി വിയൎപ്പു് വെളിയിൽ വരുന്നുവെന്നു്

മുമ്പ് പറഞ്ഞുവല്ലോ. ഈ വിയപ്പിൽ മെഴുക്കമയമുള്ള-തായിക്കാണും. ഇത് ദേഹത്തിൻെറ അകത്തുള്ള അഴുക്കാകുന്നു. ഈ അഴുക്ക് ദ്വാരങ്ങളിൽകൂടിവേണം വെളിയിൽ പോകാൻ. മാൎഗ്ഗം അടഞ്ഞുകണ്ടാൽ ഈ അഴുക്ക് തിരിയെ രക്തത്തിൽതന്നെ പ്രവേശിച്ചു ദേഹമാസകലം പരക്കും. ഇത് പലവിധമായ വ്യാധികൾക്ക് കാരണമാകുന്നു ചൊറി, ചിരങ്ങ്, പുഴക്കടി മുതലായ ത്വഗ്രോഗങ്ങൾ ഈ വിധം ഉണ്ടാകുന്നവയാണ്

അതുകൊണ്ടു ദേഹത്തിലേ തൊലി ദിവസംപ്രതി വെള്ളമൊഴിച്ചു തേച്ചു സകലവിധമായ അഴുക്കും മററും കഴുകിക്കളഞ്ഞ ദ്വാരങ്ങളിൽകൂടി തടവുകൂടാതെ വിയപ്പ് വെളിയിൽ വരത്തക്കവണ്ണം വെച്ചിരിക്കണം. കൂടക്കൂടെ സോപ്പോ എണ്ണയോ തേച്ച് കുളിക്കണം. അല്ലെങ്കിൽ തൊലിക്ക് കേടുതൽ സംഭവിക്കും.

ദേഹത്തിൽ വസ്ത്രങ്ങളെക്കൊണ്ടു മറയ്ക്കാറില്ലാത്ത ഭാഗ-ങ്ങളിൽ പൊടി പററുന്നതിന്ന് അധികം ഇടയുണ്ടു. അതിനാൽ മുഖം, കൈ, കാൽ ഇതുകളെ ദിവസംപ്രതി പലപ്രാവശ്യം കഴുകേണ്ടതാകുന്നു.

ദേഹത്തിലെ അഴുക്ക്കളയാൻ ദിവസംപ്രതി കുളി-ക്കണം. ഉടുക്കുന്ന വസ്ത്രങ്ങളും അടിച്ചുനനച്ച് വൃത്തിയാ-ക്കണം. ഇങ്ങനെ ശുചിയായിരുന്നാൽ പല രോഗ-ങ്ങൾക്കും ഇടം കൊടുക്കാതെ കഴിക്കാം എന്ന് മാത്രമല്ല, ഉന്മേഷത്തോടെ ജോലി ചെയ്യുന്നതിന്നും സാധിക്കും.

പാഠം ൩൯.

പലരോടും നിനയാതെയൊരുകാൎയ്യം തുടങ്ങൊല്ലാ;
പണം മോഹിച്ചൊരുത്തനെ ചതിച്ചീടൊല്ലാ.
അറിവുള്ള ജനങ്ങളോടെതിൎപ്പാനും തുടങ്ങൊല്ലാ;
അരചനെ കെട്ടതൊന്നും പറഞ്ഞീടൊല്ലാ.
ഗുരുനാഥനരുൾചെയ്താലെതുവാക്ക് പറകൊല്ലാ;
മരണമുണ്ടെനിക്കെന്നതൊരിക്കലും മറക്കൊല്ലാ.
ആരാന്റെ മുതൽക്കാശ പെരുത്തീടൊല്ലാ;
ആദിത്യനുദിക്കുമ്പോളുറങ്ങീടൊല്ലാ.
അറിവുള്ള ജനം ചൊന്ന വചനത്തെ മറക്കൊല്ലാ;
അറിവില്ലാത്തവർ പിമ്പേ, നടന്നീടൊല്ലാ.
കൊട്ടതായെപ്പൊഴും കോപം കലൎന്നു നീ പറകൊല്ലാ;
കുരളയും വളുതവും പറഞ്ഞീടൊല്ലാ.
വിളഭൂമി കൊടുത്തിട്ടാഭരണങ്ങൾ ചമയ്ക്കൊല്ലാ;
വിവേകം കൈവെടിഞ്ഞൊന്നും നടന്നീടൊല്ലാ.

പാഠം ൩ൻ.

മനുഷ്യശരീരത്തിന്റെ വിഭാഗങ്ങൾ.

മനുഷ്യശരീരത്തിന്ന് പ്രധാനമായി മൂന്ന് ഭാഗങ്ങൾ ഉണ്ട്. ഒന്നാമത്ത് കഴുത്തിന്ന് മീതെയുള്ള തല. രണ്ടാമത്ത് കഴുത്തിന്ന് താഴെ അരവരെയുള്ള ഉടൽ. മൂന്നാമത്ത് കാലുകൾ. ഓരോന്നിനേയും പരിശോധിച്ചാൽ അവയുടെ സ്വഭാവവും ഉപയോഗവും മനസ്സിലാകും.



മനുഷ്യശരീരത്തിന്റെ പടം.

തലയിൽ പ്രധാനഭാഗങ്ങൾ—തലയോട്ട്, നെററി, കണ്ണ്, പുരികം, മൂക്ക്, ചെവി, വായ്, ചുണ്ട്, താടി ഇവയാകുന്നു.



തലയോട്ടിൻെറ പടം.

തലയോട്ട് ഘനവും ഉറപ്പും കട്ടപ്പവും ഉള്ളതാകുന്നു. തലയോട്ട് മുഴുവനും രോമംകൊണ്ട് മൂടിയിരിക്കും. അതിൻെറ മുൻഭാഗമാണ് മുഖം. മുഖത്തിൻെറ മേൽവശം നെററി. അതിന് താഴെ പുരികം. പിന്നെ കണ്ണ്. കണ്ണും പുരികവും രണ്ടുണ്ട്. അത്ര് രണ്ടിൻെറയും മദ്ധ്യേ മൂക്ക് മുഴച്ച് നില്ക്കുന്നു. അതിന് രണ്ട് ദ്വാരമുണ്ട്. മൂക്കിന് താഴെയായി വായിരിക്കുന്നു. വായ്ക്കകത്ത് നാക്കും പല്ലുകളും ഉണ്ട്. തലയുടെ ഇരുവശത്തും ഓരോ കാതുണ്ട്. ഇവ കൂടാതെ രണ്ട് ചെകിടും അതോട്ട് ചേൎന്ന എല്ലുകളും ഉണ്ട്.

തലയ്ക്കുള്ളിൽ തലച്ചോറുണ്ട്. അതിൻെറ രക്ഷയ്ക്കുവേണ്ടിയാണ് തലയോടിന് ഉറപ്പും കട്ടിയും കൊടുത്തിട്ടുള്ളത്. തലരോമം തലയോടിനെ അധികം ചൂട് പിടിപ്പിക്കാതെ

രക്ഷിക്കയും, തല വല്ല ദിക്കിലും തട്ടിയാൽ അധികം മുറി-വേൽക്കാതെ തടുക്കുകയും ചെയ്യുന്നു.

നാം കണ്ണ്കൊണ്ടു് സാധനങ്ങളെ കണ്ടറിയുന്നു. ചെവികൊണ്ടു് ശബ്ദങ്ങളെ കേട്ടറിയുന്നു. മൂക്കുകൊണ്ടു് ഗന്ധം ഗ്രഹിക്കുന്നു. വായ്കൊണ്ടു് ആഹാരം ഭക്ഷിക്കുന്നു. പല്ല്-കൊണ്ടു് ഭക്ഷണസാധനങ്ങളെ കടിച്ച് ചവയ്ക്കുന്നു. നാക്ക്-കൊണ്ടു് രുചി അറിയുന്നു.

തല കഴുത്തിന് മീതെ ഇരിക്കയാൽ നമുക്ക് തലയെ വലത്തോട്ടും ഇടത്തോട്ടും തിരിക്കാം.

കഴുത്തിന് താഴെയായി ഉടലാണെന്ന് മുമ്പ് പറഞ്ഞു-വല്ലോ. ഉടലിൻെറ മേൽഭാഗത്തിൻെറ ഓരോ വശത്ത്-നിന്നും ഓരോ കൈ തൂങ്ങിക്കിടക്കുന്നു. ഓരോ കൈയും നടുവിൽ അകത്തേയ്ക്ക് മടക്കത്തക്കവിധം സൃഷ്ടിച്ചിരിക്കുന്നു. കൈയുടെ കീഴ്ഭാഗം അഞ്ചു് വിരലായി പിരിയുന്നു. വിര-ലുകളേയും മടക്കുകയും നിവിർത്തുകയും ചെയ്യാം.

ഉടലിൻെറ വേറെ മുഖ്യഭാഗങ്ങൾ നെഞ്ചും വയറും പുറവുമാകുന്നു. തൊട്ടുനോക്കിയാൽ നെഞ്ചിൽനിന്ന് ഉറ-പ്പുള്ള എല്ലുകൾ പുറപ്പെട്ട് വളഞ്ഞു് മുതുകിൽ നെട്ടെല്ലിൽ ചെന്ന് ചേരുന്നതായി അറിയാം. ഈ എല്ലുകൾ എല്ലാം കൂടി ഉടലിൻെറ മേൽഭാഗത്തെ ഒരു കൂടുപോലെ ആക്കിയി-രിക്കുന്നു. ഈ കൂട്ടിൻെറ അകത്ത് ഹൃദയവും ശ്വാസസഞ്ചി-കളും ഉണ്ടു്. ഇത്ര ബലമുള്ള കൂടിൻെറ ആവശ്യവും ഇവയെ രക്ഷിക്കാൻ തന്നെ. ഈ കൂട്ടിൻെറ താഴെ വയറു് ആകുന്നു.

ഉടലിന് താഴെയായി നമ്മുടെ കാലുകൾ മാത്രമുണ്ടു്. കാലിൻെറ മേൽഭാഗം വണ്ണം കൂടിയും കീഴ്ഭാഗം വണ്ണം കുറഞ്ഞും പാദം നിലത്ത് ബലമായി നിൽക്കത്തക്കവണ്ണം പരന്നും ഇരിക്കുന്നു. ഓരോ പാദത്തിൽ അഞ്ചുവിരലു-കളുമുണ്ടു്.

ആടിൻെറ ഹൃദയം (രക്തകോശം).



ശ്വാസകോശം.

നെഞ്ചിൽ എല്ലു് കൊണ്ടുള്ള കൂട്ടിനകത്തു് ഹൃദയം ഉള്ളതായി മുമ്പു് പറഞ്ഞുവല്ലോ. ഹൃദയത്തിൽനിന്നാകുന്നു മനുഷ്യശരീരത്തിൽ എല്ലാഭാഗത്തിലേയ്ക്കും ചോര ഓടുന്നതു്. ചോരയോട്ടം ഇല്ലാതാകുമ്പോൾ മനുഷ്യൻ മരിക്കും.

വെളിയിലുള്ള വായുവിനെ നാം സദാ ഉള്ളിലേയ്ക്കു് വലിക്കുകയും വെളിയിലേക്ക് വിടുകയും ചെയ്യുന്നു. നാം ശ്വസിക്കുന്ന വായു ശ്വാസസഞ്ചികളിൽ ചെന്നുചേരുന്നു.

നാം ഭുജിക്കുന്ന ആഹാരം വയററിൽ ചെന്നു് ചേർന്നാൽ അതു് അവിടെ ദഹിക്കുന്നു. ദഹിച്ചു്, ദേഹത്തെ പോഷിപ്പിക്കാൻ ആവശ്യമുള്ള ഭാഗങ്ങൾ രക്തത്തോടു് ചേർന്നു് ദേഹമാസകലം പരക്കുന്നു. ആവശ്യമില്ലാത്തതായ സാധനങ്ങൾ നമ്മുടെ ശരീരത്തിൽനിന്നു് മലമായും മൂത്രമായും വെളിയിൽ പോകുന്നു.

വയറും കുടലും.

നമ്മുടെ കാൽകൊണ്ടാണു നാം നടക്കുന്നതെന്നു നമു-ക്കെല്ലാവൎക്കും അറിയാമല്ലോ.

പാഠം ൩൦.

ഗൃഹം.

ഗൃഹം എന്നു പറയുന്നതു മനുഷ്യർ താമസിക്കുന്ന സ്ഥല-ത്തിനാകുന്നു. അതു പല മാതിരിയിലും പല വലുപ്പ-ത്തിലും ഉണ്ടു. രാജാക്കന്മാർ താമസിക്കുന്ന അരമനകളും അപരിഷ്കൃതരായ കാട്ടാളർ താമസിക്കുന്ന കുടിലുകളും ഗൃഹ-ങ്ങൾ തന്നെ.

സാധാരണ ജോലി ചെയ്ത് നിത്യവൃത്തി കഴിച്ചുപോരുന്ന ജനങ്ങൾ താമസിക്കുന്ന വീടിന്ന് രണ്ടോ മൂന്നോ മുറികളും ഒരു വരാന്തയും മുറികൾക്ക് വാതിൽ, ജന്നൽ (കിളിവാതിൽ) മുതലായവയും കാണും. ചുവര് മണ്ണ് കുഴച്ചു വെച്ചും, വെട്ടുകല്ല്, ഇഷ്ടിക മുതലായതുകൊണ്ട് കെട്ടിയും ഉണ്ടാക്കാറുണ്ട്. ചില വീടുകളിൽ ചുവര് കുമ്മായം തേച്ചു മിനുക്കിക്കാണും. മററു ചിലതിൽ കുമ്മായത്തിന്ന് പകരം ചുവന്ന പശിമയുള്ള മൺ കുഴച്ച് തേച്ച് മേനി വരുത്തിയിരിക്കും.

വീടിന്ന് വലുപ്പത്തിന്ന് ചേൎന്ന വാതിലുകളും ജനലുകളും ഉണ്ടായിരിക്കണം. ശുദ്ധവായുവിന്ന് അകത്ത് കടന്ന് സഞ്ചരിക്കുന്നതിന്ന് തടവു കൂടാതെ വേണം വാതിലും ജന്നലും ഉണ്ടാക്കുന്നത്. വാതിലിൽക്കൂടി നാം അകത്ത് കയറുകയും വെളിയിൽ ഇറങ്ങുകയും ചെയ്യുന്നു. കിളിവാതിലുകൾ വായുവിന്നും വെളിച്ചത്തിന്നും സഞ്ചരിക്കാനാകുന്നു. വീടുകൾക്ക് ധാരാളം വാതിലും ജന്നലും ഇല്ലാതിരുന്നാൽ എല്ലാ ഇടവും ഇരുട്ടടഞ്ഞുപോകും. ദുൎവ്വായുക്കൾ അധികപ്പെട്ട് വീട്ടുകാൎക്ക് രോഗങ്ങളും ഉണ്ടാകും.

വീട്ടിൻെറ തറ പൊടിയിളകാതെ അടിച്ചും ഒതുക്കി മിനുസപ്പെടുത്തിയിരിക്കണം.

മഴ നനയാതേയും വെയിൽ കൊള്ളാതേയും ഇരിക്കുന്നതിന്ന് മേൽക്കൂര ആവശ്യമുണ്ട്. അത് മുളകൊണ്ടും തടികൊണ്ടും പണിയാം. മുളകൊണ്ട് പണിതാൽ അധികം കാലം നില്ക്കയില്ല. മരംകൊണ്ടുണ്ടാക്കിയാൽ വളരെക്കാലം നില്ക്കും. പാവപ്പെട്ടവർ ഓലകൊണ്ടും വൎത്തകന്മാർ ഓട് കൊണ്ടും വീട് മേയുന്നു. ഓലയായാൽ ആണ്ടുതോറും മാറിമേയണം. ഓടിന്ന് അത് വേണ്ട.

ഒരു വീടുണ്ടാക്കിയാൽ പിന്നെ വേണ്ടത് അത് വൃത്തി-

കുന്നു എന്നും മററും കുട്ടികൾ അവരവർ കണ്ടതിനെ പറഞ്ഞു.

അവിടെനിന്നു് ആറു് കടന്നു് മറുകരയ്ക്കു് പോകാം എന്നു് അദ്ധ്യാപകൻ നിയോഗിച്ചു. ഏതിലേ കൂടി ഇറങ്ങേണ്ടു? എന്നു് ഒരു കുട്ടി ചോദിച്ചു. വേറൊരു കുട്ടി അവർ നില്ക്കുന്ന സ്ഥലത്തിനു് അല്പം മുകളിലായിട്ടു് ആളുകൾ ഇറങ്ങിക്കടക്കുന്ന സ്ഥലമുണ്ടെന്നും, അതു് തനിക്കു് അറിയാമെന്നും, അതിലേ കൂടി ആറു് കടക്കാമെന്നും പറഞ്ഞു. എല്ലാവരും അവിടേയ്ക്കു് പോയി. ആററിൽ ഇറങ്ങേണ്ടുന്ന വഴി ഇടുങ്ങിയതും ചളിയുള്ളതും ആണെന്നു് കണ്ടു. അതിലേ കൂടി നടന്നു് അവർ ആററിൻെറ കരയിൽ വന്നുനോക്കി.

ആററിലുള്ള വെള്ളം നന്നായി തെളിഞ്ഞിരുന്നു. വെള്ളത്തിനടിയിലുള്ള മണൽ നല്ലവണ്ണം കാണാമായിരുന്നു. ക്ലാസിലുള്ള കുട്ടികളിൽ കിളരം കൂടിയ കുട്ടി ഇറങ്ങി വെള്ളത്തിൽ കൂടി നടന്നു് ഒരു ദിക്കിലും മുട്ടിനു് മീതേ വെള്ളമില്ലെന്നു് കാണിച്ചു. ഉടനേ മററുള്ള കുട്ടികളും അദ്ധ്യാപകനും ഇറങ്ങി, നടന്നു് മണലിൽ കയറി. ആ മണൽപ്പുറം പരന്നു് കിടക്കുന്നു എന്നും, അതു് ആററിൻെറ മറുകരവരെ ഉണ്ടെന്നും, അവർ നോക്കിപ്പറഞ്ഞു. ആ മണൽ ആററിൽ കൂടി വന്നതാണെന്നും, വീടുപണിക്കു് ഉപയോഗമുണ്ടെന്നും ചിലർ അഭിപ്രായപ്പെട്ടു. മണൽത്തിട്ട കടന്നു് അവരെല്ലാവരും അക്കര കേറി. ആററിൻെറ കരററത്തു് മാത്രം കുറെ വെള്ളമുണ്ടായിരിക്കാനും മററു ഭാഗങ്ങളിൽ മണൽ നിറഞ്ഞുപോകാനും കാരണമെന്തെന്നു് അദ്ധ്യാപകൻ ചോദിച്ചപ്പോൾ വേനലാകകൊണ്ടു് വെള്ളം കുറവാണെന്നു് ഒരു കുട്ടി പറഞ്ഞു.

അവർ മറുകരയിൽ കയറി ആററിൻെറ കരയുടെ സമീപത്തു് ഇടത്തോട്ടു് പോകുന്ന ഒരു റോട്ടിൽ കൂടി നടന്നു.

ഈ റോട്ടിൽ കൂടി പോകുമ്പോൾ രണ്ടു് വശത്തും വൃക്ഷങ്ങൾ വെച്ച് പിടിപ്പിച്ചിരിക്കുന്നതിനാൽ റോട്ടിൽ വെയിലില്ലെന്ന് രാമകൃഷ്ണനും, ഉള്ള വെയിൽ മുഖത്ത് കൊള്ളുന്നതിനാൽ അവർ കിഴക്കോട്ട് പോകയാകുന്നു എന്ന് മാധവനും, റോട്ടിൻെറ ഇടത്തുവശത്തുള്ള വയലുകളിൽ വെള്ളം കുറെ ഉണ്ടെന്ന് ശിവശങ്കരനും, വലത്തുവശത്തുള്ള വയലുകൾ ഉണങ്ങിക്കിടക്കുന്നു എന്ന് കൃഷ്ണസ്വാമിയും, അവർ മുമ്പോട്ട് പോകുംതോറും കാലിന് വേദന ഉണ്ടാകുന്നു എന്ന് ബാലകൃഷ്ണനും, കാലിന് വേദന തോന്നുന്നത് അവർ ക്രമേണ ഉയൎന്നുവരുന്ന സ്ഥലത്തേയ്ക്ക് പോകുന്നത്കൊണ്ടാണെന്ന് വീരബാഹുവും, അവിടെനിന്ന് നോക്കിയാൽ ആറു് വളരെ താഴ്ന്നു് കിടക്കുന്നു എന്ന് ജോസഫും, ആററിൻെറ മണൽത്തിട്ടയിൽ കൂടെ നടക്കുന്ന ആൾ വളരെ കിളരം കുറഞ്ഞവനേപ്പോലെ തോന്നുന്നു എന്ന് നാരായണപ്രഭുവും, പറഞ്ഞു. ഇത്രയുമായപ്പോൾ അവർ ആ ഉയൎന്ന സ്ഥലത്തിലുള്ള ഒരു തോപ്പിൽ എത്തി. അവിടെ തെങ്ങും, കമുകും, പിലാവും, മാവും, മധുരഫലങ്ങൾ ഉണ്ടാകുന്ന ചില ചെടികളും വളരെ സുഗന്ധമുള്ള പുഷ്പങ്ങളോടു കൂടി വേറെ ചില ചെടികളും കണ്ടു. അവർ തോട്ടക്കാരനോട് ചോദിച്ച് വളരെ ശോഭയും വാസനയുമുള്ള ചില പൂക്കൾ വാങ്ങിയുംകൊണ്ടു് തോട്ടത്തിന് മറുവശമുള്ള വഴിയിൽ കൂടിയിറങ്ങി പിന്നെയും ആററിൻെറ കരയിൽ വന്നു. ഇറങ്ങിവന്ന വഴി തൂക്കായിരിക്കുന്നു; സൂക്ഷിച്ചു് ഇറങ്ങിയില്ലെങ്കിൽ ഉരുണ്ടുവീഴാൻ ഇടയുണ്ടു്; വഴിയുടെ ഇരുവശവും വളരേ താഴ്ചയാണ്; താഴ്ന്ന സ്ഥലങ്ങളിൽ മുൾച്ചെടികളും വള്ളികളും വളൎന്നുകിടക്കുന്നു എന്നെല്ലാം അവർ കണ്ടറിഞ്ഞു. കര ഇടിഞ്ഞ ദിക്കുകളിൽ മഴക്കാലത്തു് വെള്ളം കേറുമെന്നും, വെള്ളത്തിൽക്കൂടി വരുന്ന എക്കൽ അവിടെ

അടിയുമെന്നും, അതുകൊണ്ടാണ് വൃക്ഷങ്ങൾ ഫലപുഷ്ടിയുള്ളവയായി കാണുന്നതെന്നും അവർ പറഞ്ഞുംകൊണ്ടു് ആറ് കടന്നു. പിന്നെ അവർ ഒരു ഊടുവഴിയിൽക്കൂടി നടന്ന് വെയിൽ കൊള്ളാതെ അവരുടെ വലത്തു് വശത്തുള്ള അഞ്ചലാഫീസും പോലീസ്സ്റ്റേഷനും കടന്ന് സ്കൂളിൽ വന്നുചേർന്നു.